2022 മാർച്ച് പുസ്തകം 13 ലക്കം 03 പേജ് 40 ISSN 0970 - 0579 വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ

**ത്രിതല നാളികേര കർഷക കൂട്ടായ്മകളുടെ പ്രവർത്തനം നൂതനം, മാതൃകാപരം: ഡോ. ലിഖി**

**നന്ദഗോപാലിന്റെ സമ്മിശ്ര നാളികേര തോപ്പ്**



# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 13 ലക്കം 03

2022 മാർച്ച്

കൊച്ചി – 11



**ഉപദേശകസമിതി**

**ചെയർമാൻ**

ശ്രീ. രാജ്ബീർ സിംഗ് ഐഎഫ്എസ്

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ശ്രീ. രാജീവ് ഭൂഷൺ പ്രസാദ്

*(ഇൻ ചാർജ്)*

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. മിനി മാത്യു

**ഡെപ്യൂട്ടി എഡിറ്റർ**

ആബെ ജേക്കബ്



**നാളികേര വികസന ബോർഡ്**

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം,
ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി – 682 011.

ഫോൺ : 0484 – 2377266, 2377267, 2376553, 2375266, 2376265 ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ



തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.


## നാളികേര വികസന ബോർഡ്


**കേര**കൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി 1979 – ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.



*Printed and published by Mini Mathew, Publicity Officer*
*on behalf of Coconut Development Board, Kochi-682 011*
*Printed at M/s KBPS, Kakkanad, Kochi-30*


# ഉള്ളടക്കം



04  ചെയർമാന്റെ സന്ദേശം

05  ത്രിതല നാളികേര കർഷക കൂട്ടായ്മകളുടെ പ്രവർത്തനം നൂതനം, മാതൃകാപരം: ഡോ. ലിഖി


06  നന്ദഗോപാലിന്റെ സമ്മിശ്ര നാളികേര തോപ്പ്
മാത്യു എ.സി., സുബ്രഹ്മണ്യൻ പി., തമ്പാൻ സി.

10  തെങ്ങിൻ തോട്ടങ്ങളിൽ വീണ്ടും വാനിലസുഗന്ധം
ഡോ.കെഎം പ്രകാശ്, ഡോ.പിഎസ് മനോജ്, ഡോ.പി രാധാകൃഷ്ണൻ

12  മറവിയിൽ നിന്നൊരു മരച്ചക്ക് മുരളുന്നു
മുരളീധരൻ തഴക്കര

18  പവിഴദ്വീപിലെ നാളികേര കാഴ്ചകൾ
ദീപ്തി ആർ


20  വല്ലവും വല്ലിയും പിന്നെ ചെല്ലവും
എഴുമാവിൽ രവീന്ദ്രനാഥ്


22  കളയേണ്ടതല്ല കറിവേപ്പില
ബേബി ജോസഫ്

33  തെങ്ങിൻ തോപ്പിൽ ഏപ്രിൽ മാസത്തിലെ കൃഷിപ്പണികൾ
സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

കുരുത്തോലപ്പന്തൽ 23


വാർത്തകൾ 28

കമ്പോളം 36


കേരപാചകം 38


# ചെയർമാന്റെ സന്ദേശം

പ്രിയ നാളികേര കർഷകരെ,



കൃഷിയാണ് ഏറ്റവും വിവേകമുള്ള പ്രവൃത്തി. കാരണം, ഒടുവിൽ യഥാർത്ഥ സമ്പത്തും നല്ല ഗുണപാഠവും സന്തോഷവും അത് നമുക്കു നൽകുന്നു. ഇത് തോമസ് ജെഫേഴ്സൺ 1787 -ൽ കുറിച്ച വാക്കുകളാണ്. പക്ഷെ ഈ വാക്കുകൾ ഇപ്പോഴും സത്യമാണ്. കൃഷി നമ്മെ പ്രകൃതിയോട് കൂടുതൽ അടുപ്പിക്കുന്നു, ശരീരത്തെയും ആത്മാവിനെയും പരിപോഷിപ്പിക്കുന്നു. ആരോഗ്യം വളർത്തുന്നു, പ്രകൃതിയിലെ കോടിക്കണക്കിന് ജീവികൾക്ക് കരുതലാകുന്നു. അത് നമ്മെ ക്ഷമയും പ്രകൃതിയുടെ താളവും പഠിപ്പിക്കുന്നു. എന്തെന്നാൽ ആർക്കും തിരക്കിട്ട് ഒന്നും വിളയിക്കാൻ സാധിക്കില്ല. വ്യാവസായിക കാഴ്ച്ചപ്പാടിൽ മാന്ദ്യമോ മഹാമാരിയോ ദുരന്തമോ ബാധിക്കാത്ത ഏക മേഖലയും കൃഷി മാത്രം.

ജീവസന്ധാരണത്തിന് അത്യന്താപേക്ഷിതമാണ് ഭക്ഷണം. കടന്നുപോകുന്ന ഓരോ ദിവസവും ഭക്ഷണത്തിന്റെ പ്രസക്തി ഓർമ്മിപ്പിക്കുകയാണ്. ഗുണനിലവാരത്തിൽ മാത്രമല്ല, അത് ഉൽപാദിപ്പിക്കപ്പെടുന്ന ഉപാധിയുടെയും സുസ്ഥിരത, അതായത് ഭക്ഷ്യോത്പാദനത്തിനായി അധ്വാനിക്കുന്ന കൃഷിക്കാരുടെയും അതിന്റെ ഉൽപാദനം നടക്കുന്ന പരിസ്ഥിതിയുടെയും കൂടി സുസ്ഥിരത കണക്കിലെടുക്കണം. എന്നാൽ ഇന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ വിപത്തുകൾ കൃഷിക്കാരന്റെ മുന്നിലുണ്ട്. പ്രളയങ്ങൾ, ചുഴലി കൊടുംകാറ്റുകൾ, വരൾച്ചകൾ, നവാഗതരായ എൽനീനോ, ലാനീന ഉൾപ്പെടെയുള്ളവ ഒരോ ചുവടു വയ്പ്പിലും കൃഷിക്കാരനെ അശക്തനാക്കുകയും ഗുണനിലവാരമുള്ള കാർഷികവിളകളുടെ ഉൽപാദനത്തെ തടസപ്പെടുത്തുകയും ചെയ്യുന്നു. കൃഷിയിൽ വീണ്ടുവിചാരത്തിനും തിരിച്ചുവരവിനും, നിലവാരമുള്ള ഉൽപാദനത്തിലേയ്ക്കു നയിക്കുന്ന നയപരിപാടികളുമായി കൃഷിക്കാരെ സഹായിക്കുന്നതിനും സമയമായിരിക്കുന്നു. കാരണം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ കനത്ത പ്രഹരമേൽപ്പിക്കുന്നത് കൃഷി ഉപജീവന മർഗ്ഗമാക്കിയ പാവപ്പെട്ട, നാമമാത്ര കൃഷിക്കാരെയാണ്. ആധുനിക സാങ്കേതിക വിദ്യകളും പുതിയ ശീലങ്ങളും കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകട സാധ്യതകൾ ലഘൂകരിക്കാൻ ഒരു പരിധി വരെ സഹായകരമായേക്കാം. എന്നിരുന്നാലും കൃഷിയെ കൂടുതൽ സുസ്ഥിരമാക്കുന്നതിനുള്ള നയപരിപാടികൾ രൂപീകരിക്കാനും നടപ്പിലാക്കാനും ഇന്ത്യ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

കാലാവസ്ഥാസൗഹൃദ കൃഷിക്ക് ഏറ്റവും യോജിച്ച വിളയാണ് നാളികേരം. സഹവാസ വിളകളുടെയും പശുപരിപാലനം, കോഴിവളർത്തൽ, മത്സ്യം വളർത്തൽ തുടങ്ങിയ കൂട്ടായ്മയുടെയും നേതൃസ്ഥാനത്താണ് അത്. മണ്ണിൽ നിന്നു സ്വീകരിക്കുന്ന ക്ലേദത്തിനു പകരം പലതും പലിശ സഹിതം അതു മണ്ണിലേയ്ക്കു മടക്കി നൽകുന്നു. അനേകായിരം സൂക്ഷ്മ ജീവികൾക്കും പ്രാണികൾക്കും അത് മണ്ണിൽ സുരക്ഷിത താവളം ഒരുക്കുന്നു. മികച്ച ഒരു വിളയിൽ ആധുനിക സാങ്കേതിക വിദ്യയും പുത്തൻ ശീലങ്ങളും കൂടി ഏകോപിപ്പിച്ചാൽ നിലവിലുള്ള രീതികളെ അത് അടിമുടി മാറ്റും, മികച്ച കാർഷിക വ്യവസായമാക്കും.

ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും നിർണായക വളർച്ച നേടുന്നതിന് ബോർഡ് അതിന്റെ ആരംഭം മുതൽ നടത്തിയ തുടർച്ചയായ പരിശ്രമങ്ങൾ നാളികേര ഉൽപാദനത്തിൽ ഇന്ത്യയെ ആഗോള നേതൃത്വത്തിലെത്തിച്ചു. നാളികേര മേഖലയുടെ മുഴുവൻ ആവാസ വ്യവസ്ഥയിലും വികസന നയങ്ങൾ നടപ്പാക്കിയപ്പോൾ പുതിയ സംരംഭകരും സംസ്കരണ യൂണിറ്റുകളും ഈ മേഖലയിലേക്ക് കടന്നുവന്നു, 15 ശതമാനം അധിക സംസ്കരണ ശേഷിയോടെ. അത്യധികം ഉത്സാഹത്തോടെ രാജ്യത്തു വികസിച്ചു വരുന്ന നവസംരംഭക കാലാവസ്ഥയും നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ പോലുള്ള നൂതന സാങ്കേതിക വിദ്യകളും യന്ത്രവത്ക്കരണം വർധിപ്പിക്കാനുള്ള പരിഹാരമാർഗ്ഗങ്ങളും ഫലപ്രദമായ ചരക്കു നീക്കവും മെച്ചപ്പെട്ട വിതരണ ശ്രുംഖലയും വിപുലമായ വിപണി പ്രാപ്യതയും ലഭ്യമാക്കും.

കൃഷിക്കാരും വ്യവസായികളും ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഉപജീവനസുരക്ഷയും സാമൂഹ്യ സുരക്ഷിതത്വവും വാഗ്ദാനം ചെയ്യുന്ന ഊർജ്ജസ്വലമായ നാളികേര മേഖലയെ വികസിപ്പിക്കുന്നതിനായി നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം.

രാജ്ബീർ സിംഗ് ഐഎഫ്എസ്

ചെയർമാൻ

# ത്രിതല നാളികേര കർഷക കൂട്ടായ്മകളുടെ പ്രവർത്തനം നൂതനം, മാതൃകാപരം: ഡോ. അഭിലാഷ് ലിഖി

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി**



കേരളത്തിലെ നാളികേര മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന കേരകർഷകരുടെ ത്രിതല കൂട്ടായ്മകൾ നൂതനവും മാതൃകാപരവുമായ സംവിധാനമാണെന്ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ഡോ. അഭിലാക്ഷ് ലിഖി പ്രസ്താവിച്ചു. ഈ മാതൃക മറ്റ് മേഖലകളിലും പരീക്ഷിക്കാവുന്നതാണ് എന്നും ഡോ.ലിഖി തുടർന്നു. കേരളത്തിലെ കേരകർഷക കൂട്ടായ്മകളുടെ പ്രവർത്തനം നേരിൽ കണ്ടു വിലയിരുത്തുന്നതിന് എത്തിയതായിരുന്നു അഡീഷണൽ സെക്രട്ടറി.

ഇതിന്റെ ഭാഗമായി മാർച്ച് 8 ന് രാവിലെ നെടുമ്പാശേരിയിലെത്തിയ അദ്ദേഹം ആലപ്പുഴ ജില്ലയിലെ എഴുപുന്നയിലാണ് ആദ്യ സന്ദർശനം നടത്തിയത്. ബോർഡ് സെക്രട്ടറി ആർ മധു, ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ദീപ്തി നായർ, അസിസ്റ്റന്റ് ഡയറക്ടർമാരായ കെഎസ് സെബാസ്റ്റ്യൻ, പ്രമോദ് കുര്യൻ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു.

എഴുപുന്നയിൽ തീരദേശ നാളികേര ഉത്പാദക സംഘത്തിലെ അംഗങ്ങളായ കൃഷിക്കാരെ സന്ദർശിച്ച് ഡോ. ലിഖി അവരുമായി സംവദിക്കുകയും അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും ചെയ്തു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ പ്രവർത്തനവും അദ്ദേഹം നേരിട്ട് കണ്ട് വിലയിരുത്തി. കഴിഞ്ഞ ഏഴു വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന അൽഫോൺസ എന്ന വനിതാ ചങ്ങാതി തെങ്ങിൽ കയറി മണ്ട വൃത്തിയാക്കുകയും നാളികേരത്തിന്റെ വിളവെടുപ്പു നടത്തുകയും ചെയ്തത് അഡീഷണൽ സെക്രട്ടറിക്ക് അത്ഭുത കാഴ്ച്ചയായി.

തുടർന്ന് ഫെഡറേഷൻ പ്രസിഡന്റ് ഡോ. ശ്രീകണ്ഠൻ തമ്പിയുടെ വസതിയിൽ ചേർന്ന കർഷക കൂട്ടായ്മയിൽ തീരദേശ നാളികേര ഉത്പാദക ഫെഡറേഷനിലെ അംഗങ്ങൾ അവരുടെ പ്രശ്നങ്ങൾ ഡോ. ലിഖിയുമായി പങ്കുവച്ചു. പ്രസിഡന്റ് ഡോ. ശ്രീകണ്ഠൻ തമ്പി അധ്യക്ഷനായിരുന്നു. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ അദ്ദേഹം ഹ്രസ്വമായി വിശദീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയം അനുസരിച്ച് ഉൽപാദക കമ്പനികൾ രൂപീകരിക്കാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട് എന്നും ഇപ്പോൾ 300 കർഷകർ ചേർന്നാൽ കമ്പനി രൂപീകരിക്കാനുള്ള സാഹചര്യം നിലവിലുണ്ട് എന്നും ഡോ. ലിഖി വിശദീകരിച്ചു. പുതിയ മാനദണ്ഡപ്രകാരം തീരദേശ ഫെഡറേഷനെ നാളികേര ഉൽപാദക കമ്പനിയാക്കി ഉയർത്താൻ സഹായിക്കാം എന്ന് അദ്ദേഹം കൃഷിക്കാർക്ക് വാക്കു നൽകി. നാളികേരത്തിന്റെ മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലേയ്ക്കും വിപണനത്തിലേയ്ക്കും കൂട്ടായ്മ മുന്നിട്ടിറങ്ങണം എന്ന് അദ്ദേഹം കൃഷിക്കാരെ ആഹ്വാനം ചെയ്തു. ഫെഡറേഷനിലെ 30 നാളികേര കർഷകർ യോഗത്തിൽ പങ്കെടുത്തു.





നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥരെ കൂടാതെ കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ക്വാറന്റൈൻ ഓഫീസ്, ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംങ് ഇൻസ്പെക്ഷൻ, കാഷ്യു ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഡോ. ലിഖിയെ അനുയാത്ര ചെയ്തിരുന്നു. ഉച്ചകഴിഞ്ഞ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എംഐഡിഎച്ച് പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് നാളികേര വികസന ബോർഡിൽ ചേർന്ന അവലേകനയോഗത്തിലും ഡോ. ലിഖി പങ്കെടുത്തു.. ■

# നന്ദഗോപാലിന്റെ സമ്മിശ്ര നാളികേര തോപ്പ്

**മാത്യു എ.സി., സുബ്രഹ്മണ്യൻ പി., തമ്പാൻ സി.**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്

**കേരാധിഷ്ഠിത സമ്മിശ്ര കൃഷിയിലൂടെ ഉൽപാദന വർദ്ധനയും ഉയർന്ന വരുമാനവും ഉറപ്പാക്കുന്ന പൊള്ളാച്ചി, ആനമലയിലെ ആർ നന്ദഗോപാൽ എന്ന കേരകർഷകന്റെ വിജയ കഥ**



പൊള്ളാച്ചി ജില്ലയിൽ ആനമലക്കു സമീപം പാവക്കളത്തെ കേര കർഷകനാണ് ആർ. നന്ദഗോപാൽ. അദ്ദേഹവും ഭാര്യ സബിതയും മക്കളും അടങ്ങുന്ന കുടുംബത്തിന്റെ ഏക വരുമാനമാർഗ്ഗവും ഈ കൃഷിയിടം തന്നെയാണ്. ബിബിഎ ബിരുദ ധാരിയായ നന്ദഗോപാലിന് ഇപ്പോൾ 50 വയസുണ്ട്. 25 വർഷം മുമ്പാണ് അദ്ദേഹം കൃഷി, മുഴുവൻസമയ തൊഴിലായി സ്വീകരിക്കുന്നത്. കൃഷി കാര്യങ്ങളിൽ ഏറെ താൽപര്യമുള്ള അദ്ദേഹത്തിന്റെ പത്നിയും ഒപ്പമുണ്ട്.

പതിനൊന്ന് ഏക്കർ വിസ്തൃതിയുള്ള കൃഷിയിടത്തിലെ പ്രധാന വിള തെങ്ങു തന്നെ. 30 വർഷം പ്രായമുള്ള 650 തെങ്ങുകൾ. എല്ലാം പശ്ചിമ തീര നെടിയ ഇനം. തെങ്ങു കൂടാതെ 550 ജാതിയും, 2400 കവുങ്ങുമാണ് സമ്മിശ്ര കൃഷിയിലെ മറ്റു പ്രധാന വിളകൾ. ജാതിമരങ്ങൾ 13 വർഷമായതാണെങ്കിലും എല്ലാം കായ്ചു തുടങ്ങിയില്ല. കാരണം കായ്ഫലം കൂട്ടുന്നതിന് രണ്ടു വർഷം മുമ്പ് അദ്ദേഹം കുറെ മരങ്ങളിൽ മേലൊട്ടിക്കൽ (ടോപ്പ് വർക്കിംങ്) നടത്തുകയുണ്ടായി.

തെങ്ങിന് ഇടവിളയായി കൃഷി ചെയ്യാവുന്ന വിളയല്ല കവുങ്ങ് എന്ന് നന്നായി അറിയാമെങ്കിലും തേങ്ങയുടെ വിലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ് കവുങ്ങ് കൃഷിക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇടവിളയായി പരിപാലിക്കുന്ന 2400 കവുങ്ങുകളിൽ 350 എണ്ണം മാത്രമാണ് കായ്ക്കുവാൻ തുടങ്ങിയത്. കുറെ തെങ്ങുകളിൽ കുരുമുളകു കൃഷിയും ചെയ്തിട്ടുണ്ട്. വിവിധ ഇനം പച്ചക്കറി, പപ്പായ പോലുള്ള പഴവർഗ്ഗങ്ങൾ എന്നിവയും ചെറിയ തോതിൽ കൃഷി ചെയ്യുന്നു.

### സമ്മിശ്ര കൃഷി

കാലി വളർത്തൽ കൂടി ഉൾപ്പെടുത്തിയുള്ള സമ്മിശ്ര കൃഷി രീതി അവലംബിച്ചതു കൊണ്ടു മാത്രമാണ് തന്റെ കൃഷി ലാഭകരമാക്കുവാൻ സാധിച്ചതെന്നാണ് നന്ദഗോപാലിന്റെ വിശ്വാസം. സഹിവാൾ ഇനത്തിൽപ്പെട്ട ആറു പശുക്കളാണ് അദ്ദേഹത്തിനുള്ളത്. മൂന്നെണ്ണം കറവയുള്ളത്. തെങ്ങിൻ തോപ്പിൽ ഇടവിളയായി സിഒ 5 ഇനം തീറ്റപ്പുല്ലും കൃഷി ചെയ്തിട്ടുണ്ട്. ഇതാണ് പശുക്കളുടെ മുഖ്യ ആഹാരം. പശുക്കളിൽ നിന്നും കിട്ടുന്ന ചാണകം കൃഷിയിടത്തിൽ ആവശ്യമായ ജൈവവളത്തിന്റെ മുഖ്യ വിഹിതമാണ്.

### സംയോജിത വളപ്രയോഗം

കൃഷിയിടത്തിലുള്ള വിളകളുടെ ഉൽപാദന സ്ഥിരതയ്

ക്ക് സംയോജിത വളപ്രയോഗം അത്യന്താപേക്ഷിതമാണെന്ന് അറിവുള്ള ആളാണ് നന്ദഗോപാൽ. രാസ വളങ്ങൾക്കും ജൈവവളങ്ങൾക്കും ഒപ്പം മണ്ണിന്റെ ഫലപുഷ്ടി കൂട്ടുന്നതിനുതകുന്ന സൂക്ഷ്മ ജീവികളേയും ഇതിനായി അദ്ദേഹം ആശ്രയിക്കുന്നു. രാസവളങ്ങളും സൂക്ഷ്മ ജീവികളേയും കണിക ജലസേചനത്തോടൊപ്പമാണ് നൽകുന്നത്. എന്നാൽ ജൈവ വളങ്ങൾ തെങ്ങിന്റെ തടത്തിലാണ് നൽകുന്നത്. തെങ്ങൊന്നിന് പ്രതിവർഷം 30 കിലോഗ്രാം ചാണകം, 30 കിലോഗ്രാം കോഴിവളം, 20 കിലോഗ്രാം ആട്ടിൻ കാഷ്ഠം, എന്ന തോതിലാണ് ജൈവ വളപ്രയോഗം. എല്ലാ ജൈവ വളങ്ങളും ഉണങ്ങിയതിനു ശേഷമാണ് തെങ്ങിനു നൽകുക. ജൂൺ ആദ്യവാരം ആണ് തെങ്ങിന്റെ തടം തുറക്കൽ. തടത്തിന്റെ അടുത്തു തന്നെ ചെറിയ ആഴത്തിൽ ചാലുകൾ എടുത്ത് അതിലാണ് ജൈവവളങ്ങൾ കൊടുക്കുന്നത്. കൃഷിയിടത്തിൽ നിന്നും ലഭ്യമാകുന്ന ജൈവ പാഴ് വസ്തുക്കൾ, പ്രധാനമായും തെങ്ങിന്റെ ഇലകൾ, ഒന്നും പാഴാക്കാതെ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനും തെങ്ങിൻ തടത്തിൽ പുതയിടുന്നതിനും ഉപയോഗിക്കുന്നു. ഇതിനായി 9 മീറ്റർ നീളവും 1.2 മീറ്റർ വീതിയും 90 സെന്റി മീറ്റർ ആഴവുമുള്ള സിമന്റു കൊണ്ടു കെട്ടി, മേൽക്കൂരയോടുകൂടിയ മണ്ണിര കമ്പോസ്റ്റ് ടാങ്ക് നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ ഉണ്ടാക്കിയിട്ടുണ്ട്.

രാസവളങ്ങൾ വർഷത്തിൽ ആറു തവണകളായി 60 ദിവസത്തെ ഇടവേളകളിൽ കണിക ജലസേചനത്തോടൊപ്പം, വളനന സംവിധാനം വഴി മൂന്നു വിളകൾക്കും നൽകുന്നു. ഫാക്ടം ഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, യൂറിയ എന്നിവയാണ് കൃഷിയിടത്തിൽ ഉപയോഗിക്കുന്ന പ്രധാന രാസവളങ്ങൾ. ഇതോടൊപ്പം മഗ്നീഷ്യം സൾഫേറ്റും വളനനയിലൂടെ നൽകും. രാസവള പ്രയോഗം ഈ രീതിയിൽ 6 തവണകളായി നൽകുമ്പോൾ ഒരു വർഷം 650 തെങ്ങിനും, 550 ജാതിക്കും, 2400 കവുങ്ങിനും കൂടി 400 കിലോഗ്രാം ഫാക്ടം ഫോസും, 400 കിലോ ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും, 200 കിലോഗ്രാം യൂറിയയും ആണ് ആകെ കൃഷിയിടത്തിലേയ്ക്ക് ആവശ്യമായി വരുന്നത്.

### ജല പരിപാലനവും വളപ്രയോഗവും

പതിനൊന്നേക്കർ വിസ്തൃതിയുള്ള തന്റെ കൃഷിയിടത്തിൽ 650 തെങ്ങുകളും ഇടവിളയായി 2400 കവുങ്ങും 550 ജാതിയും കൂടി നട്ടിരിക്കുന്നു. കൃഷിയിടത്തിന്റെ അരികു ചേർന്ന് ഒഴുകുന്ന ചെറിയ തോടിന്റെ സമീപം നിർമ്മിച്ചിട്ടുള്ള തുറന്ന കിണറാണ് ജലസേചനത്തിനുള്ള പ്രധാന സ്രോതസ്സ്. ഈ കിണറ്റിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് തോട്ടം മുഴുവൻ നനയ്ക്കുന്നു. ഈ കിണറു കൂടാതെ മറ്റൊരു കുഴൽ കിണറു കൂടി ഉണ്ടെങ്കിലും അതു പ്രധാനമായും വീട്ടാവശ്യത്തിനും മറ്റ് അടിയന്തര ഘട്ടങ്ങളിലെ ഉപയോഗത്തിനായും മാറ്റി വച്ചിരിക്കുന്നു. ഏതെങ്കിലും കാരണത്താൽ തുറന്ന കിണറിലെ വെള്ളം ജല സേചനത്തിന് മതിയാകാതെ വരുമ്പോഴോ അല്ലെങ്കിൽ തുറന്ന കിണറിലെ പമ്പിന് എന്തെങ്കിലും അറ്റകുറ്റപ്പണികൾ വേണ്ടി വരുമ്പോഴോ ഈ കിണറ്റിലെ ജലം ഉപയോഗിക്കും. മെച്ചപ്പെട്ട ജല വിനിയോഗത്തിന് കൃഷിയിടം മുഴുവനും നന്ദഗോപാൽ തുള്ളനന സംവിധാനം വിന്യസിച്ചിരിക്കുന്നു.

വൈദ്യുതി കൊണ്ടു(7.5 കുതിരശക്തി) പ്രവർത്തിക്കുന്ന സെൻട്രിഫ്യൂഗൽ പമ്പ് ഉപയോഗിച്ചാണ് തോട്ടം നനയ്ക്കുന്നതിനുള്ള വെള്ളം പമ്പു ചെയ്യുന്നത്. ഇപ്രകാരം പമ്പു ചെയ്യുന്ന വെള്ളം ആദ്യം മെയിൻ പൈപ്പിൽ സമാന്തരമായി ഘടിപ്പിച്ചിരിക്കുന്ന മണൽ നിറച്ചിട്ടുള്ള ഒരു ജോഡി അരിപ്പയിലും അതിനു ശേഷം ഒരു ജോഡി സ്ക്രീൻ ഫിൽട്ടറിൽ കൂടിയും അരിച്ചെടുത്തതിനു ശേഷമാണ് ജലസേചനത്തിനു പയോഗിക്കുന്നത്. സൗകര്യത്തിനു വേണ്ടി കൃഷിയിടം രണ്ടായി വിഭജിച്ചാണ് ജലസേചനം നടപ്പാക്കുന്നത്. ഇതിനു വേണ്ടി ഫിൽട്ടറുകളിൽ നിന്നും മെയിൻ പൈപ്പു വഴി വരുന്ന വെള്ളത്തെ രണ്ട് ഉപ പൈപ്പുകളിലേക്ക് തിരിച്ചു വിടുന്നു. ഓരോ ഉപ പൈപ്പിന്റേയും തുടക്കത്തിൽ ഓരോ വാൽവും (ബോൾ വാൽവ്) ഘടിപ്പിച്ചിരിക്കുന്നു.ഇത് തുറക്കുകയും അടക്കുകയും ചെയ്താണ് ആ ഭാഗത്തേ ക്കുള്ള ജലസേചനം നിയന്ത്രിക്കുന്നത്. പിവിസി കൊണ്ടുള്ള ഉപ പൈപ്പ് മണ്ണിനടിയിൽ കൂടിയാണ് തോട്ടത്തിൽ എല്ലായിടത്തും എത്തുന്നത്. തോട്ടത്തിൽ എത്തിയതിനുശേഷം പ്രസ്തുത ഉപ പൈപ്പുകളിൽ 16 മില്ലി മീറ്റർ വ്യാസമുള്ള എൽഎൽഡിപി ലാറ്ററുകൾ വിന്യസിച്ചിരിക്കുന്നു. ഓരോ നിര തെങ്ങിനും രണ്ടു ലാറ്ററുകളാണ് ഉള്ളത്. ഈ ലാറ്ററുകൾ തെങ്ങിന്റെ തടത്തിന്റെ ഇരുവശങ്ങളിലുമായി വിന്യസിച്ചിരിക്കുന്നു. ഓരോ ലാറ്ററലിലും തെങ്ങിന്റെ തടത്തിൽ വരത്തക്കവിധം മൂന്ന് വീതം ഡ്രിപ്പറുകൾ ഘടിപ്പിച്ചിരിക്കുന്നു. (അതായത് തെങ്ങൊന്നിന് ആറു ഡ്രിപ്പറുകൾ) ഇതേ പോലെ കായ്ക്കുന്ന കവുങ്ങിന് രണ്ടും, ജാതിക്ക് നാലും വീതം ഡ്രിപ്പറുകൾ കൊടുത്തിരിക്കുന്നു. കവുങ്ങിൻ തൈകൾക്ക് കേവലം ഒരു ഡ്രിപ്പർ മാത്രമാണ് നൽകിയിരിക്കുന്നത്. ഡ്രിപ്പറുകളെല്ലാം ഒരേ നിരക്കിൽ മണിക്കൂറിൽ എട്ടു ലിറ്റർ വെള്ളം വിതരണം ചെയ്യാൻ ശേഷിയുള്ളതാണ്. ഓരോ ചെടിക്കും കൊടുത്തിരിക്കുന്ന ഡ്രിപ്പറുകളുടെ എണ്ണം ക്രമീകരിച്ചാണ് അതിനു കൊടുക്കുന്ന വെള്ളത്തിന്റെ അളവ് ക്രമീകരിച്ചിരിക്കുന്നത്. ദിവസേന ഒന്നു മുതൽ ഒന്നര മണിക്കൂർ ആണ് ഓരോ ചെടിക്കും വെള്ളം ലഭിക്കുക. അപ്പോൾ തെങ്ങൊന്നിന് 48-72 ലിറ്ററും, കായ്ക്കുന്ന കവുങ്ങിന് 16-24 ലിറ്ററും, ജാതിക്ക് 32-48 ലിറ്ററും വെള്ളം വീതം ദിവസേന ലഭിക്കുന്നു. ജലസേചനത്തിനുള്ള വെള്ളം നന്നായി അരിച്ചെടുത്ത ശേഷമാണ് ഉപയോഗിക്കുന്നതെങ്കിൽ കൂടി, ഡ്രിപ്പറുകൾ അടഞ്ഞു പോകുന്നത് പലപ്പോഴും കൃഷിക്കാരന് ബുദ്ധിമുട്ടാകുന്നുണ്ട്. ഇടയ്ക്കിടെ അടഞ്ഞു പോയ ഡ്രിപ്പറുകൾ അഴിച്ചെടുത്ത് കഴുകി വൃത്തിയാക്കേണ്ടി വരുന്നു.

### വെള്ളത്തോടൊപ്പം വളവും

നന്ദഗോപാലിന്റെ തോട്ടത്തിൽ ജലസേചനത്തോടൊപ്പം തന്നെയാണ് രാസവളങ്ങളും മറ്റു സൂക്ഷ്മ പോഷകങ്ങളും വിളകൾക്കു നൽകുന്നത്. ഇതിനു വേണ്ടി ജലസേചന പൈപ്പിന്റെ തുടക്കത്തിൽതന്നെ വെൻചുറി (ജലസേചനത്തിനുള്ള വെള്ളത്തിലേക്ക് ലായനി രൂപത്തിലുള്ള രാസവളം ഒഴുക്കി വിടുന്നതിനുള്ള സംവിധാനം) ഘടിപ്പിച്ചിരിക്കുന്നു. വെൻചുറിയുടെ പ്രവർത്തനം ബുദ്ധിമുട്ടായി അനുഭവപ്പെട്ട നന്ദഗോപാൽ, തനതായിട്ടുള്ള സംവിധാനം ഉപയോഗിച്ചാണ് ഇപ്പോൾ വളപ്രയോഗം സാധ്യമാക്കുന്നത്. വെൻചുറി ഉപയോഗിക്കുന്നതു മൂലം ജലസേചനത്തിനുള്ള പൈപ്പിലെ മർദ്ദം കുറയുന്നതായും അതു വഴി ഡ്രിപ്പറുകളുടെ ജല നിർഗ്ഗമന ശേഷി കുറയുന്നതായും അദ്ദേഹം കരുതുന്നു. രാസവള ലായനി ഉണ്ടാക്കുന്നതിനും കൃഷിക്ക് ഉപയുക്തമായ സൂക്ഷ്മാണു ജീവികളെ വളർത്തുന്നതിനും വേണ്ടി 200 ലിറ്റർ സംഭരണ ശേഷിയുള്ള പ്ലാസ്റ്റിക് ടാങ്കുകളാണ് അദ്ദേഹം ഉപയോഗിക്കുന്നത്.

ഈ ടാങ്കിൽ നിന്നും ഒരിഞ്ചു വ്യാസമുള്ള ഹോസ് പൈപ്പ് എടുത്ത് അതിന്റെ മറ്റെ അഗ്രം ജലസേചനത്തിനുള്ള പമ്പിന്റെ വെള്ളം വലിച്ചെടുക്കുന്ന പൈപ്പിലേക്ക് ഘടിപ്പിച്ചിരിക്കുന്നു.



വളപ്രയോഗം നടത്തേണ്ട സമയത്ത് ഈ ഹോസ് പൈപ്പിൽ കൂടി ജലസേചന പമ്പിലേക്ക് വലിച്ചെടുക്കപ്പെടുന്ന രാസവള ലായനി ജലസേചനത്തോടൊപ്പം ചെടികൾക്കും നൽകപ്പെടുന്നു. ഓരോ വളപ്രയോഗത്തിനു ശേഷവും കുറെ സമയം കൂടി ശുദ്ധ ജലം ഉപയോഗിച്ച് ജലസേചനം തുടരുന്നു. ജലസേചന പൈപ്പുകളിലും ഡ്രിപ്പറുകളിലും മറ്റും രാസവള അംശങ്ങൾ അവശേഷിക്കാതിരിക്കുന്നതിനാണിത്. കൂടാതെ ഫിൽട്ടറുകളിൽ കൂടി വെള്ളത്തെ എതിർ ദിശയിൽ ഒഴുക്കിയും(ബാക്ക് വാഷ്) ജലസേചന സംവിധാനം ശുദ്ധീകരിക്കുന്നു.

ജലസേചനത്തിന് സെൻട്രിഫ്യൂഗൽ പമ്പാണ് ഉപയോഗിക്കുന്നതെന്ന് പറഞ്ഞുവല്ലോ. സെൻട്രിഫ്യൂഗൽ പമ്പിന്റെ ഉയർന്ന കാര്യക്ഷമതയ്ക്ക് അത് ജലനിരപ്പിന് ഏറ്റവും അടുത്തു വേണം വയ്ക്കേണ്ടത്. ജലനിരപ്പ് ഉയരുകയും താഴുകയും ചെയ്യുന്നതനുസരിച്ച് കപ്പിയും കയറും ഉപയോഗിച്ച് പമ്പിനെ ഉയർത്താനും താഴ്ത്താനും സാധിക്കുന്ന സംവിധാനം ഇദ്ദേഹം സ്വയം രൂപ കൽപ്പന ചെയ്തിട്ടുണ്ട്. സെൻട്രിഫ്യൂഗൽ പമ്പിനെ ഒരു ചട്ടത്തിൽ ഉറപ്പിച്ച് അതിനെ ഈ സംവിധാനവുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇപ്രകാരം ജലനിരപ്പ് മാറുന്നതനുസരിച്ച് പമ്പിന്റെ സ്ഥാനം ജല നിരപ്പിനോട് ഏറ്റവും അടുപ്പിച്ചു നിർത്തി പമ്പിന് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നു.

## സസ്യ സംരക്ഷണം

വെള്ളീച്ചയുടെ ആക്രമണം ആണ് കഴിഞ്ഞ രണ്ടു വർഷമായി നന്ദഗോപാൽ തെങ്ങുകൃഷിയിൽ നേരിടുന്ന പ്രധാന വെല്ലുവിളി. എങ്കിലും ഇതു വരെ വെള്ളീച്ചക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങളൊന്നും സ്വീകരിച്ചു തുടങ്ങിയിട്ടില്ല. വെള്ളീച്ച മൂലം തെങ്ങിന്റെ ഉൽപാദനത്തിൽ കുറവുണ്ടായതായി അദ്ദേഹം പറഞ്ഞു. ഇതുകൂടാതെ കുറച്ചു തെങ്ങുകളിൽ കാറ്റു വീഴ്ചയ്ക്കു സദൃശ്യമായ ചില ലക്ഷണങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അനുഭവത്തിൽ ഇത് കുറേശ്ശെ മറ്റു തെങ്ങുകളിലേക്ക് വ്യാപിക്കുന്നുമുണ്ട്. തമിഴ്നാട് കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത കൊക്കോക്കോൺ എന്ന സൂക്ഷ്മ ജീവി മിശ്രിതം ഇതിനെ പ്രതിരോധിക്കാൻ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ജലസേചനത്തിനുപയോഗിക്കുന്ന ഫെർട്ടിഗേഷൻ സംവിധാനത്തിൽ കൂടി മാസത്തിൽ രണ്ടു തവണയാണ് കൊക്കോക്കോൺ തെങ്ങിനു നൽകുന്നത്.

ഇതിന്റെ പ്രയോഗം തുടങ്ങിയ ശേഷം ആ തെങ്ങുകളുടെ ആരോഗ്യ സ്ഥിതിയിൽ പുരോഗതി ഉണ്ടെന്നാണ് നന്ദഗോപാലിന്റെ അഭിപ്രായം. മണ്ണിന്റെയും വിളകളുടേയും പൊതുവായ ആരോഗ്യത്തിനും കൊക്കോകോൺ പ്രയോജനപ്പെടുന്നുണ്ട്. ട്രൈക്കോഡർമ്മയാണ് മണ്ണിന്റെ ആരോഗ്യത്തിന് ഇദ്ദേഹം അവലംബിക്കുന്ന മറ്റൊരു ജൈവ മാർഗ്ഗം.

## വിളവെടുപ്പും ഉൽപാദനവും

അറുപതു ദിവസത്തിൽ ഒരിക്കൽ ആണ് തെങ്ങിന്റെ വിളവെടുപ്പ്. തെങ്ങൊന്നിന് വർഷം ശരാശരി 150 തേങ്ങയാണ് തന്റെ കൃഷിയിടത്തിൽ നിന്നും നന്ദഗോപാലിന് ലഭിക്കുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി ഇതു 125 തേങ്ങയായി കുറഞ്ഞു. വെള്ളീച്ചയുടെ ആക്രമണമാണ് കാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. അദ്ദേഹത്തിന്റെ കണക്കിൽ ഒരു തേങ്ങയുടെ ഉൽപാദന ചെലവ് 12 രൂപയാണ്. തൊട്ടു മുൻപുള്ള വിളവെടുപ്പിൽ അദ്ദേഹത്തിനു ലഭിച്ചതാവട്ടെ 18 രൂപ മാത്രം. കൃഷിയിടത്തിൽ 550 ജാതി മരങ്ങൾ ഉണ്ടെങ്കിലും എല്ലാം കായ്ചു തുടങ്ങിയിട്ടില്ലാത്തതുകൊണ്ട് അതിൽ നിന്നുള്ള വരുമാനവും പൂർണ്ണമായി ലഭിച്ചു തുടങ്ങിയിട്ടില്ല. നിലവിൽ 560 കിലോ ഗ്രാം ജാതിക്കയും 170 കിലോഗ്രാം ജാതി പത്രിയും (ഉണക്കിയത്) ആണ് ഇപ്പോഴത്തെ ഉൽപാദനം. അതുപോലെ കവുങ്ങുകളും ഉൽപാദനം തുടങ്ങിയിട്ടേയുള്ളൂ.

നന്ദഗോപാലിന്റെ അഭിപ്രായത്തിൽ തെങ്ങു കൃഷിയിൽ നേരിടുന്ന പ്രധാന പ്രതിസന്ധി തേങ്ങയുടെ വിലയിടിവ് തന്നെയാണ്. കേരാധിഷ്ഠിത സമ്മിശ്ര കൃഷി, കാലി വളർത്തൽ, എന്നിവ കൊണ്ടു മാത്രമാണ് അദ്ദേഹത്തിന് തന്റെ കൃഷി ലാഭകരമാക്കി കൊണ്ടു പോകാൻ സാധിക്കുന്നത്. ആനമലയിലെ കൽപക വൃക്ഷം എന്ന കൊക്കൊനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങളിലെ സജീവ സാന്നിദ്ധ്യം കൂടിയാണ് നന്ദഗോപാൽ. ഇതു കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായും, സഹകരണ സംഘങ്ങളുമായും, തമിഴ്നാട് കാർഷിക സർവകലാശാലയുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും തമിഴ്നാട് കാർഷിക സർവ്വകലാശാലയുടെ കാറ്റു വീഴ്ചയ്ക്കെതിരെയുള്ള സൂക്ഷ്മ ജീവി മിശ്രിതത്തിന്റെ കാര്യക്ഷമത കൃഷിയിടത്തിൽ പരീക്ഷിക്കുന്ന പഠനത്തിൽ അദ്ദേഹം മുൻകൈ എടുത്തിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേര





കർഷകർ നേരിടുന്ന പ്രതിസന്ധികളെ പ്രത്യേകിച്ചും അടുത്തയിടെയായി വ്യാപിച്ചു വരുന്ന കാറ്റു വീഴ്ചയും, വെള്ളീച്ചയും, മറികടക്കുവാൻ തോട്ടവിള ഗവേഷണ സ്ഥാപനം, വിവിധ കാർഷിക സർവ്വകലാശാലകൾ, നാളികേര വികസന ബോർഡ്, കൃഷി വകുപ്പ് ഉൽപാദക കമ്പനികൾ തുടങ്ങിയ ഏജൻസികളും ചേർന്ന കൂട്ടായ പ്രയത്നം തന്നെ വേണം. *ഫോൺ: 8848876904*


## Statement of ownership and other particulars about

# INDIAN NALIKERA JOURNAL

## FORM IV

## (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kochi - 11 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Mini Mathew |
| | Nationality | : | Indian |
| | Address | : | Publicity Officer<br>Coconut Development Board,<br>Kochi - 11, Kerala. |
| 4. | Publisher's Name | : | Mini Mathew |
| | Nationality | : | Indian |
| | Address | : | Publicity Officer<br>Coconut Development Board, Kochi - 11, Kerala |
| 5. | Editor's Name | : | Deepthi Nair S |
| | Nationality | : | Indian |
| | Address | : | Deputy Director<br>Coconut Development Board, Kochi - 11, Kerala |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital | : | The periodical is owned by the Coconut Development Board which is a body corporate set up by the Government of India under the Coconut Development Board Act, 1979. |

I, Mini Mathew, hereby declare that the particulars given above are true to the best of my knowledge and belief.

Sd/

Date : 01-03-2022

(Mini Mathew)

# തെങ്ങിൻ തോട്ടങ്ങളിൽ വീണ്ടും വാനിലസുഗന്ധം



**ഡോ.കെഎം പ്രകാശ്, ഡോ.പിഎസ് മനോജ്, ഡോ.പി രാധാകൃഷ്ണൻ**
കൃഷി വിജ്ഞാൻ കേന്ദ്രം, ഐഐഎസ്ആർ പെരുവണ്ണാംമൂഴി, കോഴിക്കോട് - 673 528

**എട്ടാം വർഷം മുതൽ 20-ാം വർഷം വരെ തെങ്ങിൻ തോപ്പിൽ എന്ത് ഇടവിള കൃഷി ചെയ്യും എന്നത് കേര കർഷകരെ അലട്ടുന്ന പ്രശ്നമാണ്. ഇതിന് പരിഹാരം പങ്കു വയ്ക്കുകയാണ് കോഴിക്കോട്, കൂരാച്ചുണ്ടിലെ മലയോര കർഷകനായ ഏറത്തേൽ ഷാജൻ. ഏഴു വർഷം പ്രായമുള്ള തന്റെ തെങ്ങിൻ തോപ്പിൽ സുഗന്ധവിളയായ വാനില കൃഷി ചെയ്തു മികച്ച വരുമാനമുണ്ടാക്കുകയാണ് അദ്ദേഹം. രണ്ടു തലമുറ മുമ്പ് പാലാ ഭരണങ്ങാനത്തു നിന്ന് കൂരാച്ചുണ്ടിലേയ്ക്കു കുടിയേറിയതാണ് ഷാജന്റെ കുടുംബം. പരിചയപ്പെടാം, കൃഷിയിൽ പരീക്ഷണങ്ങൾ നടത്തുന്ന അദ്ദേഹത്തിന്റെ വിള പരിപാലന രീതികൾ...**

പുരുഷായുസ് മുഴുവൻ വിളവ് നൽകുന്ന കൽപവൃക്ഷമാണ് തെങ്ങ്. എന്നാൽ വർഷങ്ങളായി നാളികേരത്തെ ഉപജീവിക്കുന്ന കൃഷിക്കാർ പൊതുവെ കൃഷി ചെയ്യുന്ന നെടിയ ഇനം തെങ്ങുകൾ നട്ട് അഞ്ച് മുതൽ ഏഴു വർഷം വരെ ശ്രദ്ധയോടെ പരിചരിച്ചാൽ മാത്രമെ ആദായം ലഭിച്ചു തുടങ്ങുകയുള്ളു. ആദ്യ കാലത്ത് വരുമാനക്കുറവ് പരിഹരിക്കാൻ ഇടവിള കൃഷികൾ സഹായകമാണ്. ഈ സമയത്ത് ഹ്രസ്വകാല വിളകളായ ചേന, കപ്പ, വാഴ, മുളക്, മധുരകിഴങ്ങ്, കൈതച്ചക്ക തുടങ്ങിയവ ലാഭകരമായി കൃഷിചെയ്ത് ആദായം നേടാം. തെങ്ങ് വളർന്ന് ഏകദേശം 20 വർഷം കഴിയുമ്പോഴാണ് ഇടവിളകളും മിശ്രവിളകളും ശാസ്ത്രീയമായി കൃഷി ചെയ്യാൻ സാധിക്കുക. ഇക്കാലത്ത് കൊക്കോ, കുരുമുളക്, കറുവ, ജാതി, ഗ്രാമ്പു തുടങ്ങിയ ദീർഘകാല വിളകളും നേന്ത്രവാഴ, കൈതച്ചക്ക തുടങ്ങിയ വാർഷിക വിളകളും കൃഷി ചെയ്ത് അധിക വരുമാനം നേടാനാകും.

എന്നാൽ, തെങ്ങിൻ തോപ്പിൽ തണൽ കൂടുതലുള്ള എട്ടാം വർഷം മുതൽ ഇടവിള കൃഷി ദുസാധ്യമാണ്. മിക്ക നാളികേര കൃഷിക്കാരും നേരിടുന്ന പ്രശ്നമാണ് ഇത്. ചേമ്പ്, പാളയം കോടൻ വാഴ തുടങ്ങിയവ കൃഷി ചെയ്യാമെങ്കിലും അതിൽ നിന്നു ആദായം പ്രതീക്ഷിക്കേണ്ടതില്ല എന്നതാണ് വാസ്തവം. പിന്നീടുള്ള മാർഗ്ഗം തീറ്റപ്പുല്ല് കൃഷി ചെയ്ത് കറവ പശുക്കളെ വളർത്തുക എന്നതാണ്. പക്ഷെ തീറ്റപ്പുല്ലിന്റെയും വളർച്ച നേർപകുതി ആയിരിക്കും. വേണമെങ്കിൽ തെങ്ങിൽ കുരുമുളക് പരീക്ഷിക്കാം. പക്ഷെ ഇതൊന്നും കൃഷിക്കാരന് ലാഭകരമായ വരുമാനം ലഭ്യമാക്കില്ല. കഷ്ടിച്ച് പിടിച്ചു നിൽക്കാം എന്നു മാത്രം.

തെങ്ങുകൃഷിയുടെ രീതിശാസ്ത്രം ഇതാണെങ്കിലും കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് സ്വദേശിയായ എറത്തേൽ ഷാജൻ തെങ്ങിൻ തോപ്പിൽ വ്യത്യസ്തമായ പരീക്ഷണങ്ങൾ നടത്തുന്നതിൽ ഒരു പടി മുന്നിലാണ്. കേരളത്തിലും കർണാടകത്തിലുമായി വ്യാപിച്ചു കിടക്കുന്നതാണ് അദ്ദേഹത്തിന്റെ കൃഷി. തെങ്ങിൻ തോപ്പിൽ വേണ്ടത്ര സൂര്യപ്രകാശം ലഭിക്കാത്ത എട്ട് മുതൽ 20 വരെയുള്ള വർഷങ്ങളിൽ ഇടവിള കൃഷിയിലൂടെ ആദായമുണ്ടാക്കാനുള്ള ഒരുക്കത്തിലാണ് അദ്ദേഹം.

കൂരാച്ചുണ്ടിലുള്ള അദ്ദേഹത്തിന്റെ ഒന്നേകാൽ ഏക്കർ തെങ്ങിൻ പുരയിടം ഏറെ പ്രത്യേകതകളുള്ളതാണ്. ഏഴു വർഷം പ്രായമായ മലയൻ പച്ച കുള്ളൻ തെങ്ങുകൾ(എംജിഡി എന്ന മലയൻ ഗ്രീൻ ഡ്വാർഫ്) മൂന്നാം വർഷം മുതൽ കായ്ഫലം നൽകി തുടങ്ങിയവയാണ്. നിറ കുലകളുമായി നിൽക്കുന്ന തെങ്ങുകൾ മനോഹരമായ കാഴ്ച്ച തന്നെ. ഉയരം കുറവായതിനാൽ വിളവെടുപ്പും എളുപ്പം. മറ്റിനങ്ങളെ അപേക്ഷിച്ച് തേങ്ങ ഒന്നിന് 700 ഗ്രാമിലധികം തൂക്കവുമുണ്ട്. അതുകൊണ്ടു തന്നെ മുഴുവൻ നാളികേരവും പച്ചയ്ക്കു വിപണനം



നടക്കുന്നു. പൊതിച്ച നാളികേരം ഒരു കിലോഗ്രാമിന്ന് 30.50 രൂപ കിട്ടുന്നുണ്ട് വിപണിയിൽ. കരിക്കിന് ഒരെണ്ണത്തിന് 20 രൂപമാത്രമാണ് കച്ചവടക്കാർ നൽകുന്നത്. അത് ഷാജന് നഷ്ടവും വ്യാപാരികൾക്ക് വൻ നേട്ടവുമാണ്, എന്തന്നാൽ, ഒരു കരിക്കിൽ നിന്ന് രണ്ടു കരിക്കിൽ നിന്നുള്ള ഇളനീർ ലഭിക്കും. വ്യാപാരികൾക്ക് അത് വില കൂട്ടി വിറ്റ് നല്ല ലാഭം ഉണ്ടാക്കാം.

ഷാജന്റെ കൃഷിയിടം സ്വന്തം ആശയങ്ങളുടെ പരീക്ഷണശാലയാണ്. അതിന് ആരുടെയും സാങ്കേതിക ഉപദേശമോ പ്രേരണയോ ഇല്ല. നാലു വർഷമായ അദ്ദേഹത്തിന്റെ തെങ്ങിൻ തോപ്പിൽ ഇപ്പോൾ ഒരു ഇടവിള മാത്രമെയുള്ളു. അത് വാനിലയാണ്. മലയാളി മറന്ന സുഗന്ധവിള. ഷാജനെ പോലെ അപൂർവം ചിലർ ഇപ്പോഴും വാനില പരിപാലിക്കുന്നു. ഷാജന് നിലവിൽ 750 ചുവട് വാനിലയുണ്ട്. ശീമക്കൊന്നയാണ് താങ്ങു മരം. പുതുമഴ പെയ്തു കഴിഞ്ഞാലുടൻ അൽപം തണൽ നിർത്തി കൊന്നയുടെ പച്ചിലകൾ വെട്ടി തോട്ടത്തിൽ നിരത്തും. വാനില ചെടികൾ എല്ലാം കായ്ച്ചു തുടങ്ങിയവയാണ്. അടുത്ത വർഷം ഒരു ചുവട് വാനിലയിൽ നിന്ന് കുറഞ്ഞത് ഒരു കിലോ പച്ചബീൻസ് എങ്കിലും ലഭിക്കും. നിലവിൽ പച്ച ബീൻസ് കിലോഗ്രാമിന് 1500 രൂപയും സംസ്കരിച്ചതിന് 15000 രൂപയുമാണ് വില. ഈ വില നിലനിൽക്കുകയാണെങ്കിൽ അടുത്ത വർഷം ഷാജന് തന്റെ തെങ്ങിൻ തോപ്പിലെ വാനില കൃഷിയിൽ നിന്നു നല്ല വരുമാനം ലഭിക്കും. നടീൽ വസ്തുക്കളുടെ വിൽപനയിൽ നിന്നുള്ള വരുമാനം വേറെ. വാനിലയ്ക്ക് ചാണകം, എല്ലുപൊടി, കടലപിണ്ണാക്ക് മിശ്രിതം രണ്ടു തവണയായി നലകും.

തെങ്ങിൻ തോട്ടത്തിൽ മുഴുവൻ പുതയായി ചകിരിചോറാണ് വിരിച്ചിരിക്കുന്നത്. ഇതും പരീക്ഷണമാണ്. രണ്ടു വർഷം കൊണ്ടാണ് തോട്ടം മുഴുവൻ ഷാജൻ ചകരിച്ചോർ പുതപ്പിച്ചത്. കേളത്തുവയലിലുള്ള ചകിരി ഫാക്ടറിയിൽ നിന്നാണ് ആവശ്യമായ കൊയർ പിത്ത് കൊണ്ടുവന്നത്. ഇപ്പോൾ പുരയിടത്തിൽ കളകൾ തീരെ ഇല്ല. കൂടാതെ മഴക്കാലത്ത് മണ്ണ് ഒലിപ്പില്ല, പോഷകങ്ങൾ ചോർന്നു പോകുന്നുമില്ല. വേനലിലാകട്ടെ ബാഷ്പീകരണം മൂലം മണ്ണിലെ ജലാംശം നഷ്ടമാകാതെ ഈർപ്പം നിലനിൽക്കുകയും ചെയ്യുന്നു. ശാസ്ത്രീയമായ ഈ മണ്ണ് സംരക്ഷണം മൂലമാകാം എക്കാലത്തും ഷാജന്റെ തോട്ടത്തിലെ തെങ്ങുകളിൽ എണ്ണത്തിലും വലിപ്പത്തിലും നിറയെ കായ്ഫലമുണ്ട്. തെങ്ങുകൾക്കും വാനിലയ്ക്കും നനയുണ്ട്. അടുത്തുള്ള കാളങ്ങാടി തോട്ടിൽ നിന്നു ഒന്നര കുതിര ശക്തിയുടെ മോട്ടർ വച്ചാണ് വെള്ളം പമ്പ് ചെയ്യുക. ജെറ്റ് വഴിയാണ് വാനിലയ്ക്കു നന. തെങ്ങിനു നേരിട്ട് പൈപ്പിലൂടെയും. വേനലായാൽ മാസത്തിൽ മൂന്നു തവണ, മൂന്നു മണിക്കൂറാണ് തെങ്ങിന് വെള്ളം നൽകുക. വാനിലയ്ക്ക് രണ്ടു മണിക്കൂറും.

തെങ്ങിന് പ്രധാനമായും കാലിവളം തന്നെയാണ് നൽകുന്നത്. തെങ്ങ് ഒന്നിന് 90 കിലോഗ്രാം വീതം. ഇത് എല്ലാ വർഷവും നൽകും. കൂടാതെ രണ്ടു കിലോഗ്രാം വീതം പൊട്ടാഷും. പിന്നെ നന. മറ്റു പരിചരണങ്ങൾ ഒന്നും ഇല്ല. മൂന്നാം വർഷം മുതൽ കായ്ഫലം നൽകി തുടങ്ങിയ ഈ തെങ്ങുകളുടെ വാർഷിക ഉൽപാദനം ശരാശരി 100 നാളികേരമാണ്.

ഷാജന്റെ കുറെ തെങ്ങുകൾ ചെല്ലി കുത്തി മറിച്ചു. പക്ഷെ അവിടെയെല്ലാം വീണ്ടും തൈകൾനട്ട് പരിപാലിക്കുന്നു. എന്നാൽ ഒരു ഹോമിയോ മരുന്ന് വേരിലൂടെ പ്രയോഗിച്ച് തുടങ്ങിയതോടെ കൊമ്പൻ ചെല്ലിയുടെ ആക്രമണം തീരെ ഇല്ല എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. മാത്രമല്ല അടുത്ത കാലത്തായി നാളികേര കർഷകർ നേരിടുന്ന വെള്ളീച്ചയുടെ ശല്യവും ഷാജന്റെ തോട്ടത്തിൽ ഇല്ല. എന്നാൽ, ഇപ്പോൾ അദ്ദേഹത്തെ അലട്ടുന്ന പ്രശ്നം തേങ്ങ കൊഴിച്ചിലാണ്. കുലകൾ തീരെ ദുർബലമായതിനാൽ കൂടുതൽ എണ്ണം തേങ്ങകളെ താങ്ങാനുള്ള കരുത്തില്ലാതെ കുലകൾ ഒടിയുകയും തേങ്ങ കൊഴിഞ്ഞു വീഴുകയും ചെയ്യുന്നു. വർഷങ്ങൾ കഴിയും തോറും ഈ പ്രവണത കുറയും എന്നാണ് ഷാജന്റെ പ്രതീക്ഷ. അതിനാൽ ആ നഷ്ടം അദ്ദേഹം സഹിക്കുന്നു. കായ്ക്കുലകൾ കെട്ടുന്നില്ല.

കർണാടകത്തിൽ ഷിമോഗയിലെ ശിരാൾകൊപ്പത്താണ് ഇഞ്ചി കൃഷിയിടം. ഇപ്പോൾ എട്ട് ഏക്കറിൽ ഇഞ്ചിയുണ്ട്. അടുത്ത സീസണിൽ അഞ്ച് ഏക്കർ കൂടി കൃഷി ചെയ്യുന്നതിന് ഭൂമി തയാറാക്കി വരുന്നു. കൂടാതെ ഞാലിപ്പൂവൻ വാഴയും കൃഷി ചെയ്യുന്നു. നനച്ചാണ് വളർത്തുന്നത്. നാട്ടിലും സ്പ്രിംഗ്ളർ ഉപയോഗിച്ച് ഇഞ്ചി നനച്ച് കൃഷി വിജയിപ്പിച്ച അദ്ദേഹം വീടിരിക്കുന്ന 60 സെന്റ് പുരയിടത്തിൽ ശാസ്ത്രീയമായി കുരുമുളക് കൃഷി ചെയ്യാനുള്ള തയാറെടുപ്പിലാണ്

ഇനിയുള്ള കാലം യന്ത്രസഹായമില്ലാതെ കൃഷി സാധിക്കില്ല എന്നതാണ് ഷാജന്റെ നിരീക്ഷണം. ജലസേചനത്തിന് സ്പ്രിംഗ്ളർ പോലുള്ള സംവിധാനങ്ങൾ. മണ്ണ് ഉഴാൻ ടില്ലറും ട്രാക്ടറും മറ്റും ഉണ്ടെങ്കിൽ മാത്രമെ കൃഷിച്ചെലവ് പിടിച്ചു നിർത്താൻ സാധിക്കുകയുള്ളൂ എന്നാണ് ഷാജന്റെ അനുഭവം.

*ഫോൺ – 9447526964* ■

# മറവിയിൽ നിന്നൊരു മരച്ചക്ക് മുരളുന്നു



മുരളീധരൻ തഴക്കര

വിഷുക്കാലമെത്തിയാൽ തറവാടുകളിലേയ്ക്ക് 'വിഷുക്കൈനീട്ടം' വാങ്ങുവാനായി വരുന്നവരും, സ്നേഹപൂർവ്വം വിഷുക്കൈനീട്ടം വാങ്ങി സന്തുഷ്ടരായി തിരികെ പോകുന്നവരും ഇന്നും ഓർമയിലെ സുഗന്ധമാണ്. സ്ഥിരമായി നാളികേരത്തിന്റെ വിളവെടുപ്പു നടത്തിത്തരുന്ന തെങ്ങുകയറ്റക്കാരും, പാടത്തും പറമ്പിലും പണിക്കെത്തുന്ന കർഷകത്തൊഴിലാളികളും, ഇടയ്ക്കിടെ ചുണ്ണാമ്പുമായെത്തുന്ന മൂപ്പത്തിയും, വീട്ടിൽ നിന്നു നാളികേരം കൊണ്ടുപോയി കൊപ്രയാക്കി അത് മരച്ചക്കിലാട്ടി കിട്ടുന്ന വെളിച്ചെണ്ണയുമായി വരുന്ന ചെട്ടിയാരുമെല്ലാം പഴമയുടെ ഓർമചിത്രങ്ങളായി ഇന്നും മനസ്സിൽ ബാക്കി നിൽക്കുന്നു. ഇപ്പോഴത്തെ ഇളം തലമുറയ്ക്ക് ആ കാഴ്ച അന്യമാണ്. അവർക്കായിട്ടാണ് ഈ കുറിപ്പ്.

പപ്പു ചെട്ടിയാരുടെ വീട്ടുവളപ്പിലെ മരച്ചക്കും, കൊപ്രയാട്ടി തുടങ്ങി അതു മുറുകുമ്പോൾ ചക്കു കറങ്ങുന്നതിന്റെ കിറുകിറാ ശബ്ദവുമെല്ലാം ഇപ്പോഴും മനസ്സിൽ പ്രതിധ്വനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മറവിയിലേക്ക് മറഞ്ഞ മരച്ചക്കിനെ ഒരു വിഷുക്കാഴ്ചയായി ഓർമ്മയുടെ തിരശ്ശീലയിലേക്ക് ഒന്നു തിരിച്ചു കൊണ്ടുവന്നാലോ.

'ചക്കിലാട്ടിയ വെളിച്ചെണ്ണ വിൽക്കപ്പെടും' ചില കടകളിൽ ഇങ്ങനെ എഴുതി വച്ചിരിക്കുന്നതു കാണാം. ചക്കിലാട്ടിയെടുത്ത വെളിച്ചെണ്ണയ്ക്ക് എന്തോ ചില സവിശേഷതകളുണ്ടെന്നു വിളിച്ചോതുന്ന അറിയിപ്പാണിത്. കൊപ്രയിൽ നിന്ന് എണ്ണ പൂർണ്ണമായി ഊറ്റിപിഴിഞ്ഞെടുക്കുന്ന ആധുനിക എക്സ്പെല്ലറുകളിൽ ആട്ടിയെടുക്കുന്ന എണ്ണയാണിപ്പോൾ സാർവ്വത്രികമായി വിപണിയിൽ കിട്ടുന്നത്. വല്ലാതെ പൊള്ളുന്ന അവസ്ഥയിലാണ് എക്സ്പെല്ലറുകളിൽ നിന്ന് എണ്ണയും പിണ്ണാക്കും പുറത്തു വരുന്നത്. അതുകൊണ്ടുതന്നെ എണ്ണയുടെ സ്വതസിദ്ധമായ ഗുണവും മണവും തനിമയും കുറെയെങ്കിലും നഷ്ടമാകും. ഇതാ ഇവിടെയാണ് പഴയ മരച്ചക്കിന്റെ ഓർമ്മ പ്രസക്തമാകുന്നത്.

'മരച്ചക്ക്' എന്ന് കേൾക്കുമ്പോൾ അതെന്തു സാധനം എന്ന് ഇന്ന് പുതിയ തലമുറ ചോദിച്ചാൽ കുറ്റം പറയാനാകില്ല. കാരണം, അത്രയ്ക്കും അത് എവിടെയും കാണാനില്ല- പതിറ്റാണ്ടുകൾ മുമ്പു വരെ ഓരോ ഗ്രാമത്തിന്റെയും അവിഭാജ്യ ഘടകമായിരുന്നു ചക്ക്. ജോലികൾ ജാതിയടിസ്ഥാനത്തിൽ വിഭജിച്ചു നൽകിയിരുന്ന പഴയ സാമൂഹിക വ്യവസ്ഥിതിയിൽ വാണിയസമുദായക്കാരാണ് ചക്ക് പ്രവർത്തിപ്പിച്ചിരുന്നത്. വാണിയനും വാണിയത്തിയും കളിക്കുക എന്നൊരു ചൊല്ലു തന്നെയുണ്ട് മലയാളത്തിൽ. ഭാഷാപിതാവായ എഴുത്തച്ഛൻ ചക്കാല സമുദായക്കാരനായിരുന്നു പോൽ. ഉപജീവനത്തിനായി ചെയ്തിരുന്ന ജോലിയാണെന്നോർക്കണം. എഴുത്തച്ഛന്റെ ചക്കിൽ എത്രയാടും എന്ന് കളിയാക്കി ചോദിച്ചപ്പോൾ "എന്റെ ചക്കിൽ നാലും ആറും ആടു" മെന്നാണത്രെ അദ്ദേഹം മറുപടി നൽകിയത്. നാലു വേദങ്ങളും ആറുശാസ്ത്രങ്ങളും തനിക്ക് ഹൃദിസ്ഥമാണ് എന്നാണ് ആ പറഞ്ഞതിന്റെ സാരം. "ഒരു ചക്കാട്ടും വാണിയനവരെ പടുവിഡ്ഢികളെന്നു വിളിച്ചൂ" എന്നാണ് എഴുത്തച്ഛനെ കുറിച്ച് വയലാർ എഴുതിയത്.

ചക്കിൽ കാളയെ കെട്ടി കറക്കിയിട്ടാണ് എണ്ണയാട്ടുന്നത്, ചിലയിടത്ത് മനുഷ്യർ തന്നെ ചക്കു കറക്കും. ഒരു വാദഗതിയിലോ ചിന്താഗതിയിലോ നിന്നു മോചനമില്ലാതെ കറങ്ങുന്നവരെ 'ചക്കിൽ കെട്ടിയ കാളയെപ്പോലെ' എന്ന് പറയാറുണ്ട്. ചക്കാട്ടുമ്പോൾ ഊറിയിറങ്ങുന്ന എണ്ണ തുണിയിൽ മുക്കി പിഴിഞ്ഞാണ് എടുക്കുക! മരം കൊണ്ടും കരിങ്കല്ലുകൊണ്ടും നിർമ്മിച്ചിട്ടുള്ള ചക്കുണ്ട്. ചക്കും, ചക്കാട്ടവും, എണ്ണ വിൽപ്പനയുമൊക്കെ പരമ്പരാഗത തൊഴിൽ എന്ന നിലയിൽ ചെയ്തു പോന്നിരുന്നത് ചക്കാലന്മാരായിരുന്നു.

കൃഷിയുമായി ബന്ധപ്പെട്ട വളരെ പ്രാധാന്യമുള്ള യന്ത്രോ



പകരണ സംവിധാനം എന്ന നിലക്ക് എണ്ണയാട്ടുന്ന ചക്കിന് നമ്മുടെ നാട്ടിൽ ഏറെ പ്രചാരമുണ്ടായിരുന്നു. പോയകാല ഗ്രാമജീവിതവുമായി ഇഴചേർന്ന ചക്കുമായി ചേർന്നുള്ള നിരവധി നാടൻ പ്രയോഗങ്ങളും ശൈലികളും ചൊല്ലുകളുമുണ്ട്. 'ചക്കിനു വച്ചത് കൊക്കിനു കൊള്ളുക'- അതായത് ഒരുവനെ ഉദ്ദേശിച്ച് ചെയ്തത് മറ്റൊരുവന് ഭവിക്കുക, 'ചക്കെന്ന് പറയുമ്പോൾ ചുക്കെന്ന് കേൾക്കുക'- ഒന്നു പറയുമ്പോൾ അത് മറ്റൊന്നായി മനസ്സിലാക്കുക, 'ചക്കിന് കെട്ടിയ കാളയെപ്പോലെ' -ചക്കുവലിച്ച് കറക്കുന്നതിനായി കാളയേയാണ് ഉപയോഗിക്കുക-ചക്കേൽ കെട്ടി പണിയെടുപ്പിക്കുന്ന ഈ കാളകൾ സ്ഥിരമായി ചക്കിനു ചുറ്റുമായി കൃത്യമായി വൃത്തത്തിൽ കറങ്ങികൊണ്ടേയിരിക്കും. ഇങ്ങനെ ചക്കിന് കെട്ടിയ കാളകളെ മറ്റു പണികൾക്ക് കൊണ്ടു പോകുമ്പോഴും അവറ്റകൾ ചക്കിനു ചുറ്റും തിരിയുന്ന സഹജമായ രീതി തന്നെയാകും പ്രകടമാക്കുക. സ്ഥിരമായി ചെയ്തുപോരുന്ന ജോലിയല്ലാതെ മറ്റൊരു ജോലിയും വേണ്ടത്ര ശുഷ്കാന്തിയോടെ ചെയ്യില്ലെന്ന് സാരം. 'ചക്കും ചക്കാലയും കൂടി കറങ്ങിയ സ്ഥിതിയിലാണ്'- സാമ്പത്തിക പരാധീനതകളാൽ നട്ടം തിരിയുമ്പോഴുള്ള തനി നാടൻ ശൈലിയാണിത്. ചക്കിന്റെ മേൽപ്പുരയ്ക്കാണ് 'ചക്കാല' അഥവാ ചക്കുപുര എന്ന് പറയുന്നത്. ചക്കിൽ കൊപ്രയും മറ്റും ആട്ടുമ്പോൾ അതായത് ചക്ക് പ്രവർത്തിപ്പിക്കുമ്പോൾ ചക്കിനോടൊപ്പം ചക്കുപുരയും കൂടി മൊത്തത്തിൽ കറങ്ങുന്നതുപോലെ സാമ്പത്തിക ക്ലേശങ്ങൾ ഉണ്ടായപ്പോൾ ഒന്നിനു മേൽ മറ്റൊന്ന് എന്ന രീതിയിൽ ആകെ ജീവിതം താറുമാറായ അവസ്ഥയിലാണെന്നാണ് ഈ പ്രയോഗത്തിന്റെ അന്തസ്സത്ത.

ചക്കിന്റെ ഏറ്റവും മർമ്മപ്രധാനഭാഗം 'കണയാണ്' ഇത് തടികൊണ്ടു തന്നെയാണ് നിർമ്മിക്കുന്നത്. ആട്ടുകല്ലിൽ അരി അരയ്ക്കുന്നതിനായി ഉപയോഗിക്കുന്ന കുഴവിയുടെ മാതൃകയിൽ മരം കൊണ്ടുള്ള നല്ല ഈടുള്ള മരക്കുഴവിയാണിത്. ചക്ക് പ്രവർത്തിക്കുമ്പോൾ കണയുടെ ചുവടുഭാഗം ചക്കുകുഴിയിലും വശങ്ങളിലുമായി ഞെരിഞ്ഞമർന്നു തിരിയുന്നു, ഇങ്ങനെ നിരന്തരമായുണ്ടാകുന്ന സമ്മർദ്ദഫലമായാണ് കൊപ്രയിൽ നിന്ന് എണ്ണ വേർപെട്ടു കിട്ടുന്നത്. ചക്കിന്റെ വലിപ്പത്തിനനുസൃതമായി ചക്കുകണയുടെ വലിപ്പവും വ്യത്യസ്തമാകും. ചക്കിന്റെ അടിഭാഗത്തുള്ള തൂമ്പിലൂടെയാണ് എണ്ണ അൽപാൽപമായി പുറത്തേക്ക് കിനിഞ്ഞിറങ്ങുന്നത്. പിണ്ണാക്ക് ചക്കിനുള്ളിൽ വശങ്ങളിലായി പറ്റികൂടും. കണയെ കറക്കുന്നതിനായി അതിൽ ഘടിപ്പിച്ചിട്ടുള്ള ഭാഗമാണ് ചക്കു പലക - കണയുടെ മേൽഭാഗവും ചക്കുപലകയുമായി ബന്ധിപ്പിക്കുന്ന ഒരു ദണ്ഡുണ്ട്. ഇതിനെ ഒട്ടൽ എന്ന് പറയും. ചക്കുംമൂട് അഥവാ ചക്കിന്റെ ചുവടുഭാഗം വളരെ ഉറപ്പുള്ളതായിരിക്കണം. പ്ലാവിന്റെയോ ആഞ്ഞിലിയുടെയോ കാതലുള്ള ചുവടുഭാഗം ആഴത്തിൽ കുഴിച്ചിട്ട് മണ്ണിൽ ഉറപ്പിക്കുന്നു. ആധുനിക നെല്ലു കുത്തുമില്ലിലെ വൃത്താകൃതിയിലുള്ള ഹള്ളർ പോലെ മേൽഭാഗം വായ്‌വട്ടം കൂടിയും താഴേക്ക് വരുംതോറും അത് ചുരുങ്ങി വരികയും ചെയ്യും. മരച്ചക്കിൽ എള്ളാട്ടുമ്പോൾ നല്ല മുറുക്കം കിട്ടുന്നതിനായി കരുപ്പെട്ടി അഥവാ ചക്കര ചേർത്തു കൊടുക്കുമായിരുന്നു.

ചക്കു കറക്കുന്നതിനായി കാളകളെയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നതെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ചില പ്രദേശങ്ങളിൽ മനുഷ്യർ തന്നെ മാറിമാറി ചക്കു വലിച്ച് കറക്കുന്ന രീതിയുമുണ്ടായിരുന്നു. വളരെ അദ്ധ്വാനവും കായിക ശേഷിയും ആവശ്യമുള്ള ആയാസകരമായ ജോലി തന്നെയായിരുന്നു ഇത്. പഴയ മരച്ചക്കിന്റെയും കൽചക്കിന്റെയും ഏറ്റവും പരിഷ്കരിച്ച ആധുനിക രൂപമാണ് ഇപ്പോൾ സർവ്വസാധാരണമായ എക്സ്പെല്ലറുകൾ. പക്ഷേ ഒന്നുണ്ട് എക്സ്പെല്ലറിൽ ആട്ടിയശേഷം കിട്ടുന്ന തേങ്ങാപ്പിണ്ണാക്കോ എള്ളിൻപ്പിണ്ണാക്കോ കടിച്ചാൽ പല്ലിന്റെ കഥ കഴിഞ്ഞതുതന്നെ. അത്രകണ്ട് കടുപ്പുവും മുറുക്കവുമുള്ള, എണ്ണയുടെ അംശം തെല്ലുപോലും അവശേഷിക്കാത്ത കരിങ്കല്ല് പോലെ കട്ടിയായ അവസ്ഥയിലാണ് ഈ പിണ്ണാക്ക്. എന്നാൽ മരച്ചക്കിലാട്ടിയെടുത്ത പിണ്ണാക്കിൽ ഏതാണ്ട് 20 -25 ശതമാനം എണ്ണ ബാക്കിനിൽക്കും. അതുകൊണ്ടു തന്നെ അതു കഴിക്കുമ്പോൾ അതിന്റേതായ സ്വാദും രുചിയുമുണ്ടായിരുന്നു.

പണ്ട് മരച്ചക്കിൽ എണ്ണയാട്ടി കഴിയുമ്പോൾ പിണ്ണാക്ക് വാങ്ങി കഴിക്കുവാനായി ചക്കുള്ള വീടുകളിൽ കുട്ടികളുടെ നീണ്ട നിരയുണ്ടാകുമായിരുന്നു. അതുമായി ബന്ധപ്പെട്ടും ഒരു തനി നാടൻ ശൈലി പ്രചാരത്തിലുണ്ട്. 'പിണ്ണാക്കു തന്നില്ലെങ്കിൽ ചക്കിൽ കാഷ്ഠിക്കുമത്രേ' - ആവശ്യപ്പെടുന്ന കാര്യം നിവർത്തിച്ചില്ലെങ്കിൽ എന്തു ഹീനമായ മാർഗ്ഗവും അവലംബിക്കുമെന്ന് ധ്വനി. എള്ളും മരോട്ടിക്കയും പുന്നയ്ക്കായുമൊക്കെ പുതിയ തലമുറയെ സംബന്ധിച്ച് ബോട്ടണി ക്ലാസികളിൽ എപ്പോഴോ കേട്ടുമറന്ന പദങ്ങൾ മാത്രം! മുഖദാവിൽ കണ്ടിട്ടില്ലാത്ത വംശനാശം സംഭവിച്ച അപൂർവ സ്പീഷിസ്സുകൾ. ആധുനിക യന്ത്രങ്ങളുടെ അധിനിവേശത്തിനിടയിൽ ചക്കിനെവിടെ സ്ഥാനം? അത് ഏറെക്കുറെ തീർത്തും ഇല്ലാതായി.

പക്ഷേ ഒന്നുണ്ട്, വിസ്മൃതിയിലാണ്ടുപോയതും നാം വഴിയിലുപേക്ഷിച്ചു കളഞ്ഞതുമായ പല നന്മകളും പല രൂപത്തിലും ഭാവത്തിലും തിരിച്ചു വരുന്നതു നാം കാണുന്നു. ഹൃദ്രോഗത്തിന്റെയും കൊളസ്ട്രോളിന്റെയും ഭയപ്പാടുണർത്തി അടുക്കളയിൽ നിന്ന് നാം ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കിയ നമ്മുടെ സ്വന്തം വെളിച്ചെണ്ണ ഇതാ അഗ്നിശുദ്ധി വരുത്തി തിരിച്ചു വന്നിരിക്കുന്നു. മറ്റെല്ലാ ഭക്ഷ്യഎണ്ണകളേക്കാളും ആയുരാരോഗ്യത്തിന് അത്യുത്തമമാണ് വെളിച്ചെണ്ണയെന്ന് കാലം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. വെളിച്ചെണ്ണയെ വിചാരണകൂടാതെ പ്രതിക്കൂട്ടിലടച്ച സായിപ്പിന്റെ നാട്ടിലേക്കും വെന്ത വെളിച്ചെണ്ണ അഥവാ ഉരുക്കുവെളിച്ചെണ്ണ ക്യാപ്സൂൾ രൂപത്തിലും അല്ലാതെയും ഒരു മരുന്നു പോലെ ഇറക്കുമതി ചെയ്യുന്നവത്രേ! മറവിരോഗത്തിന് മറുമരുന്നായി നമ്മുടെ ഈ അമ്മൂമ്മ വൈദ്യത്തെ അവർ ഉപയോഗപ്പെടുത്തുന്നു പോലും! പേരു മാത്രം പരിഷ്കരിച്ചു. വിർജിൻ കോക്കനട്ട് ഓയിൽ.

ഒരു സംഭവം കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം- രണ്ടാഴ്ച മുമ്പ് ഈ കുറിപ്പ് എഴുതുന്ന ലേഖകന്റെ തൊട്ടയൽപക്കത്തെ എഴുപതുവയസ്സു കഴിഞ്ഞ അമ്മച്ചിക്ക് ഹൃദയശസ്ത്രക്രിയ നടന്നു. ചെങ്ങന്നൂരിനടുത്ത് കല്ലിശ്ശേരിയിൽ അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ച ഹൃദയസംബന്ധിയായ ചികിത്സയ്ക്ക് പുകൾപെറ്റ ആശുപത്രിയിലായിരുന്നു ശസ്ത്രക്രിയ. ശസ്ത്രക്രിയയ്ക്കുശേഷം വീട്ടിലേക്ക് മടങ്ങുമ്പോൾ ഡോക്ടർമാർ ഭക്ഷണകാര്യത്തിലും വ്യായാമകാര്യത്തിലും അനുവർത്തിക്കേണ്ട നിഷ്ഠകളെല്ലാം പറഞ്ഞു മനസ്സിലാക്കി. അതിൽ പ്രധാനകാര്യം ആവശ്യത്തിനു വെളിച്ചെണ്ണ മാത്രം ഉപയോഗിക്കുക മറ്റ് ഭക്ഷ്യ എണ്ണകളേക്കാൾ അത്യുത്തമം വെളിച്ചെണ്ണയാണത്രേ!!

*"ഇന്നലെ ചെയ്തോരപരാധമത്രയും*
*മൂഢർക്കിന്നത്തെ ആചാരമാകാം,*
*ഒരുപക്ഷേ നാളത്തെ ശാസ്ത്രമതാകാം"*

- മറവിയിലായ മരച്ചക്കിനെക്കുറിച്ചുള്ള ഈ കുറിപ്പിന്റെ ഭരതവാക്യം ഈ വരികളാകട്ടെ.

*ഫോൺ: 9447220197*

# തെങ്ങിൻ തോപ്പിലെ ജൈവ മഞ്ഞൾ കൃഷി ഇടവിളകൃഷിയിലെ പാരസ്പര്യം

**ഡോ.സികെ തങ്കമണി,ഡോ.പിഎസ് മനോജ്*,ഡോ.വി ശ്രീനിവാസൻ***
ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കോഴിക്കോട്. 673 012
*കൃഷി വിജ്ഞാന കേന്ദ്രം, പെരുവണ്ണാമൂഴി.

കേരളത്തിന്റെ കൽപ വൃക്ഷമാണ് തെങ്ങ്. സംസ്ഥാനത്ത് നിലവിൽ 7,60,776 ഹെക്ടർ സ്ഥലത്താണ് തെങ്ങ് കൃഷി ചെയ്യുന്നത്. ഇത് നമ്മുടെ കൃഷി ഭൂമിയുടെ 30 ശതമാനത്തോളം വരും. കൂടാതെ രാജ്യത്തിന്റെ തെങ്ങു കൃഷിയുടെ 38 ശതമാനത്തോളവും കേരളത്തിലാണ്. എന്നാൽ നാളികേര കർഷകരിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകർ ആയതിനാൽ ഇതിൽ നിന്ന് ജീവസന്ധാരണത്തിന് ആവശ്യമായ വരുമാനം നേടാനോ മറ്റ് തൊഴിലവസരങ്ങൾ ഉറപ്പു വരുത്തുവാനോ ഈ മേഖലയ്ക്ക് കഴിയാറില്ല. ആയതിനാൽ തെങ്ങ് അധിഷ്ഠിത സമ്മിശ്ര കൃഷിയിലൂടെ ഭൂമിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അധിക ആദായം ഉറപ്പാക്കാനുമുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്.

### തെങ്ങും ഇടവിള കൃഷിയും

കേരളത്തിന്റെ തനത് പുരയിടകൃഷിയിലെ പ്രധാന ഘടകമാണ് തെങ്ങും ഉപ വിളകളും. സമ്മിശ്ര കൃഷിക്ക് അനുയോജ്യമായ വിളയാണ് തെങ്ങ്. സാധാരണയായി 7.5 മീറ്റർ x 7.5 മീറ്റർ ഇടയകലം നൽകി തെങ്ങു കൃഷി ചെയ്യുന്ന തോട്ടത്തിൽ തെങ്ങിന്റെ വേരു പടലം 25 ശതമാനത്തോളം സ്ഥലം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. തെങ്ങിനു ചുറ്റും രണ്ട് മീറ്റർ വ്യാസാർദ്ധത്തിൽ വേരു പടലം കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ബാക്കി 75 ശതമാനം ഭൂമിയും അതു പ്രയോജനപ്പെടുത്തുന്നില്ല. അതുപോലെ തന്നെ തൈകൾ നട്ട് നാലു വർഷം വരെ തെങ്ങുകൾക്കിടയിൽ 75മുതൽ 100ശതമാനം വരെ സൂര്യപ്രകാശം ലഭിക്കുന്നു. പിന്നീട് തെങ്ങ് കായ്ച് തുടങ്ങുന്നത് മുതൽ 20 വയസ്സു വരെ തെങ്ങിൻ തോപ്പിൽ 20 ശതമാനത്തിൽ താഴെയേ സൂര്യപ്രകാശം കിട്ടുകയുള്ളൂ. അതു കഴിഞ്ഞാൽ വീണ്ടും 20 വർഷം പിന്നിടുമ്പോൾ തെങ്ങിൻ തോപ്പിൽ 75 ശതമാനം വരെ സൂര്യപ്രകാശം ലഭിക്കും. തെങ്ങിന്റെ ഈ പ്രത്യേക വളർച്ചാരീതികൊണ്ട് തന്നെ വിവിധ ഘട്ടങ്ങളിലായി ഹ്രസ്വ ദീർഘകാല വിളകൾ ഉൾപ്പെടുത്തിയുള്ള ഇടവിള, മിശ്ര വിള, ബഹുനില, സമ്മിശ്ര കൃഷിരീതികൾ പ്രാവർത്തികമാക്കാവുന്നതാണ്. തെങ്ങിനു നൽകുന്ന ജലവും വളവും കുറെ ഇടവിളകൾക്കും ലഭിക്കും. ഇടവിളകൾക്കു കൊടുക്കുന്നതിൽ കുറച്ച് തെങ്ങുകളും സ്വാംശീകരിക്കും. അങ്ങനെ പരസ്പര പൂരകമായ കൂട്ടുകെട്ട് തെങ്ങിൻ തോപ്പുകളിൽ രൂപപ്പെടും. ഇതിലൂടെ കൃഷിക്കാരന് അധിക ചെലവില്ലാതെ അധിക ആദായം നേടാനും സാധിക്കും.

തെങ്ങ് അധിഷ്ഠിത പുരയിട കൃഷിക്ക് യോജിച്ച സുഗന്ധവിളയാണ് മഞ്ഞൾ. തെങ്ങിന്റെ വളർച്ചയുടെ ഏത് ഘട്ടത്തിലും കൃഷി ചെയ്യുവാൻ യോജിച്ച വിള കൂടിയാണ് ഇത്. മഞ്ഞൾ ഇടവിളയായി കൃഷി ചെയ്യുമ്പോൾ നാളികേരത്തിനു പുറമേ ശരാശരി 15 ടൺ പച്ച മഞ്ഞൾ ഒരു ഹെക്ടറിൽ നിന്നുൽപാദിപ്പിക്കുവാൻ സാധിക്കും എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇത് വഴി ശരാശരി ഒന്നര ലക്ഷത്തോളം രൂപ അധിക വരുമാനവും പ്രതീക്ഷിക്കാം.

### ജൈവ മഞ്ഞൾ കൃഷിയുടെ പ്രാധാന്യം

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ മഞ്ഞൾ കൃഷി പൊതുവെ കുറവാണ്. ലോകമെമ്പാടും ഭക്ഷണത്തിന് പ്രിയമേറി വരുന്നതിനാൽ പൂർണ്ണമായും ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾക്ക് ആവശ്യകത കൂടി വരികയുമാണ്. കൂടാതെ അർബുദ രോഗത്തെ തടയുവാൻ കഴിയുന്ന കുർക്കുമിൻ







എന്ന പോളി ഫീനോൾ അടങ്ങിയിരിക്കുന്നതിനാൽ മഞ്ഞളിന് ആഗോള വിപണിയിൽ ആവശ്യം കൂടി വരികയുമാണ്. രോഗ കീടബാധകൾ വളരെ കുറവായതിനാൽ തെങ്ങിൻ തോപ്പിൽ ജൈവ രീതിയിലുള്ള ഇടവിള കൃഷിക്ക് ഏറ്റവും യോജിച്ച വിളകൂടിയാണ് മഞ്ഞൾ. മണ്ണിൽ നിന്നു തെങ്ങിനെ ബാധിക്കുന്ന പല രോഗങ്ങളും മഞ്ഞൾ കൃഷി ചെയ്താൽ അകന്നു നിൽക്കുകയും ചെയ്യും.

ജൈവ മഞ്ഞളിന്റെ ഡിമാന്റ് മുന്നിൽക്കണ്ട് ധാരാളം കർഷക കൂട്ടായ്മകൾ മഞ്ഞൾ കൃഷിയുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ജൈവ മഞ്ഞൾ കൃഷിക്കായി ചാണകപ്പൊടി, മണ്ണിരക്കമ്പോസ്റ്റ്, വേപ്പിൻപിണ്ണാക്ക്, കീട രോഗ നിയന്ത്രണത്തിനായി വേപ്പെണ്ണ, ട്രൈക്കോഡർമ്മ, പി.ജി.പി.ആർ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ജൈവ കൃഷി സാങ്കേതിക വിദ്യ കോഴിക്കോട് ആസ്ഥാനമായുള്ള ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരളത്തിന്റെ പല ഭാഗങ്ങളിലും പരീക്ഷിച്ച് വിജയം കണ്ട ഈ സാങ്കേതിക വിദ്യയാണ് കോഴിക്കോട് ബാലുശ്ശേരി പഞ്ചായത്തിലെ മണ്ണാമ്പൊയിലുള്ള പത്ത് പേരടങ്ങുന്ന ഹരിതശ്രീ സ്വയം സഹായ സംഘവും അനുവർത്തിച്ചത്. ഒരു ഏക്കർ സ്ഥലത്താണ് ആദ്യ ഘട്ടമെന്ന രീതിയിൽ മഞ്ഞൾ കൃഷി ആരംഭിച്ചത്. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കൃഷിക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകി.

### കൃഷി രീതി

ഇരുപത് വർഷത്തിൻമേൽ പ്രായമുള്ള തെങ്ങിൻ തോപ്പുകൾക്ക് പുറമേ തുറസ്സായ സ്ഥലങ്ങളും കൃഷിക്കായി തിരഞ്ഞെടുത്തു. ഏപ്രിൽ മാസത്തിൽ വേനൽമഴ ലഭിച്ചതോടുകൂടി സ്ഥലം തയ്യാറാക്കുകയും, അവിടെ ഒരു മീറ്റർ വീതിയും 30 സെന്റി മീറ്റർ ഉയരവും സൗകര്യപ്രദമായ നീളവുമുള്ള വാരങ്ങളും എടുത്തു. മറ്റ് കൃഷിപ്പണികൾക്കായി രണ്ട് വാരങ്ങൾ തമ്മിൽ 50 സെന്റി മീറ്റർ അകലവും നൽകി. ഇങ്ങനെ തയ്യാറാക്കിയ വാരങ്ങളിൽ 25 സെന്റി മീറ്റർ x 25 സെന്റി മീറ്റർ അകലത്തിൽ എടുത്ത ചെറിയ കുഴികളിൽ 25 ഗ്രാം തൂക്കമുള്ള മഞ്ഞൾ വിത്തുകൾ നട്ടു. ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത ഐഐഎസ്.ആർ. പ്രതിഭ എന്ന ഇനമാണ് ജൈവ കൃഷിക്കായി ഉപയോഗിച്ചത്.

### ഐഐഎസ്.ആർ.പ്രതിഭ

ഉയർന്ന ഉൽപാദന ശേഷിയും 225 ദിവസം മൂപ്പുമുള്ള ഇനമാണ് ഐഐഎസ്. ആർ. പ്രതിഭ. ഒരു ഹെക്ടറിൽ നിന്നും



ശരാശരി 39 ടൺ വിളവ് ലഭിക്കുന്ന ഈ ഇനത്തിലെ കുർകുമിൻ അളവ് 6.52 ശതമാനമാണ്. ഉണക്ക് ശതമാനം 18.5 ഉള്ള ഈ ഇനത്തിന് വേരിനെ ബാധിക്കുന്ന നിമാവിരകള പ്രതിരോധിക്കാനുള്ള കഴിവുണ്ട്.

## വളപ്രയോഗവും മറ്റ് കൃഷി മുറകളും

അടിവളമായി കാലിവളം, മണ്ണിര കമ്പോസ്റ്റ്, വേപ്പിൻ പിണ്ണാക്ക്, എല്ല് പൊടി എന്നിവ ചേർത്ത് കൊടുത്തു. ഇവ പിന്നീട് നട്ട് ഒന്നര മാസത്തിലും മൂന്ന് മാസത്തിലും ആവർത്തിച്ചു. കൂടാതെ മാസത്തിൽ ഒരിക്കൽ എന്ന തോതിൽ നേർപ്പിച്ച ഗോമൂത്രവും മണ്ണിര സത്തും തടത്തിൽ ഒഴിച്ചു കൊടുത്തു. സ്യൂഡോമോണാസ് ലായനിയും (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) മാസത്തിൽ ഒരിക്കൽ തടങ്ങളിൽ പ്രയോഗിച്ചു. സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുവാൻ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത സൂക്ഷ്മ മൂലക മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 60, 80 ദിവസങ്ങളിൽ ഇലകളിൽ തളിച്ച് കൊടുക്കുകയും ചെയ്തു.

പ്രധാനമായും തെങ്ങോലയാണ് പുതയിടാനായി ഉപയോഗിച്ചത്. ഓരോ വളപ്രയോഗത്തിന് മുൻപായും കളകൾ നീക്കം ചെയ്ത ശേഷം വളങ്ങൾ ചേർത്ത് മണ്ണ് കൂട്ടി കൊടുക്കലും പുതയിടലും ആവർത്തിച്ചു. ഈ സംയോജിത കൃഷി രീതി അനുവർത്തിച്ചാൽ യാതൊരു രോഗ കീട ബാധകളും ചെടികളെ ബാധിക്കുകയേയില്ല.

## വിളവെടുപ്പ്

നട്ട് എട്ടാം മാസത്തിൽ മഞ്ഞൾ വിളവെടുപ്പിന് തയ്യാറായി. ഒരു ഏക്കർ സ്ഥലത്തു നിന്ന് ഏകദേശം 4.5 ടൺ വിളവാണ് ലഭിച്ചത്. ഇതിൽ 500 കിലോഗ്രാം, കിലോഗ്രാമിന് 80 രൂപ നിരക്കിൽ വിത്ത് മഞ്ഞളായി വിൽപ്പന നടത്തി. 3.45 ടൺ ഉണക്കിപ്പൊടിച്ച് മഞ്ഞൾപ്പൊടിയാക്കി സമീപ പ്രദേശങ്ങളിൽ വിൽക്കാൻ സാധിച്ചു. മഞ്ഞൾപ്പൊടി കിലോഗ്രാമിന് 360 രൂപാ നിരക്കിലാണ് വിറ്റത്. ബാക്കിയുള്ള വിത്ത് അടുത്ത കൃഷിക്കായി ഉപയോഗിച്ചു. ആദ്യമായി തുടങ്ങിയ ഈ ജൈവകൃഷി സംരംഭത്തിൽ ഏകദേശം മൂന്ന് ലക്ഷം രൂപയോളം ആദായം നേടാനായത് കൂടുതൽ സംരംഭങ്ങളിലേക്ക് ചുവട് വയ്ക്കുവാൻ ഈ സ്വയം സഹായ സംഘത്തിന് പ്രചോദനം നൽകി.

## കൃഷി ഉൽപന്ന വൈവിദ്ധ്യവൽക്കരണം

മഞ്ഞൾകൃഷിക്ക് പുറമെ ഇഞ്ചി (ഐ.ഐഎസ്.ആർ വരദ എന്ന അത്യുൽപാദന ശേഷിയുള്ള ഇനം) ചേന, പച്ചക്കറി കൃഷികൾ എന്നിവ ഇവയിൽ ചിലതാണ്. മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു കറി പൗഡർ യൂണിറ്റാണ് അടുത്തതായി തുടങ്ങിയത്. ഇതിനുള്ള ലൈസൻസും സംഘം കരസ്ഥമാക്കി കഴിഞ്ഞു. ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിന്റെ അത്യുൽപാദനശേഷിയുള്ള ഇഞ്ചി, മഞ്ഞൾ ഇനങ്ങളുടെ വിത്തുൽപ്പാദനത്തിനുള്ള ലൈസൻസും സംഘത്തിനുണ്ട്. കുടുംബശ്രീ മിഷനുമായി സഹകരിച്ച് 50 സെന്റ് സ്ഥലത്ത് ഒരു കാർഷിക നഴ്സറിയും ആരംഭിച്ചിട്ടുണ്ട്. ഈ നഴ്സറിയുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ അര ലക്ഷത്തോളം വീടുകളിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയും സംഘം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ വൈവിദ്ധ്യമാർന്ന സംരംഭങ്ങളിലൂടെ നല്ലൊരു വരുമാനം കാർഷിക മേഖലയിൽ നിന്ന് നേടാനാവുമെന്നതിന് ഉത്തമ ഉദാഹരണമാണ് ഹരിതശ്രീ സ്വയം സഹായ സംഘം

*കൂടുതൽ വിവരങ്ങൾക്ക് : ബാലകൃഷ്ണൻ. ഫോൺ 9847925358*

## കാസറഗോഡൻ കേര രുചികൾ: ഏത്തക്ക അട

### ചേരുവകൾ

നേന്ത്രപ്പഴം - നന്നായി പഴുക്കാത്തത് ഒന്ന്
തേങ്ങ ചിരകിയത് - അര മുറി
മുളകുപൊടി - ഒരു ടീസ്പൂൺ
വെളുത്തുള്ളി - രണ്ട് അല്ലി
മഞ്ഞൾ പൊടി - കാൽ ടീസ്പൂൺ
ഉപ്പ് - രുചിക്ക്
അരി - കാൽ കിലോ
പെരുംജീരകം - നുള്ള്



### പാകം ചെയ്യുന്ന വിധം

ഏത്തപ്പം ചെറുതായി മുറിച്ചതും തേങ്ങ ചിരകിയതും മുളകു പൊടിയും മഞ്ഞൾ പൊടിയും ഉപ്പും ചേർത്ത് വേവിക്കുക. വെന്ത് മണം വരുമ്പോൾ വെളുത്തുള്ളി കൂടി ഇട്ട് ഇളക്കി ഫ്ളെയിമിൽ നിന്ന് മാറ്റി വയ്ക്കുക

അരി കുതിർത്ത് ഉപ്പും കുറച്ച് വെള്ളവും ഒഴിച്ച് നന്നായി അരച്ച് എടുക്കുക. ഇത് ചെറിയ ഉരുളകളാക്കിയ ശേഷം പരത്തുക. ഇതിലേയ്ക്ക് ഏത്തക്ക തേങ്ങാ മിശ്രിതം വച്ച് മടക്കി അപ്പച്ചെമ്പിൽ വച്ച് ആവിയിൽ വേവിച്ച് എടുക്കുക.

*കടപ്പാട്: ഷമീന ബീഗം പിപി, നിലേഹർ ഇല്യാസുകുട്ടി, ശ്യാമ പ്രസാദ്. സിപിസിആർഐ, കാസറഗോഡ്.*

# കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേര പാചക മത്സരം നടത്തി

ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ 75-ാമത് വാർഷികത്തോടനുബന്ധിച്ച് കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ ലോക ഭക്ഷ്യദിനാഘോഷം നടത്തി. ഇതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി നാളികേര പാചക കുറിപ്പു മത്സരവും സംഘടിപ്പിച്ചു. മത്സരത്തിൽ മീര രാംദാസ് തയാറാക്കിയ ഇളനീർ പായസത്തിന് ഒന്നാം സമ്മാനവും, പ്രീതി പങ്കജ് തയാറാക്കിയ നാളികേര പുഡ്ഡിംങ്ങിന് രണ്ടാം സമ്മാനവും ലളിതാബായി തയാറാക്കിയ ഇളനീർ ജൂസ് ആൻഡ് ബോണ്ടി ചോക്കലേറ്റിന് മൂന്നാം സമ്മാനവും ലഭിച്ചു. ഡോ.എം ആർ മണികണ്ഠൻ, ഡോ.ഡാലിയമോൾ, ഡോ.ഷമീനബീഗം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഒന്നാം സമ്മാനം നേടിയ മീര രാംദാസ് സിപിസിആർഐയിലെ സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് (വെഹിക്കിൾ) രാംദാസിന്റെ ഭാര്യയാണ്. രണ്ടാം സമ്മാനം നേടിയ പ്രീതി സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് (വെഹിക്കിൾ) പങ്കജാക്ഷന്റെ പുത്രിയും മൂന്നാം സമ്മാനത്തിന് അർഹയായ ലളിതാബായി സ്കിൽഡ് സപ്പോർട്ടിംങ് വിഭാഗം ജീവനക്കാരിയുമാണ്.



*ഒന്നാം സമ്മാനം*



*രണ്ടാം സമ്മാനം*



*മൂന്നാം സമ്മാനം*


## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇന്ത്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയെയും കേരവ്യവസായത്തെയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസിക) | ഭാരതീയ തെങ്ങ് പത്രിക (കന്നട ത്രൈമാസിക) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസിക) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷിക) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷിക) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 15 ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# പവിഴദ്വീപിലെ നാളികേര കാഴ്ചകൾ

**ദീപ്തി ആർ**
ഡവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി –11

**ലക്ഷദ്വീപ് – തെങ്ങുകളുടെ പറുദീസ. വേറെ എവിടെയെല്ലാം തെങ്ങുകൾ കണ്ടാലും തെങ്ങുകൾ കാടുപോലെ വളർന്നു നിൽക്കുന്നതു കാണണമെങ്കിൽ ലക്ഷദ്വീപിൽ ചെല്ലണം. തെങ്ങു മാത്രം വളരുന്ന നാട്. തെങ്ങിനു മാത്രം യോജിച്ച മണ്ണ്. ചുറ്റും നീല കടൽ. അതിനു നടുവിൽ തെങ്ങിന്റെ മേലാപ്പു തീർക്കുന്ന പച്ചത്തുരുത്തുകളുമായി ചിതറി കിടക്കുന്ന കൊച്ചു കൊച്ചു ദ്വീപുകൾ. പ്രകൃതി സൗന്ദര്യത്തിന്റെയും കേരസമൃദ്ധിയുടെയും അപൂർവ സംഗമം.**

കൊച്ചി തീരത്ത് നിന്ന് ഏകദേശം 300 കിലോ മീറ്റർ അകലത്തിൽ അറബിക്കടലിൽ സ്ഥിതി ചെയ്യുന്ന ദ്വീപു സമൂഹമാണ് ലക്ഷദ്വീപ്. 36 ചെറു ദ്വീപുകൾ ചേർന്ന് ഈ ദ്വീപു സമൂഹത്തിൽ 11 ദ്വീപുകളിൽ മാത്രമേ ജനവാസമുള്ളൂ. എന്നാൽ പ്രത്യേക പരിചരണം ഒന്നുമില്ലാതെ തന്നെ വളർന്ന് നിൽക്കുന്ന തെങ്ങുകളാണ് ഈ ദ്വീപുകളിൽ മുഴുവനും. മണൽ മണ്ണും പവിഴ ദ്വീപുകളും ഉപ്പുവെള്ളവും കടൽക്കാറ്റും ചേർന്ന ആവാസ വ്യവസ്ഥയിൽ രാസവളങ്ങളോ കീടനാശിനികളോ ഇല്ലാത്ത ജൈവ കേര കൃഷി. അതിനാൽ തന്നെ ലക്ഷദ്വീപിലെ പ്രധാന ഉത്പന്നമായ നാളികേരവും ജൈവം തന്നെ.

## ചരിത്രം ഉറങ്ങുന്ന ദ്വീപ്

ലക്ഷദ്വീപിലെ ചരിത്രശേഖരങ്ങളിൽ ആന്ത്രോത്ത് ദ്വീപിൽ നിന്നും അവിചാരിതമായി കുഴിച്ചെടുത്ത ശ്രീബുദ്ധ പ്രതിമയുടെ അവശിഷ്ടങ്ങളും കാണാം. ഇസ്ലാം മത പ്രചാരണത്തിനു മുമ്പ് ഏകദേശം എഡി 7, 8 നൂറ്റാണ്ടുകളിലാണ് ഈ പ്രതിമയുടെ നിർമ്മാണ കാലം എന്നു കണക്കാക്കപ്പെടുന്നു. 1964 ൽ കൽപേനി ദ്വീപിൽ നിന്നും ശ്രീബുദ്ധന്റെ ഒരു ലോഹ വിഗ്രഹവും ലഭിക്കുകയുണ്ടായി. ദ്വീപസമൂഹങ്ങളിൽ ഇസ്ലാം മത പ്രചാരണവുമായി ബന്ധപ്പെട്ട് പഴയ മുസരിസും (കൊടുങ്ങല്ലൂർ) ചേരമാൻ പെരുമാളുമായി ബന്ധപ്പെട്ട രേഖകളും ഉണ്ട്.

**ദ്വീപും കേരളവും**

ലക്ഷദ്വീപിന് എന്നും കേരളവുമായി വളരെ അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. മലബാറിനും ലക്ഷദ്വീപിനും ഇടയിൽ ഭരണപരമായും വാണിജ്യപരമായും അടുപ്പം ഉണ്ടായിരുന്നു. വാണിജ്യ ഉൽപന്നങ്ങളായ കയറും കൊപ്രയും എല്ലാം കടൽ മാർഗ്ഗം ബേപ്പൂരിലേയ്ക്കാണ് എത്തിയിരുന്നത്. അറക്കൽ രാജ വംശത്തിന് ദ്വീപിൽ നിലനിർത്തിയിരുന്ന ഭരണാവകാശവും ദ്വീപിനെയും കേരളത്തെയും കൂടുതൽ ചേർത്ത് നിർത്തി. ദ്വീപിലെ ഭാഷയ്ക്കു പോലും മലയാളവുമായി വളരെ സാമ്യം പുലർത്തുന്നു.

## ചില കണക്കുകൾ


ഇന്ത്യയിലെ തെങ്ങിന്റെ ഉൽപാദന -ഉൽപാദനക്ഷമതാ കണക്കുകൾ പരിശോധിച്ചാൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഈ കേന്ദ്രഭരണ പ്രദേശം തന്നെ. ഒരു ഹെക്ടറിൽ നിന്ന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണമെടുത്താൽ ഏകദേശം 32753. ഇതേ കണക്കിൽ കേരളത്തിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 9175 എണ്ണമാണ്. ലക്ഷദ്വീപിലെ പ്രായമേറിയ തെങ്ങുകൾ കൃത്യമായ അകലത്തിലാണ് വളരുന്നത് എങ്കിലും പ്രായം കുറഞ്ഞ തെങ്ങുകൾക്കിടയിൽ കൃത്യമായ അകലം കാണുന്നില്ല.


ദ്വീപിലെ പല ഭാഗങ്ങളിലും തെങ്ങുകൾക്ക് ആരും പ്രത്യേക പരിചരണമൊന്നും നൽകി കാണുന്നില്ല. മൂത്തു വിളഞ്ഞ തേങ്ങകൾ താഴെ വീഴുകയും താനെ മുളച്ച് അടുത്ത തലമുറ തെങ്ങുകളായി അവ വളരുകയും ചെയ്യുന്നു. രോഗ കീടങ്ങളുടെ അഭാവവും ഉയർന്ന ഉൽപാദനക്ഷമതയിൽ പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ മിക്കയിടങ്ങളിലും അതിരൂക്ഷമായ വെള്ളീച്ച ആക്രമണവും തെങ്ങുകളിലുണ്ട്.

**തെങ്ങും ദ്വീപും : ചരിത്ര രേഖകൾ**

ദ്വീപു സമൂഹങ്ങളും തെങ്ങും എന്നും ചരിത്ര രേഖകളിൽ ഇടം പിടിക്കാറുണ്ട്. ലക്ഷദ്വീപിന്റെ ചരിത്രത്തിലും നാളികേരത്തിന് പങ്കുണ്ട്. ദ്വീപിലെ പ്രധാന ഉൽപന്നങ്ങളിലൊന്നായ മീര (തെങ്ങിൻ കള്ള്) ശേഖരണവും മറ്റും ചരിത്ര രേഖകളിൽ ഇടം പിടിച്ചിട്ടുണ്ട്. എഡി 428 വർഷത്തിൽ മീര (തെങ്ങിൻ കള്ള്) ശേഖരണത്തിനായി ഉപയോഗിച്ചിരുന്ന മരത്തടിയിൽ നിർമ്മിച്ച ചക്കക്കുറ്റി ഇന്നും അഗത്തി ദ്വീപിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് മീര കാച്ചി തെങ്ങിൻ ചക്കര ഉണ്ടാക്കുവാൻ ഉപയോഗിച്ചിരുന്ന പിച്ചള പാത്ര





വും അഗത്തിയിലെ പുരാവസ്തു ശേഖരത്തിൽ കാണാം.

## തെങ്ങിനങ്ങളും പരിചരണവും

ലക്ഷദ്വീപിൽ എവിടെ നോക്കിയാലും ഇളം നീല നിറത്തിലുള്ള കടലും കായ്ച് കിടക്കുന്ന തെങ്ങിൻ തലപ്പുകളും മാത്രമാണുള്ളത്. പ്രധാനമായും നെടിയ ഇനത്തിൽപ്പെട്ട ലക്ഷദ്വീപ് ഓർഡിനറി തെങ്ങുകളാണ് എമ്പാടും കാണാവുന്നത്. നിറയെ ചെറിയ കായ്കൾ പിടിക്കുന്ന ലക്ഷദ്വീപ് മൈക്രോ ഇനവും അങ്ങിങ്ങായി കാണാം. തോടോം, ചെറുക്ക, ചെങ്ങ, കരിങ്ങ എന്നീ പേരുകളാണ് ദ്വീപിൽ പറയുന്നത്. കേരളത്തിൽ ചെയ്യുന്ന പോലെ തടം തുറക്കലോ വളമിടീലോ പതിവില്ല.

പല വലിപ്പത്തിലും നിറത്തിലും ഉള്ള നാളികേര കുലകൾ കാണാം, ലക്ഷദ്വീപിൽ വിവിധങ്ങളായ രൂപത്തിലും ഘടനയിലും ഉള്ള തെങ്ങിനങ്ങളെ രൂപപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം ലക്ഷദ്വീപിലെ മിനിക്കോയ് ദ്വീപിൽ നിന്നും വിവിധ തരം നാളികേര ഇനങ്ങളിൽ പഠനം നടത്തി അവയെ വർഗീകരിച്ചിട്ടുണ്ട്. . വലിപ്പത്തിലും ആകൃതിയിലും ദ്വീപിലെ നാളികേരം വൈവിധ്യമുള്ളവയാണ്.

## നാളികേരം ദ്വീപ് ജീവിതത്തിൽ

ട്യൂണയും നാളികേരവും ലക്ഷദ്വീപിലെ നിത്യാഹാരത്തിലെ അവിഭാജ്യ ഘടകങ്ങളാണ്. തെങ്ങിൻ തോപ്പുകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ട്യൂണ, സംസ്കരണ ഷെഡുകളും, അതിൽ നിന്നുമുണ്ടാക്കുന്ന മാസ്സും ദ്വീപിലെ സ്ഥിരം കാഴ്ചയാണ്. നാളികേരം ഉണക്കി കൊപ്രയാക്കുവാൻ തനതായ രീതിയാണ് ഇവിടെ പിൻതുടരുന്നത്. നാളികേര വിനാഗിരിയും തെങ്ങിൻ ചക്കരയും നാളികേര പാലൊഴിച്ച വിഭവങ്ങളും തുടങ്ങി തെങ്ങിന്റെ എല്ലാവിധ മൂല്യ വർദ്ധിത ഉൽപന്നങ്ങളും ദ്വീപുകളിൽ ഉപയോഗിക്കപ്പെടുന്നു.

നാളികേര വൈവിദ്ധ്യത്താൽ നിറഞ്ഞ ലക്ഷദ്വീപുകൾ ജൈവിക കേരകൃഷിയിലും അവയുടെ മൂല്യ വർദ്ധനവിലും പരമ്പരാഗത രീതികളാണ് പിൻതുടരുന്നത്. പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തിക്കൊണ്ട് ദ്വീപുകളിൽ കൂടുതൽ സംരംഭങ്ങൾ വികസിപ്പിക്കപ്പെടേണ്ടതാണ്. സംസ്ക്കരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചാൽ നാളികേര സംസ്ക്കരണത്തിലും കയറ്റുമതിയിലും തിളങ്ങുന്ന പങ്ക് വഹിക്കാൻ ലക്ഷദ്വീപിന് സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

*ഫോൺ: 0484 2377266*

# വല്ലവും വല്ലിയും പിന്നെ ചെല്ലവും

എഴുമാവിൽ രവീന്ദ്രനാഥ്

**വീണ്ടും  വിഷുക്കാലം. ഒക്കെ പുറപ്പെട്ടോ, വിത്തും കൈക്കോട്ടും എന്നു വിഷുപ്പക്ഷികൾ നീട്ടിപ്പാടുന്ന കേരളത്തിലെ ഗ്രാമാന്തരീക്ഷത്തിലേയ്ക്ക് കൊന്നപ്പൂക്കൾ സ്വർണ കങ്ങിണികൾ ചാർത്തിയ പാതയോരങ്ങളിലേയ്ക്ക്, വിളവിറക്കാൻ കാത്തുകിടക്കുന്ന പുഞ്ചപ്പാടങ്ങളിലേയ്ക്ക് വിഷുക്കാലം വരികയാണ്. ഭൂമിയുടെ ജന്മദിനമാണ് വിഷു. ഭൂവുടമയും തൊഴിലാളിയും പ്രകൃതിയും തമ്മിലുള്ള അവിഭാജ്യ ബന്ധത്തിന്റെ കഴിഞ്ഞ കാല സ്മരണകളുമായി വിഷു വരികയാണ് മലയാള നാട്ടിലേയ്ക്ക്. വിഷു ആഘോഷങ്ങളിൽ കല്പവൃക്ഷമായ തെങ്ങിനുമുണ്ട് പ്രധാനപ്പെട്ട പ്രാതിനിധ്യം.**

മലയാളിത്തമുള്ള  കാർഷികോത്സവമാണു വിഷു. ഈ സംക്രമോത്സവം രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും അയൽ രാജ്യങ്ങളിലും വളരെ പ്രാധാന്യത്തോടുകൂടി ആഘോഷിച്ചു വരുന്നുണ്ട്. ഹരിതാഭമായ  പാരമ്പര്യത്തിന്റെ പ്രതീകം കൂടിയാണീദിനം. തെങ്ങോലയ്ക്കും, തേങ്ങയ്ക്കും ഇളനീരിനും ഈ ആഘോഷവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ ഏറെ പ്രാധാന്യമുണ്ട്.


മലയാളികളുടെ മംഗള കർമ്മങ്ങളിൽ തെങ്ങിന്റെ തളിരോല (കുരുത്തോല)യ്ക്കും  പൂക്കുലയ്ക്കും പ്രഥമ സ്ഥാനം നൽകി വരുന്നുണ്ടെങ്കിലും,  വിഷുവിന്റെ കാര്യത്തിൽ നേരെ മറിച്ചാണ്. ഇവിടെ തെങ്ങിൻ പൂക്കുലയ്ക്കു പകരം കണിക്കൊന്ന പൂക്കളുടെ സുവർണ്ണാലങ്കാരമാണ്. പക്ഷെ കണിവെള്ളരിയ്ക്കൊപ്പം  കണികാണാൻ കനകത്താലത്തിൽ നാളികേരമുണ്ടാവും. നെല്ലിൽ ഉറപ്പിച്ച നാളികരം അദ്ധ്വാനത്തിന്റെ പ്രാധാന്യത്തെയല്ലേ ചൂണ്ടിക്കാട്ടുന്നത്? പ്രതിസന്ധികൾ തരണം ചെയ്താൽ (നിശ്ചയ ദാർഢ്യത്തോടെ ക്ഷമയോടെ, ചിട്ടയോടെ) സദ് ഫലത്തിന്റെ മാധുര്യം നുകരാമെന്നതു നമ്മെ പഠിപ്പിക്കുകയല്ലേ  നമ്മുടെ നാളികേരം? തൊണ്ടും, ചകിരിയും, ചിരട്ടയും കടന്ന് മധുരമുള്ള കാമ്പും അതി മധുരമുള്ള നീരും  സ്വന്തമാക്കുന്നതും ആസ്വദിക്കുന്നതും പോലെയല്ലേ നമ്മുടെ ജീവിതവും?

വിഷുത്തലേന്നാണ് ഭൂവുടമകളും പണിയാളരും തമ്മിലുള്ള സ്നേഹം പ്രകടമാകുന്ന സുദിനം. വിഷു സദ്യക്കുള്ള കോപ്പുകളുമായി ജന്മിയുടെ ഭവനത്തിലേക്ക് സാഘോഷം എത്തുന്ന കർഷകതൊഴിലാളി തരുണികൾ കൈവശമേന്തുന്ന പച്ചത്തെങ്ങോലക്കുട്ടയാണ് വല്ലി അഥവാ വിഷു വല്ലി.

*തുഞ്ചം വെട്ടിയ പച്ചോല*
*അഞ്ചി കൊഞ്ചി മെടഞ്ഞാലേ*
*പുഞ്ചക്കണ്ടപ്പന്തലിലെ*
*പുഞ്ചിരി,  പുഞ്ചിരിയാവോള്ളൂ*

ഇഞ്ചം അഥവാ ഓലയുടെ അഗ്രഭാഗത്തെ ചെറിയോലകളും കവിൾ ഭാഗത്തെ കുറിയോലകളും നീക്കി വീതിയുള്ള ഓലക്കാലുകൾ വേർതിരിച്ചെടുത്ത് ഈർക്കിൽ മാറ്റിയാണ് വല്ലി മെടയുന്നത്. പച്ചയീർക്കിൽ കൊണ്ട് വിഷുച്ചൂലും തീർക്കും. ഇതുപയോഗിച്ചാണ് വിഷുത്തലേന്ന് വീടും പരിസരവും തൂത്തു വാരി  വൃത്തിയാക്കുക. വിഷു ദിനം ഇതൊന്നും പാടില്ല. വേനൽ തപിച്ചു കിടക്കുന്ന  പാടങ്ങളിൽ തുള്ളി നന നടത്തി പന്തലിട്ടാണു പച്ചക്കറികൾ വിഷു സദ്യയ്ക്കായി വിളയിക്കുന്നത്. പന്തലിലെ പുഞ്ചിരിയെന്നത് പറിയ്ക്കാൻ  പാകമായ വിളകളാണ്. ഇതിൽ പാവലും കോവലും, പടവലവും വെള്ളരിയും പയറുമെല്ലാം ഉണ്ടാവും.

ഓരോ വല്ലിയിലും നിറയെ പച്ചക്കറികൾ എന്നല്ല വിഷു വല്ലിയുടെ അർത്ഥം. മണ്ണു തന്ന ജന്മിയോടും വിള തന്ന ദൈവത്തോടും കൃതജ്ഞ പ്രകടിപ്പിക്കുന്ന  ചടങ്ങു മാത്രമാണിത്. ഓരോ വല്ലിയിലും ഓരോ വിളയാവും ഉണ്ടാവുക. ത്രിസന്ധ്യയ്ക്കു മുമ്പേ ഇവ തറവാട്ടുകാരണവർ ഇരു കൈകളും നീട്ടി സ്വീകരിക്കും. തുടർന്ന് ഇവയിലെ വിളകൾ വിഷു വിഭവങ്ങൾക്കായി കലവറയിലേക്കു കൊണ്ടു പോകും. വല്ലികളുമായി വന്നവരെ സന്തോഷപൂർവ്വം മടക്കി അയയ്ക്കുക എന്നത് ഭൂവുടമകളുടെ കടമയാണ്. നെല്ല്, തേങ്ങ, വെളിച്ചെണ്ണ, എള്ള് ശർക്കര, പഴം, വിഷുകോടി എന്നിവ നിറച്ചാണ് വല്ലികളോരോന്നും മടക്കി നൽകുക തൊഴിലാളികൾക്കു വിഷു ആഘോഷിക്കാനുള്ള വഹകളത്രേ ഇത്. എത്ര ഊഷ്മളമായ ജന്മി കുടിയാൻ ബന്ധമായിരുന്നു അന്നു



നിലനിന്നിരുന്നത്.

വിഷു ദിനത്തിൽ അതിരാവിലെ തന്നെ തൊഴുത്തിലെ കന്നുകാലികൾക്ക് പ്രാതലൂട്ടു നടത്തും. തലേന്നു തന്നെ കുളിപ്പിച്ചു നിർത്തിയ അരുമകളെ രാവിലെ വീണ്ടും തുടച്ചെടുക്കും. തൊഴുത്തുകൾ കഴുകി അവയെ ദീപക്കണി കാണിക്കും. പിന്നീട് മധുവൂറുന്ന തെങ്ങിളനീരും കറുകപ്പുല്ലും പ്രഭാത ഭക്ഷണമായി നൽകും. മീനാന്ത്യത്തിൽ പെയ്യുന്ന വേനൽ മഴയിൽ കുരുത്ത ഇളം പുല്ലും, തറവാട്ടു മുറ്റത്ത് പ്രത്യേകം പരിപാലിക്കുന്ന ഗൗരീ ഗാത്രം തെങ്ങുകളിലെ കരിക്കും പൈക്കൾ ആർത്തിയോടെ കഴിക്കുന്നതു നോക്കി തറവാട്ടംഗങ്ങൾ തൊഴുത്തുകളിൽ വാത്സല്യം കിനിയുന്ന മനസ്സോടെ നിൽക്കും. ഇതല്ലേ സഹജീവി സ്നേഹം.

ഇനിയാണു വിഷുച്ചെല്ലം എന്ന ലഘു താംബൂല പേടകം, വീതിയുള്ള പച്ചത്തെങ്ങോലയാണ് ഇവിടെയും താരം. ഇതിന്റെ വീതി രണ്ടായിപ്പകുത്ത് കുറച്ചാണ് ചെല്ലമുണ്ടാക്കുന്നത്. ഏകദേശം പത്തിഞ്ചു നീളവും അഞ്ചിഞ്ചു വീതിയുമുള്ള ചെല്ലപ്പെട്ടിക്ക് മൂന്നിഞ്ച് ഉയരവുമുണ്ടാകും. ഇതിൽ തളിർ വെറ്റിലയും പഴുത്ത അടയ്ക്കയും വാസനച്ചുണ്ണാമ്പും പുകയിലനുറുക്കും ഉണ്ടാകും വിഷു ദിനത്തിൽ അതിരാവിലെ വിഷുച്ചാലുകീറുന്ന ചടങ്ങുണ്ട്. കന്നി മഴയിൽ (മീന മാസത്തിലെ വേനൽ മഴ) കുതിർന്ന് ഒരുക്കു പാടങ്ങളിലേക്ക് ആദ്യമായി കലപ്പകൊണ്ടു സ്പർശിച്ച് ചാലുകൾ കീറി കാർഷിക വൃത്തികൾക്ക് ശുഭാരംഭം കുറിക്കുകയാണിതിലൂടെ ചെയ്യുന്നത്. ഒരുക്കു പാടമെന്നാൽ കല്ലും കട്ടയുമുടച്ച് ചപ്പും ചവറും നീക്കി നന്നേ ഇളക്കി മറിച്ച മണ്ണ് എന്നാണർത്ഥം. ഒരു തുള്ളി മഴവെള്ളം പോലും പാഴാകാതെയിരിക്കാൻ വേനൽച്ചൂടിൽ തന്നെ കർഷകർ മണ്ണൊരുക്കിയിരിക്കും. ഈ ചടങ്ങു കഴിഞ്ഞ് തേങ്ങാപ്പാലിൽ തയ്യാറാക്കിയ വിഷുക്കഞ്ഞിയും കഴിച്ച് കൈനീട്ടവും വാങ്ങി കൂരകളിലേക്കു മടങ്ങുന്ന നേരത്താണ് കാരണവർ കൃഷി മൂപ്പൻമാർക്ക് ചെല്ലം കൈമാറുന്നത്. വലിയൊരു ബഹുമതിയായിട്ടായിരുന്നു ഇതിനെ അവർ കണക്കാക്കിയിരുന്നത്.





ഇനിയുമുണ്ട് വിഷുവുമായി ബന്ധപ്പെട്ട ചടങ്ങുകൾ. അത് എണ്ണ മരങ്ങൾക്ക് വന്ദനം നൽകുന്ന ഏർപ്പാടാണ്. തെങ്ങ്, മരോട്ടി, ഉങ്ങ്, വേപ്പ് എന്നിവയ്ക്കാണ് കർഷകരുടെ വിഷുവൂട്ട്. ചുവട്ടിൽ നിന്ന് ഏതാനുമടി അകലത്തിൽ ചുറ്റുമായി ചാലുകീറി അതിൽ ഒരടി വീതിയിൽ വൈക്കോൽ നനച്ച് നിറച്ച് അതിന്മേൽ പഞ്ചഗവ്യം തളിക്കുകയാണ്. അവർ ചെയ്യുന്നത്. പാൽ, തൈര്, ഗോമൂത്രം, നെയ്യ്, ചാണകം എന്നിവ ചേർത്ത് ഒരു മണ്ഡല കാലം കൊണ്ടു പരുവപ്പെടുത്തിയെടുത്ത ഈ വിശിഷ്ട വസ്തു ഒരേ സമയം ഔഷധവും ആഹാരവും കീട സംഹാരിയുമാണ്. ചുറ്റു വട്ടത്തിൽ ഇവ സമൃദ്ധമായി തളിച്ച് കാൽ ഇഞ്ചു ഘനത്തിൽ മണ്ണിട്ടു മൂടി വൃക്ഷങ്ങളെ വലം വെച്ച് ഈ പ്രകൃതി സ്നേഹികൾ മടങ്ങുന്നു. വേപ്പ്, മരോട്ടി, ഉങ്ങ് ഇവയുടെ എണ്ണകൾ ദീപങ്ങൾ തെളിയിക്കാനും കീടങ്ങളെ തുരത്താനും മാത്രമല്ല അക്കാലത്ത് ഔഷധ നിർമ്മാണത്തിനും പ്രയോജനപെടുത്തിയിരുന്നു. മേടത്തിൽ പെയ്യുന്ന മഴയോടെ പഞ്ചഗവ്യം വൈക്കോൽ വഴി മണ്ണിലേക്ക് ഊർന്നിറങ്ങി വൃക്ഷങ്ങൾക്കു സംരക്ഷണ കവചമാകുമെന്നാണ് പൂർവ്വികർ പ്രതീക്ഷിച്ചിരുന്നത്. ആധുനിക സാങ്കേതിക വിദ്യകളും കൃഷി ശാസ്ത്രവും നാമെടുക്കുന്നതിനും മുമ്പേ സ്വയം വികസിപ്പിച്ചെടുത്ത നാടൻ സാങ്കേതിക വിദ്യകളിലൂടെ മണ്ണിനും വിളകൾക്കും പൂണ്യ തീർത്ഥമൊരുക്കിയ ആ മഹത് പൈതൃകങ്ങളുടെ മുന്നിൽ ഈ വിഷു വേളയിൽ നമുക്കു ശിരസ്സ് നമിക്കാം.

*ഫോൺ - 9446748697*

# കളയേണ്ടതല്ല കറിവേപ്പില

**ബേബി ജോസഫ്,**
നാഗാർജ്ജുന, തൊടുപുഴ

അടുക്കള തോട്ടങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത ഇടത്തരം വൃക്ഷമാണ് കറിവേപ്പ്. ഏതു കറിയിലും കറിവേപ്പില ചേർന്നു കഴിഞ്ഞാൽ അതിനു പ്രത്യേക രുചി കിട്ടും. ആരോഗ്യപോഷണത്തിനും ഭക്ഷണം ദഹിപ്പിക്കാനും കറിവേപ്പിലയ്ക്കു പ്രത്യേക കഴിവുണ്ട്. കറിവേപ്പിലയുടെ ഉപയോഗം കൂടിയതോടുകൂടി തമിഴ് നാട്ടിൽ നിന്നും വിഷത്തിൽ കുളിപ്പിച്ച ഇലയാണ് ഇന്നു കേരളത്തിലെ മാർക്കറ്റിൽ എത്തുന്നത്. ഭക്ഷ്യ രംഗത്ത് മാത്രമല്ല, ആയുർവ്വേദ ഔഷധ ങ്ങളിലും വൻ തോതിൽ കറിവേപ്പില ആവശ്യമുണ്ട്. Murraya Koeningi എന്ന് ശാസ്ത്രീയ നാമമുള്ള കറിവേപ്പിന് പ്രാദേശികമായി പല പേരുകളുമുണ്ട്. കടയിൽ നിന്നും കറിവേപ്പില വാങ്ങിയാൽ വിനാഗിരി ചേർന്ന വെള്ളത്തിൽ മുക്കി കഴുകിയാൽ ഒരു പരിധി വരെ വിഷാംശം മാറ്റാം.

മലബന്ധം, രക്തദോഷം, കുഷ്ഠം, കൃമി ശല്യം, അർശസ്, ശരീര നീരുകൾ, പനി, അമിത വണ്ണം, ചുട്ടുപുകച്ചിൽ, ക്ഷയം തുടങ്ങിയവ മാറ്റാൻ കറിവേപ്പിലയ്ക്കു ശേഷിയുണ്ട്. ദഹനശേഷി, ശരീരബലം, ബുദ്ധി വികാസം, ഇവ വർദ്ധിപ്പിക്കും. നേത്രങ്ങൾക്ക് കരുത്തു കൂട്ടുന്ന ജീവക എ ഇതിന്റെ ഇലകളിൽ സമ്പുഷ്ടമാണ്.

തണുപ്പുകാലത്ത് കാല് വിണ്ടു കീറുന്നവർക്ക് കറിവേപ്പിലയും പച്ചമഞ്ഞളും 5 ദിവസം അരച്ചിട്ടാൽ മാറും.

കൊളസ്ട്രോൾ കൂടുതൽ ഉള്ളവർ രണ്ട് തണ്ട് കറിവേപ്പില പുളിക്കാത്ത മോരും വെള്ളത്തിൽ അരച്ചു ചേർത്ത് 7 ദിവസം വെറും വയറ്റിൽ ഉപയോഗിച്ചാൽ മികച്ച ഫലം തരും.

പരീക്ഷയൊക്കെ അടുക്കുമ്പോൾ കുട്ടികൾക്ക് ടെൻഷൻ കൂടുന്നതൊഴിവാക്കാൻ ഓരോ തണ്ടു കറിവേപ്പില തേനിലരച്ചു കൊടുത്താൽ മാറും.

പ്രായമായവർക്ക് കാഴ്ച മങ്ങൽ, തിമിരം, കണ്ണിനു വരൾച്ച ഉണ്ടാകുക തുടങ്ങിയ നേത്ര രോഗങ്ങൾ മാറുവാൻ കറിവേപ്പിലയരച്ച് ചെറു നാരങ്ങ നീരിൽ ചേർത്തുപയോഗിച്ചാൽ ക്രമേണ മാറും.

മലശോധന ക്രമമാക്കുവാൻ തണലിൽ ഉണക്കിപ്പൊടിച്ച കറിവേപ്പില അരസ്പൂണും, തേനും ചേർത്ത് ഉറങ്ങുന്നതിനു മുൻപ് ഉപയോഗിക്കണം.

ഫാറ്റി ലിവർ അടക്കുമുള്ള കരൾ രോഗങ്ങൾ ഇന്ന് വ്യാപകമാണ്. ഇവ കുറയ്ക്കുവാൻ പരമാവധി കറിവേപ്പില കറികളിൽ ചേർത്തുപയോഗിക്കണം.

ചിലർക്ക് ചുമക്കുമ്പോൾ കഫം ഇളകി വരാത്ത സമയങ്ങളിൽ കറിവേപ്പില ചെറു തേനിലരച്ചുപയോഗിച്ചാൽ മതി.

തലമുടി നന്നായി കറുത്തിരുണ്ടു വളരാനും, സോറിയാസിസ് പോലുള്ള ത്വക്ക് രോഗങ്ങൾ മാറുവാനും കറിവേപ്പില എണ്ണ കാച്ചി പുരട്ടണം.

പ്രമേഹ രോഗികൾക്ക് രോഗ തീവ്രത കുറക്കുവാൻ കറിവേപ്പിലയും സവോള അരിഞ്ഞും തേനിൽ വഴറ്റി ഉപയോഗിക്കണം.

കറിവേപ്പില ഉപയോഗം കഴിഞ്ഞാൽ പുറത്ത് എന്ന പഴഞ്ചൊല്ലുണ്ട്. ഇതിന്റെ കാരണം കറികളിലെ ചൂടായ എണ്ണകളിൽ കറിവേപ്പിലയിലെ ജീവകം ഡി അലിയുന്നതിനാലാണ്. കറിവേപ്പിലയിൽ സെല്ലുലോസ് എന്നൊരു വസ്തുവുണ്ട്. ഇത് ഏറെ കട്ടിയുളള ഒന്നാണ്. ഇതാണ് ഇതിന് പച്ചനിറം നൽകുന്നത്. മനുഷ്യശരീരത്തിൽ ഇത് നേരിട്ടെത്തിയാൽ ദഹിയ്ക്കാതെ പുറത്തു പോകും. അതായത് കറിവേപ്പിലയുടെ ഗുണം ശരീരത്തിന് ലഭിയ്ക്കില്ല. നാം വെറുതെ കറിവേപ്പില കഴിച്ചാലും സാലഡിൽ ചേർത്തു കഴിച്ചാലും ഇതാണ് ഫലം. സാധാരണ ഇലകൾ സാലഡ് രൂപത്തിൽ കഴിച്ചാൽ, അതായത് പച്ചയ്ക്കു കഴിച്ചാൽ ഗുണം ലഭിക്കുമെങ്കിലും കറിവേപ്പിലയുടെ കാര്യത്തിൽ ഇത് അരച്ചു കഴിയ്ക്കുന്നതാണ് നല്ലത്

തെങ്ങിൻ തോപ്പിലെ ഭാഗിക തണലിൽ നന്നായി കറിവേപ്പ് കൃഷി ചെയ്യാം. പാകമായ വിത്തുകളുണക്കിയും കറിവേപ്പിന്റെ വേരിൽ നിന്നും കിളിർത്തു വളരുന്ന തൈകൾ നടീൽ വസ്തുവാക്കാം. വേരുപോകുന്നിടത്തുനിന്ന് നേരിട്ട് പറിച്ചെടുക്കുന്ന തൈകൾ ഉപയോഗിക്കാം വീടുകളിൽ ഒന്നോ രണ്ടോ തൈകൾ വെക്കുന്നവർ നഴ്സറികളിൽ നിന്ന് കരുത്തുള്ള തൈകൾ തിരഞ്ഞെടുത്താൽ മതി. നടാൻ സ്ഥലമില്ലാത്ത നഗരവാസികൾക്ക് വലിയ ചട്ടിയിലും ചെടിവളർത്താം. വിത്ത്മുളച്ചുണ്ടാകുന്ന തൈകളും വേരിൽനിന്നുപൊട്ടുന്ന തൈകളും ഉപയോഗിക്കാറുണ്ട്. ചട്ടിയിലാണ് വളർത്തുന്നതെങ്കിൽ ചെടി വലുതാകുന്നതനുസരിച്ച് ചട്ടിമാറ്റി വലിയ പാത്രങ്ങളിലേക്ക് നട്ടുകൊടുക്കണം



തെങ്ങിൻ തോപ്പിൽ ചെടിനടാൻ കുഴിയെടുക്കുമ്പോൾ നല്ല നീർവാർച്ചയുറപ്പു വരുത്തിയിരിക്കണം. ഒരടി നീളവും വീതിയും ആഴവുമുള്ളകുഴിയായിരിക്കണം. കുഴിയിൽ കാലിവളം, മണൽ, മണ്ണ്, ഓരോ കുഴിക്കും 100ഗ്രാം വേപ്പിൻപിണ്ണാക്ക്, 50ഗ്രാം കുമ്മായം എന്നിവ നന്നായി ഇളക്കിച്ചേർത്തതിനുശേഷം അതിൽ മുക്കാലടിയുള്ള പള്ളക്കുഴിയടുത്ത് തൈ നടാവുന്നതാണ്. വേനൽക്കാലത്താണ് നടുന്നതെങ്കിൽ ഒന്നരാടൻ നനച്ചുകൊടുക്കണം.

വെള്ളം കെട്ടിനിൽക്കാത്ത സ്ഥലമായിരിക്കണം തൈ നടാൻ തിരഞ്ഞെടുക്കേണ്ടത്. സൂര്യപ്രകാശവും ലഭിക്കണം. ചെടിവളരുന്നതിനനുസരിച്ച് മൂന്നുമാസത്തിലൊരിക്കൽ മുരടിൽനിന്ന് ഒരടിവിട്ട് ചുവടുകിളച്ച് കാലിവളം ചേർത്തിളക്കിക്കൊടുക്കണം. നന്നായി നനച്ചും കൊടുക്കണം. വലുതായിവരുമ്പോൾ കൊമ്പ് കോതിക്കൊടുക്കണം. എന്നാൽ കൂടുതൽ ചില്ലകൾ ഇടതൂർന്ന് വലുതായിവരും. നന്നായി ജൈവവളങ്ങൾ ചേർത്തു വേനൽ കാലത്ത് നനച്ചു കൊടുത്താൽ മികച്ച വിളവു ലഭിക്കും. നിലവിൽ കിലോഗ്രാമിന് 80 രൂപ വരെ വിലയുണ്ട്. പക്ഷെ ഇത് വരവ് കറിവേപ്പിലയാണ്. നാടൻ കറിവേപ്പില ആയുർവേദ മരുന്ന് നിർമ്മാണത്തിനാണ് കൂടുതലും പോകുന്നത്. ഫോൺ: 9495508344





## മുഖമൊഴി

വീണ്ടും വിഷുക്കാലം.

ഒക്കെ പുറപ്പെട്ടോ വിത്തും കൈക്കോട്ടും

ഇപ്പ പൊക്കോട്ടേ, ചക്കയ്ക്കുപ്പിട്ടോ

അഛൻ കൊമ്പത്തെ അമ്മ വരമ്പത്തെ

കേരളത്തിന്റെ ഗ്രാമാന്തരീക്ഷങ്ങളിലേയ്ക്ക് ഗൃഹാതുരത്വമുണർത്തുന്ന ഗാന വീചികൾ ഒഴുകി പടരുകയാണ്. ഏതോ മരക്കൊമ്പിലിരുന്ന ഒരജ്ഞാത ഗായകൻ പാടുകയാണ്. വിത്തും കൈക്കോട്ടും....വിത്തും കൈക്കോട്ടും....

വിഷു എന്നാൽ ഭൂമിയുടെ ജന്മദിനമാണ്.

കണിക്കൊന്നയും കണിവെള്ളരിയും, തെളിഞ്ഞ നിലവിളക്കും ചേരുന്ന സമൃദ്ധിയുടെ മഞ്ഞ നിറം സമ്മാനിച്ചാണ് ഓരോ വിഷുക്കാലവും കടന്നു പോകുന്നത്.

വിഷു പ്രതീകപ്പെടുത്തുന്നത് വസന്തത്തിന്റെ ആഗമനത്തെയാണ്. കേരളത്തിൽ കൊയ്ത്തുത്സവമായും, പുതുവത്സരമായും വിഷു കണക്കാക്കപ്പെടുന്നുണ്ട്. മേട രാശിയിലേക്കുള്ള സൂര്യന്റെ സംക്രമണത്തെയാണ് വിഷു സൂചിപ്പിക്കുന്നത്. കൃഷിക്കാർ ഭൂമി ഉഴുതു മറിച്ച് മണ്ണിൽ നൂറുമേനി വിളയിക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നതും വിഷുക്കാലത്താണ്.

കുട്ടികൾക്ക് ഇക്കാലത്ത് പരീക്ഷകളുടെ തിരക്കൊഴിയും. പിന്നെ വേനൽ അവധി. മഹാമാരിയുടെ ഭീതി ഏതാണ്ട് വിട്ടൊഴിഞ്ഞ ഒരവധിക്കാലം. വിഷു, ഈസ്റ്റർ എല്ലാം വീണ്ടും വരികയാണ് പഴയപടി. പുസ്തകങ്ങൾ വായിക്കാം. കുറെ സമയം കൃഷിപ്പണികളിൽ ഏർപ്പെടാം. വീടിനോടു ചേർന്ന് തൊടിയുള്ളവർക്ക് ചെറിയ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കാം. ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ബാൽക്കണികളിൽ അൽപം കൃഷി പരീക്ഷിക്കാം. അങ്ങനെ മനസിലെ പച്ചപ്പ് നഷ്ടപ്പെടാതെ സൂക്ഷിക്കാൻ ഈ വിഷുക്കാലം ഉപകരിക്കട്ടെ.

*എല്ലാവർക്കും വിഷു ആശംസകൾ*

എഡിറ്റർ

# വെളിച്ചെണ്ണ കഥകൾ

**പി. അനിതകുമാരി**, ശ്രീമന്ദിരം, എലമ്പല്ലൂർ, കൊല്ലം



*(കഴിഞ്ഞ ലക്കം തുടർച്ച)* നിനക്ക് അപ്പോൾ അസംബ്ലിയിൽ വിഷയാവതരണം നടത്തണം. അത്രയല്ലേയുള്ളൂ. വാ..നമുക്ക് മാർഗമുണ്ടാക്കാം.

മാഷ് മാവിൻ ചുവട്ടിലെ ബഞ്ചിലിരുന്നു.

ഒന്ന് രണ്ട് പൊടിക്കൈകൾ ഞാൻ പറയാം. ആദ്യം അസംബ്ലിയിൽ വിഷയാവതരണത്തിന് നീ നിൽക്കുന്നതായി വിചാരിക്കൂ. വിചാരിച്ചോ? ങേ... പേടി തുടങ്ങിയോ...?

ഞാൻ തലയാട്ടി.

നല്ലത്, അല്പം പേടി നല്ലതാണ്. കൂട്ടുകാരൻ ചെവിയിൽ പറഞ്ഞു. അൽപമോ, എന്റമ്മോ! എമണ്ടൻ പേടി അല്ലേടാ?

മാഷ് നടന്നു.

ഇനി ആ കൈകൾ വെറുതെയിട്ടേ, ഉടുപ്പിലും മറ്റും പിടിച്ചു വലിക്കാതെ, കൈ കെട്ടി നിൽക്കാതെ, അറ്റൻഷൻ വേണ്ട.

മാഷിന്റെ പുഞ്ചിരിയിൽ ഞങ്ങളും ചേർന്നു.

ഇനി നിരന്നു നിൽക്കുന്ന കുട്ടികളെ നോക്കൂ, അദ്ധ്യാപകരേയും സ്കൂളിലെ മറ്റു ജീവനക്കാരേയും നോക്കൂ, ആരെങ്കിലുമുണ്ടോ അപരിചിതർ. അവരൊക്കെ നിങ്ങളുടെ സുഹൃത്തുക്കളും നന്മകൾ ആഗ്രഹിക്കുന്നവരുമാണ്. രണ്ട് മൂന്ന് ദീർഘനിശ്വാസം എടുക്കുക. ഇനി വിഷയം പറയുക. എല്ലാവരേയും ഒന്നു കൂടി നോക്കി പുഞ്ചിരിക്കുക.

ഞാൻ അസംബ്ലിയിൽ നിൽക്കുന്നതായി സങ്കൽപ്പിച്ചു. സഭാകമ്പം അല്പാൽപം കുറയുന്നു. ഇനി പറഞ്ഞു തുടങ്ങിക്കേ... തെങ്ങ് നമ്മുടെ കൽപവൃക്ഷമാണ്. വെളിച്ചെണ്ണ വിശിഷ്ടമായ ആഹാര വസ്തുവാണെന്ന് നമുക്കറിയാം പിന്നെ.....

എനിക്ക് പറ്റില്ല മാഷേ, ഞാൻ നിലത്തിരുന്നു.

ശ്രമിക്കണം ഇപ്പോൾ എന്താണ് പറ്റിയത്, പറയാൻ വിഷയം മനസ്സിൽ വരുന്നില്ല അല്ലേ? അതിന് നമ്മുടെ വിഷയത്തെ, ആദ്യം ഒരു ആമുഖം, വിഷയത്തിന്റെ പ്രധാന കാര്യങ്ങൾ, പരിസമാപ്തി എന്നിങ്ങനെ മൂന്നായി വിഭജിക്കണം. എത്ര സമയമാണോ അനുവദിച്ചിട്ടുള്ളത് അതിനനുസരിച്ച് ക്രമീകരിക്കുക മനസ്സിലായോ.. പിന്നെ സംസാരിക്കുമ്പോൾ കൈകൾ സ്വതന്ത്രമായി ചലിക്കട്ടെ. ശരീര ഭാഷയും ആശയങ്ങൾ വിശദമാക്കട്ടെ. മുഖം പ്രസന്നമായിരിക്കട്ടെ.

ശരി മാഷേ, ഞാൻ വിഷയം തീരുമാനിച്ചു. വെളിച്ചെണ്ണയെ തന്നെ അവതരിപ്പിക്കാം.

മാഷ് പറഞ്ഞിരുന്നതും വായിച്ചവയും സൂക്ഷിച്ചു വച്ച നാളികേര ജേർണലിലെ ലേഖനങ്ങളുമെല്ലാം ചേർത്ത് തയ്യാറാക്കാം. പിന്നെ പരിശീലനവും.

ഇങ്ങനെയാണ് കാര്യങ്ങൾ ചെയ്യേണ്ടത്. അവസരങ്ങൾ ഉപയോഗപ്പെടുത്തണം. തെറ്റുകൾ വരും. കൂട്ടുകാർ കളിയാക്കുമായിരിക്കും, അതൊക്കെ നമുക്ക് കൂടുതൽ നന്നാകാനുള്ള പാഠങ്ങളാണ്. ടീച്ചറേ, ആ നാളികേര ചിപ്സ് ഇവർക്ക് കൊടുക്കണേ!

അതെന്നോട് പറയണോ പ്രത്യേകിച്ച്, ടിച്ചർ പറഞ്ഞു.

തേങ്ങ ചിപ്സോ ? അതെന്താണ്? എന്റെ കൂട്ടുകാരന് ജിജ്ഞാസയും കൊതിയും.

മാഷേ വെളിച്ചെണ്ണ കഥകൾ കുറച്ചു കൂടി പറയുമോ?

അയ്യായിരം വർഷത്തിലധികമായി മനുഷ്യർ വളിച്ചെണ്ണ ഉപയോഗിക്കുന്നുണ്ട്. കോക്കോസ് ന്യൂസിഫെറ എന്ന തെങ്ങിന്റെ ശാസ്ത്രീയ നാമം ആദ്യം ഉപയോഗിച്ചത് 1555 ലാണത്രേ! കടലോളങ്ങളിലൂടെ ഒഴുകി വിവിധ രാജ്യങ്ങളുടെ തീരപ്രദേശങ്ങളിൽ അടിഞ്ഞ് മുളച്ച്, വളർന്ന് തെങ്ങുകൾ അങ്ങനെ വളർന്നു. പണ്ട്, ബാർട്ടർ രീതിയായിരുന്നല്ലോ.

അത് സാധനങ്ങൾ തന്നെ പണത്തിനു പകരം കൈമാറുന്നതല്ലേ? കൂട്ടുകാരൻ ഓർത്തെടുത്തു.

അതേയതേ, തേങ്ങയും വിലപ്പെട്ട കറൻസിയായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്ക കാലങ്ങളിൽ കാലാ

ന്തരത്തിൽ വെളിച്ചെണ്ണ യൂറോപ്പിലും അമേരിക്കയിലുമൊക്കെ ഭക്ഷ്യ എണ്ണയായി പ്രചാരം നേടി. നാളികേര വെണ്ണ എന്നായിരുന്നു പോലും അമേരിക്കക്കാർ പറഞ്ഞിരുന്നത്. പിന്നീട് രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ജപ്പാൻകാർ ഫിലിപ്പൈൻസും മറ്റ് തെക്കൻ പസഫിക്കിലെ നാളികേര ദ്വീപുകളും പിടിച്ചടക്കിയതോടെ അമേരിക്കയിലേക്കുള്ള വെളിച്ചെണ്ണയുടെ വരവ് നിലയ്ക്കുകയും മറ്റ് ഭക്ഷ്യ എണ്ണകൾ വിപണിയിലെത്തുകയും ചെയ്തു. അതായത് 1940 കളിൽ.

അപ്പോൾ അങ്ങനെയാണ് വെളിച്ചെണ്ണ പിന്തള്ളപ്പെട്ടത് അല്ലേ മാഷേ? എന്റെ ചോദ്യത്തിന് മറുപടി ഇങ്ങനെയായിരുന്നു.

അത് മാത്രമല്ല, അതൊരു തുടക്കമായിരുന്നു എന്ന് പറയാം. അതിപൂരിത കൊഴുപ്പുകൾ ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്നു എന്ന പഠന റിപ്പോർട്ടുകൾ ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ടിരുന്നു. വെളിച്ചെണ്ണയിൽ അതി പൂരിത കൊഴുപ്പുകൾ ഉണ്ടെന്നുള്ള ആദ്യകാല പഠനങ്ങൾ ഇതിന് ആക്കം കൂട്ടുക ചെയ്തതാവും.

ഏതു പഠന റിപ്പോർട്ടാണു മാഷേ ഇത്ര ശ്രദ്ധ നേടിയത്. നല്ല ചോദ്യം. നല്ല ചിന്ത, വിശ്വാസയോഗ്യവും ഉയർന്ന നിലവാരവുമുള്ള ശാസ്ത്ര ജേർണലുകളിൽ വരുന്ന ഗവേഷണ പ്രബന്ധങ്ങൾ ശ്രദ്ധയോടെ വായിക്കണം. ശരിയായി അറിയണം. അമേരിക്കൻ ഫിസിയോളജിസ്റ്റായ അൻസൽകീസ് എന്ന ശാസ്ത്രജ്ഞൻ മനുഷ്യന്റെ ആരോഗ്യത്തിൽ ഭക്ഷണത്തിന്റെ സ്വാധീനത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. പട്ടിണിയുടെ ജീവശാസ്ത്രം (The biology of human starvation) മെഡിറ്ററേനിയൻ രീതിയിൽ എങ്ങനെ നന്നായി ഭക്ഷിക്കാം ആരോഗ്യത്തോടെയിരിക്കാം. (How to eat well and stay well the meditaranean way) എന്നിവ അദ്ദേഹവും കൂടിയെഴുതിയ പുസ്തകങ്ങളാണ്. അധിക ഭക്ഷണം, അധിക ഭാരം, പൊണ്ണത്തടി (Overeating, overweight and obesity)ഇവയിൽ 7 രാജ്യങ്ങളിൽ നടത്തിയ ബൃഹത്തായ പഠനത്തിൽ സാംക്രമിക രോഗ ശാസ്ത്രത്തിലും തീരാവ്യാധികളുടെ വ്യാപനത്തിലും ഭക്ഷണരീതി ഭക്ഷ്യ ഘടകങ്ങൾ എന്നിവയുടെ സ്വാധീനങ്ങൾ പുറത്തുകൊണ്ടു വന്നു. മൃഗക്കൊഴുപ്പുകൾ ഉൾപ്പെടെയുള്ള അതിപൂരിത കൊഴുപ്പുകൾ ഹൃദയസംബന്ധമായ രോഗങ്ങൾക്ക് നിദാനമാകുമെന്ന് റിപ്പോർട്ടു ചെയ്തു. സപ്തരാജ്യ വിശകലന പഠനം: മരണങ്ങളും ഹൃദ്രോഗവും (Seven countries : a multivariate ananlysis of death and coronary hart disease) എന്ന പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫിൻലാന്റ്, ഗ്രീസ്, ഇറ്റലി, ജപ്പാൻ, നെതർലാന്റ്, എന്നിവിടങ്ങളിൽ നിന്നുള്ള 10 വർഷത്തെ വിവരങ്ങളും അമേരിക്കൻ ഐക്യനാടുകളിൽ നിന്നുള്ള 5 വർഷത്തെ വിവര ശേഖരണം, യൂഗോസ്ലാവിയിൽ നിന്നുള്ള 12762 വ്യക്തികളുടെ അതി ബൃഹത്തായ പഠനവുമാണ് അദ്ദേഹം നടത്തിയത്.

1956 ൽ രൂപീകൃതമായ അമേരിക്കൻ ഹൃദയാരോഗ്യ സംഘടനയും മുട്ട, പൂരിത കൊഴുപ്പുകൾ (വെണ്ണ, ലാർഡ്, ബീഫ്) എന്നിവയുടെ അമിത ഉപയോഗം ഹൃദയാരോഗ്യത്തിന് നന്നല്ലെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു.

ഞാൻ നിരാശയോടെ പറഞ്ഞു. ഇത്രയും ബൃഹത്തായ ഒരു ശാസ്ത്രീയ പഠന റിപ്പോർട്ട് എങ്ങനെ തെറ്റാനാണ്. 10 വർഷങ്ങൾ ഏഴ് രാജ്യങ്ങൾ, 12000ത്തിലധികം മനുഷ്യരുടെ വിവര ശേഖരണവും ശാസ്ത്രീയ വിശകലനങ്ങളും അപ്പോൾ അത് ശരിയാണല്ലോ മാഷേ?

അതേ, ശരിയാണ്. പക്ഷേ ഇങ്ങനെ പെട്ടെന്ന് നിരാശനാകാമോ? മാഷ് വാത്സല്യപൂർവ്വം ചിരിച്ചു. കാൾ സാഗൻ എന്ന അതി പ്രശസ്തനായ ശാസ്ത്രജ്ഞനെ കുറിച്ച് കേട്ടിട്ടില്ലേ? അദ്ദേഹം പറഞ്ഞിട്ടുള്ളത് വിഡ്ഢിത്തമായ ചോദ്യങ്ങൾ ഒന്നുമില്ലെന്നാണ്. പരിചയക്കുറവിന്റെ ശ്രമകരമായ, തെറ്റായ ഭാഷ, സ്വയം വിമർശനാത്മകം, പകുതിവെന്ത ആശയം, എന്നിങ്ങനെ എല്ലാത്തരം ചോദ്യങ്ങളും ലോകത്തെ അല്ലെങ്കിൽ പ്രപഞ്ചത്തെ മനസ്സിലാക്കാനുള്ള വെമ്പലുകൾ ആണെന്നാണ്. അതുകൊണ്ട് ചോദ്യങ്ങൾ ഉരുവാകട്ടെ, അവ പരസ്പരം അറിയിക്കട്ടെ, ആശയങ്ങൾ രൂപപ്പെടട്ടേ! അങ്ങനെ അറിവുകളുടെ ഉറവ പൊട്ടട്ടെ!

കോസ്മോസ് എന്ന ജനകീയ ശാസ്ത്ര പുസ്തകം അദ്ദേഹത്തിന്റെ അല്ലേ മാഷേ? അതല്ലേ ടിവി പരമ്പരയിലൂടെ പ്രശസ്തമായത്. മാഷ് അഭിനന്ദനത്തോടെ കൂട്ടുകാരന്റെ തോളിൽ തട്ടി.

മിടുക്കൻ, നല്ല പുസ്തകങ്ങൾ ഇനിയും വായിക്കണം. സാഗന്റെ ചില പുസ്തകങ്ങൾ കൂടി സൂചിപ്പിക്കാം. കോൺടാക്റ്റ് (സമ്പർക്കം) എന്ന ശാസ്ത്രഭാവന , നോവൽ, ഭൂമിയെക്കുറിച്ചുള്ള മങ്ങിയ നീല പുള്ളി (pale blue dot : A vision of the human future in space) മനുഷ്യമസ്തിഷ്ക്കത്തിന്റെ വികാസത്തെക്കുറിച്ചുള്ള ഈഡനിലെ ഡ്രാഗൺ (Dragon of Eden) ബില്യൺസ് ആൻഡ് ബില്യൺസ് എന്നിങ്ങനെ നീണ്ട നിരയുണ്ട്. ഓർമ്മയിൽ നിന്നും പറയുകയാണ്. മലയാള തർജ്ജമ വികലമാണോ? മാഷ് സംശയം പ്രകടിപ്പിച്ചു. മാഷേ, വിഷയം വെളിച്ചെണ്ണയിൽ നിന്ന് മാറിപ്പോയല്ലോ.

അതെയതെ, ആൻസൽ കീസിന്റെ പഠനങ്ങളും അതുയർത്തിയ വ്യാപക ചർച്ചകളും ചോദ്യങ്ങളും വെളിച്ചെണ്ണയെക്കുറിച്ചുള്ള കൂടുതൽ പഠനങ്ങളിലേക്ക് ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞരുടെ ശ്രദ്ധയാകർഷിച്ചു എന്നുള്ള കാര്യമാണ് ശ്ലാഘിക്കപ്പെടേണ്ടത്. ചില പത്രങ്ങളിൽ കൊഴുപ്പിന്റെ സ്രോതസ്സായി വെളിച്ചെണ്ണ മാത്രമാണ് കൊടുത്തിരുന്നത് അപ്പോൾ എന്തുപറ്റും?

ഒമേഗ 3 കൊഴുപ്പമ്ലങ്ങൾ ഉണ്ടാവില്ല. ഞങ്ങൾ ഒരുമിച്ചു പറഞ്ഞു. അതുപോലെ ഹൈഡ്രോജനേറ്റ് ചെയ്ത വെളിച്ചെണ്ണ നൽകുമ്പോൾ അതിലെ ട്രാൻസ് കൊഴുപ്പമ്ലങ്ങൾ തുടങ്ങിയവ പരീക്ഷണ ഫലങ്ങളെ തെറ്റായി സ്വാധീനിക്കുമല്ലോ. 1920 കളിലും 1930കളിലും നടത്തിയിരുന്ന പഠനങ്ങളിൽ വെളിച്ചെണ്ണയിൽ 90 ശതമാനവും അതിപൂരിത കൊഴുപ്പമ്ലങ്ങളാണെന്ന് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ നമുക്കിന്നറിയാം, അതിൽ 64 ശതമാനവും ഇടത്തരം പൂരിത കൊഴുപ്പമ്ലങ്ങളാണെന്ന്, പ്രത്യേകിച്ച് 40-50 ശതമാനം ലാറിക് അമ്ലമാണ്. വിവിധ പഠന ഫലങ്ങളുടെ അവലോകനത്തിൽ വെളിച്ചെണ്ണയും ഹൃദയസംബന്ധമായ രോഗ പ്രശ്നങ്ങളും തമ്മിൽ ബന്ധമുണ്ടെന്നും ഹൃദയ സൗഹൃദമെന്നും യാതൊരു ബന്ധമില്ലെന്നുമുള്ള വിരുദ്ധ ഫലങ്ങൾ കാണാവുന്നതാണ്. അതായത് കൂടുതൽ ആഴത്തിലും തെളിവുള്ളതുമായ പഠനങ്ങൾ ഇനിയും ആശ്യപ്പെടുന്ന മേഖലയാണിതെന്ന് സാരം. ചില പഠനങ്ങളിൽ കൊപ്രയിൽ നിന്നുമുള്ള വെളിച്ചെണ്ണ ചിലതിൽ ഉരുക്കു വെളിച്ചെണ്ണ അഥവാ വെർജിൻ കോക്കനട്ട് ഓയിൽ (വിസിഒ) എന്നിങ്ങനെ വ്യത്യാസമുണ്ട്.

അപ്പോൾ പലതരത്തിലുള്ള വെളിച്ചെണ്ണകൾ ഉണ്ടോ മാഷേ? എനിക്ക് കൗതുകമായി. (തുടരും)

*ഫോൺ: 9387160570*

കവിത

# വെളിച്ചെണ്ണ

കെ. വി. രാധാകൃഷ്ണൻ, രാമമംഗലം



ആയുരാരോഗ്യം നിലനിർത്തുവാനിന്നും
ആബാലവൃദ്ധം ജനങ്ങൾക്കുമാശ്രയം
നല്ല വെളിച്ചെണ്ണയെന്നതു യാഥാർത്ഥ്യം
തൻ നന്മകൾ മൂലമാണെന്നതു കാരണം.

ധാരാളമുണ്ടിതിൽ ജീവക സാന്നിദ്ധ്യം
ധാതു ലവണങ്ങളൊട്ടും കുറവല്ല.
സ്വീകാര്യമെപ്പോഴും പാചകശാലയിൽ
സ്വാദിഷ്ട ഭോജ്യമൊരുക്കാനനിവാര്യം.

ആയുർവ്വേദത്തിലിതിനുള്ള പ്രാധാന്യം
ആരും പ്രശംസിച്ചു പോകുന്നു നിശ്ചയം
ഔഷധ കൂട്ടുകൾ ചേർത്ത വെളിച്ചെണ്ണ
ദേഹ കാന്തിക്കും അതെത്രയോ ഉത്തമം

തേച്ചു കുളിക്കുമ്പോൾ കിട്ടുന്നോരുന്മേഷം
നേരിട്ടനുഭവിക്കുന്നു നാം നിത്യവും
താരനകറ്റി മുടിയഴകേകുന്ന കേശ
സൗന്ദര്യ സംവർദ്ധനിയാണത്.

ദേഹ കാന്തിക്കുള്ള സോപ്പുനിർമാണത്തിൽ
ശുദ്ധ വെളിച്ചെണ്ണ, ആദ്യത്തെ ചേരുവ
തീർത്തും പരിശുദ്ധം നിർമ്മലമാണിതിൻ
കീർത്തി പരത്തുവാനൊത്തു ശ്രദ്ധിക്കണം.


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 രൂ. | 1600 രൂ. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 രൂ. | 5000 രൂ. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 രൂ. | 1000 രൂ. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 രൂ. | 1000 രൂ. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 രൂ. | 1000 രൂ. |
| 5. **ഇന്തിയ തെന്നൈ ഇതഴ്** (ത്രൈമാസികം - തമിഴ്) | 40 രൂ. | 1000 രൂ. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**ഏജൻസി തുടരുന്നതിന് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 10 പേരെയെങ്കിലും ഒറ്റത്തവണയായി ചേർക്കേണ്ടതുണ്ട്.**

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# ഓർക്കിഡ് – വിസ്മയം വരുമാനം

**രചന: സുരേഷ് മുതുകുളം, വില: 230.00 പേജുകൾ:174, പ്രസിദ്ധീകരണം: ശ്രേഷ്ഠ ബുക്സ്, തിരുവനന്തപുരം**

കാർഷിക പത്രപ്രവർത്തകനും ഫാം ഇൻഫർമേഷൻ മുൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ബ്യൂറോ ഓഫീസറും കൃഷിവകുപ്പ് റിട്ടയേഡ് ജോയിന്റ് ഡയറക്ടറുമായ സുരേഷ് മുതുകുളം രചിച്ചിരിക്കുന്ന ഏറ്റവും പുതിയ പുസ്തകമാണ് ഓർക്കിഡ്– വിസ്മയം വരുമാനം. പുഷ്പലോകത്തിലെ മിന്നും താരങ്ങളാണ് ഓർക്കിടുകൾ.

തെങ്ങിൻ തോപ്പിൽ ഇടവിളയായി പരിപാലിച്ച് അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കുന്ന നൂതന സംരംഭം കൂടിയാണ് ഓർക്കിഡ് കൃഷി. നാളികേരത്തോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ ഓർക്കിഡ് കൃഷി ചെയ്ത് വെട്ടുപൂക്കൾ എന്ന നിലയിൽ വിദേശ സ്വദേശ വിപണികളിലേയ്ക്ക് കയറ്റി അയച്ച് ലക്ഷങ്ങൾ നേടുന്ന കൃഷിക്കാർ ഇന്ന് കേരളത്തിലും ധാരാളം. വേറിട്ട രൂപഭംഗി, പൂവിതളുകളുടെ സവിശേഷമായ വിന്യാസം, സൂക്ഷിപ്പുകാലം എന്നിവയാണ് ഈയിനം പൂക്കളുടെ പ്രത്യേകത. ഹെലിക്കോണിയയും ആന്തൂറിയവും പോലെ കൂടുതൽ ഷെൽഫ് ലൈഫുള്ള പൂക്കളാണ് ഓർക്കിഡും. അതിനാൽ തന്നെ ഇതിനു വിപണിയിൽ നല്ല ഡിമാന്റാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടായി അലങ്കാര പുഷ്പ വിപണി അടക്കി വാഴുകയാണ് ഈ പൂക്കൾ. പൂവിൽ നിന്നു പൊന്ന് എന്ന ആശയത്തിന്റെ അടിസ്ഥാനവും ഇതു തന്നെ. പൂവിന്റെ വശ്യഭംഗിയിൽ പണം ഒളിച്ചിരിക്കുന്നു. കൃഷിയിലെ പുതുമയോടൊപ്പം അതിൽ നിന്നു ലഭിക്കുന്ന വരുമാനം കൂടിയാണ് കേരളത്തിൽ ഓർക്കിഡ് കൃഷി തഴച്ചു വളരാൻ കാരണം.

ലോകത്തിൽ ഏതു രാജ്യത്ത് വളരുന്ന പൂച്ചെടികളും കേരളത്തിൽ വളരും. അത്രമേൽ വൈവിധ്യ സമ്പന്നമാണ് നമ്മുടെ കാർഷിക സൂക്ഷ്മകാലാവസ്ഥാ മേഖലകൾ. ഓർക്കിഡുകൾ കൃഷി ചെയ്യാൻ ഏറ്റവും യോജിച്ചത് കേരളത്തിലെ തീരപ്രദേശത്തുള്ള തെങ്ങിൻ തോപ്പുകളാണ്. കുറച്ചു സ്ഥലവും കുറഞ്ഞ അധ്വാനവും മതി ഓർക്കിഡ് കൃഷിക്ക്. തെങ്ങിനിടയിൽ ചാലുകൾ കീറി അതിൽ കരി, ചകിരി, ഓടിൻകഷണങ്ങൾ എന്നിവ അടുക്കി ഓർക്കിഡ് കൃഷി ചെയ്യാം. അതിന് ഏറ്റവും യോജിച്ചത് അരാന്തെറ ആനിബ്ലാക്ക് ആണ്.




ഈ പൂക്കൾക്ക് രക്ത നിറമാണ്. ബ്ലായ്ക്ക് എന്നാണ് പേര് എങ്കിലും പൂക്കളുടെ കടും രക്തവർണം അത്യാകർഷകമാണ്. ഒന്നര ഇഞ്ച് നീളമുള്ള പൂക്കൾ ചെടിയിൽ നിന്നു വെട്ടിമാറ്റിയാൽ പോലും പത്തു ദിവസം വരെ പുതുമ നഷ്ടപ്പെടാതെ ഇരിക്കും. തെങ്ങിൻ തോപ്പിൽ വളർത്തുമ്പോൾ ഉയരത്തിൽ വളരാൻ പ്രവണത കാണിക്കും.അതിനാൽ മുകളിലേയ്ക്ക് നിവർന്നു നിൽക്കാൻ സൗകര്യം ചെയ്തു കൊടുക്കണം.

ഡെൻഡ്രോബിയം, ഫെലനോപ്സിസ്, വാൻഡ തുടങ്ങിയ ഇനങ്ങളും തെങ്ങിന് ഇടവിളയായി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ യോജിച്ചവയാണ്. ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവർക്ക് കൈപ്പുസ്തകമായി ഉപയോഗിക്കാവുന്ന സഹായകഗ്രന്ഥമാണ് സുരേഷിന്റെ പുതിയ പുസ്തകം. ഓർക്കിഡുകളുടെ ചരിത്രം മുതൽ അതിലെ ഇനങ്ങൾ, സങ്കര ഇനങ്ങൾ, നടീലും പരിചരണവും, പ്രജനനം, വിപണി, കൃഷി കലണ്ടർ, ഉപയോഗങ്ങൾ, വിജയകഥകൾ എന്നിങ്ങനെ ഓർക്കിഡിന്റെ എല്ലാ മേഖലകളും സ്പർശിക്കുന്ന 13 അധ്യായങ്ങളും രണ്ട് അനുബന്ധങ്ങളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം. കൂടാതെ ആകർഷകമായ വൈൽഡ് ഓർക്കിഡുകളെയും അനുബന്ധം 1–ൽ പരിചയപ്പെടുത്തുന്നു.

കേരളത്തിലെ പുരയിടങ്ങളിലും കാണാം ചില ഇനം വൈൽഡ് ഓർക്കിഡുകളെ. അതിൽ വളരെ സുപരിചിതമായ ഒരിനത്തെക്കുറിച്ചും സുരേഷ് വിവരിക്കുന്നു. മരവാഴ. നാട്ടിൻപുറങ്ങളിൽ മരുത്, പേഴ് തുടങ്ങിയ പാഴ്‌വൃക്ഷങ്ങളുടെ തായ്ത്തടിയിൽ പറ്റിപ്പിടിച്ച് താഴേയ്ക്ക് വേരുകളെ അയച്ച് അന്തരീക്ഷത്തിൽ നിന്ന് വെള്ളവും വളവും സ്വീകരിച്ച് സീസൺ വരുമ്പോൾ ആകർഷകമായ നീണ്ട പൂക്കൾ തുങ്ങികിടക്കുന്ന നമ്മുടെ കുറുനരിവാലൻ.

കേരളത്തിൽ തെങ്ങിന് ഇടവിളയായി നാം കൃഷി ചെയ്യുന്ന വാനില ഓർക്കിഡ് കുടംബത്തിലെ അംഗമാണ് എന്ന ഓർക്കുക. മെഡഗാസ്കർ ദ്വീപിലെ ചെറു കാടുകളിൽ വളരുന്ന വൈൽഡ് ഓർക്കിഡാണ് വാനില. തേൻ കുടിക്കാൻ എത്തുന്ന പ്രത്യേക ഇനം കുരുവികളാണ് ആ രാജ്യത്ത് ഇതിന്റെ പരാഗണം നടത്തുന്നത്. ഇവിടെ അത്തരം പക്ഷികൾ ഇല്ലാത്തതിനാൽ മനുഷ്യർ നേരിട്ട് കൃത്രിമ പരാഗണം നടത്തുന്നു എന്നു മാത്രം.

സാധാരണ ഗതിയിൽ 7.5 X 7.5 മീറ്റർ ആണ് തെങ്ങിന് ശിപാർശ ചെയ്തിരിക്കുന്ന ഇടയകലം. ഓർക്കിഡുകൾ കൃഷി ചെയ്യാൻ ഇതു ധാരാളം മതിയാകും. തെങ്ങിന്റെ ഓലകൾക്കിടയിലൂടെ അരിച്ചെത്തുന്ന സൂര്യപ്രകാശത്തിൽ വളരാനും പുഷ്പിക്കാനും ഓർക്കിഡുകൾക്ക് ഇഷ്ടമാണ്. തെങ്ങുകളുടെ തടത്തിൽ നടാതിരുന്നാൽ മാത്രം മതി. രണ്ടുവരി തെങ്ങുകൾക്കിടയിൽ നാലു വരി കുഴികൾ എടുത്ത് 45 സെന്റിമീറ്റർ വീതി 60 സെന്റിമീറ്റർ ആഴം) അതിൽ മൂന്നു നിര തൊണ്ട് മലർത്തി അടുക്കി ജൈവ വളം ചേർത്ത് തൈകൾ നടാം. തെങ്ങിൻ തടത്തിൽ നിന്ന് രണ്ടു മീറ്റർ അകലത്തിൽ വേണം കുഴികൾ എടുക്കാൻ എന്നു മാത്രം

ഓർക്കിഡുകൾക്ക് വേരുപടലം കുറവാണ്. ഇതിനു നൽകുന്ന ജലം തെങ്ങിനും പ്രയോജനപ്പെടും. മാത്രമല്ല തൊണ്ടുകൾ അടുക്കിയിരിക്കുന്നതിനാൽ തോട്ടത്തിൽ ഈർപ്പം എപ്പോഴും ഉണ്ടാവും. ഇത്തരം തോട്ടങ്ങളിൽ വേനലിന്റെ രൂക്ഷത അനുഭവപ്പെടാറില്ല എന്നും കണ്ടിരിക്കുന്നു. അതായത് അരാന്തെറ, റെനാന്ത്ര, അരാൻഡ, മൊക്കാറ തുടങ്ങിയ വാണിജ്യപ്രാധാന്യമുള്ള ഓർക്കിഡുകൾ തെങ്ങിന് ഉത്തമ ഇടവിളയാണ്. ഇവയുടെ ചിത്രങ്ങളും കൃഷിരീതികളും പുസ്തകത്തിൽ വിവരിക്കുന്നത്.

*തയ്യാറാക്കിയത്: ആബെ ജേക്കബ്*

# കരുതലായ് എറണാകുളം: മെഡിക്കൽ ക്യാമ്പിൽ നാളികേര വികസന ബോർഡ് സഹകരിച്ചു

പണമില്ലാത്തതിനാൽ ഒരാൾക്കു പോലും ചികിത്സ നിഷേധിക്കപ്പെടരുതെന്ന ലക്ഷ്യത്തോടെ കരുതലായി എറണാകുളം എന്ന പേരിൽ നിയോജക മണ്ഡലത്തിൽ ടി. ജെ. വിനോദ് എം. എൽ.എയുടെ നേതൃത്വത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ നാളികേര വികസന ബോർഡ് സ്പോൺസറായിരുന്നു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ഹൈബി ഈഡൻ എം. പി., മേയർ എം. അനിൽകുമാർ, കളക്ടർ ജാഫർ മാലിക്, മുത്തൂറ്റ് എം.ഡി ജോർജ്ജ് അലക്സാണ്ടർ, ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ അജിത് കുമാർ ഡി.എം.ഒ., ഡോ. ജയശ്രീ, ഡിപി.എം. സജിത്ത് ജോൺ, ആർ.എസ്.സി സെക്രട്ടറി എസ്. എഎസ് നവാസ് തുടങ്ങിയവർ പ്രസംഗിച്ചു.

250 ൽ അധികം ഡോക്ടർമാരും മുന്നൂറിൽപരം പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെ  നഗരത്തിലെ 31  പ്രമുഖ ആശുപത്രികളിൽ നിന്നുള്ള ജീവനക്കാർ ക്യാമ്പിൽ സേവനം നൽകി. 4876 രോഗികള് ക്യാമ്പിൽ പങ്കെടുത്തു. 336 പേർക്ക് എക്സ്റേ, 312 പേർക്ക് ഇക്കോ ടെസ്റ്റും, 132 പേർക്കു ഇക്കോ ടെസ്റ്റിനുള്ള തീയതിയും നൽകി. 209 പേർക്ക് അൾട്രാ സൗണ്ട് സ്കാൻ നടത്തി. 260 പേർക്കു തിമിര ശസ്ത്രക്രിയ നടത്തും. 680 പേർക്കു സൗജന്യമായി കണ്ണട വിതരണം ചെയ്യും. 51 പേർ കാൻസർ സ്ക്രീനിങ് ടെസ്റ്റിനു വിധേയരായി. മുത്തൂറ്റ് ഫിനാൻസിന്റെ സഹകരണത്തോടെ 5 പേർക്കു ഡയാലിസിസ് ചെയ്യുന്നതിനുള്ള കൂപ്പണുകളും 2 പേർക്കു വീൽ ചെയറും തുടർ ചികിത്സാ സഹായവും കളക്ടർ ജാഫിൽ മാലിക് കൈമാറി.







# ഗ്രീൻ ഔറയ്ക്ക് പുരസ്കാരം




തൃശൂർ മാനേജ്മെന്റ് അസോസിയേഷന്റെ ഈ വർഷത്തെ രാധാമണി സ്മാരക പുരസ്കാം ഗ്രീൻ ഓറ ഇന്റർനാഷണലിന്റെ സിഇഒ ശ്രീമതി സുനിത ജയരാജ്, ശ്രീമതി മീര രാജീവിൽ നിന്ന് ഏറ്റുവാങ്ങുന്നു. മികച്ച വനിത സംരംഭകയ്ക്ക്  വർഷം തോറും നൽകുന്ന അവാർഡാണ് ഇത്. ക്യാഷ് അവാർഡ്, പ്രശസ്തിപത്രം എന്നിവ ഉൾപ്പെടുന്നതാണ് ഇത്. നാളികേര വികസന ബോർഡിന്റെ ടിഎംഒസി യിൽ നിന്നുള്ള സഹായത്തോടെയാണ് സുനില തൃശൂരിനടുത്ത് ഏങ്ങണ്ടിയൂരിൽ ഗ്രീൻ ഔറ എന്ന പേരിൽ ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംങ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. വെളിച്ചെണ്ണ വിർജിൻ കോക്കനട് ഓയിൽ തുടങ്ങിയവയാണ് പ്രധാന ഉൽപ്പന്നങ്ങൾ.

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: കുടയത്തൂരിൽ 2 ബാച്ചുകൾക്ക് ഒരേ സമയം പരിശീലനം

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കുടയത്തൂർ ഡവലപ്മെന്റ് സൊസൈറ്റി 2022 ഫെബ്രുവരി 21 മുതൽ 26 വരെ ജയ്ഹിന്ദ് ലൈബ്രറിയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടിയുടെ ഉൽഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. വിനോദ് നിർവ്വഹിച്ചു. രാവിലെ 6.30 മുതൽ വൈകിട്ട് വരെയായിരുന്നു പരിശീലന സമയം.

21 ന് തെങ്ങിനങ്ങൾ എന്ന വിഷയത്തിൽ തൊടുപുഴ കൃഷി ഓഫീസർ ജോഷ്വാ ക്ലാസ്സ് നയിച്ചു. തുടർന്ന് ആശയ വിനിമയ പാടവം സമയപാലനം എന്ന വിഷയത്തിൽ ഹരിത എസ്. ക്ലാസ്സ് നയിച്ചു. തെങ്ങിനുള്ള വളപ്രയോഗത്തെക്കുറിച്ച് സണ്ണി കൂട്ടുങ്കൽ ക്ലാസ്സ് നയിക്കുകയുണ്ടായി.

2-ാം ദിനം പ്രഭാത വ്യായാമത്തിനും യോഗാ ക്ലാസ്സിനും ശേഷം നാളികേരം, ഇളനീർ വിളവെടുപ്പിനെക്കുറിച്ച് റിട്ടയേഡ് കൃഷി ഓഫീസർ കെ. പങ്കജാക്ഷൻ ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന സെഷനിൽ ധന വിനിയോഗം എന്ന വിഷയത്തിൽ ബാങ്ക് മാനേജർ കെ. സുധാകരനും, പ്രഥമ ശുശ്രൂഷ എന്ന വിഷയത്തിൽ സ്റ്റാഫ് നേഴ്സ് വി. കെ. ബിന്ദുവും ക്ലാസ്സ് നയിച്ചു.

3-ാം ദിനത്തിൽ വ്യായാമ മുറകൾക്കും പ്രാക്ടിക്കൽ സെക്ഷനും ശേഷം തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ എന്ന വിഷയത്തിൽ കെ. പങ്കജാക്ഷൻ ക്ലാസ്സ് നയിച്ചു. തുടർന്ന്, ജൈവ കൃഷിയെക്കുറിച്ച് കെ. ശ്രീകുമാർ ക്ലാസ്സ് നയിച്ചു. ഇൻഷുറൻസും സുരക്ഷയും എന്ന വിഷയത്തിൽ ലിജി മോൾ ജോർജ്ജും ലീഡർഷിപ്പ് ക്വാളിറ്റി എന്ന വിഷയത്തിൽ കെ. പി. ശ്രീഹരിയും ക്ലാസ് നയിക്കുകയുണ്ടായി.

4-ാം ദിനത്തിൽ യോഗാ ക്ലാസിനും പ്രാക്ടിക്കൽ സെഷനും ശേഷം രോഗ കീട നിയന്ത്രണം എന്ന വിഷയത്തിൽ കെ പങ്കജാക്ഷൻ ക്ലാസ്സ് നയിച്ചു. തുടർന്ന് വളപ്രയോഗം എന്ന വിഷയത്തിൻമേൽ കൃഷി ഓഫീസർ സി.എസ്. സുബിതാ മോളും ക്ലാസ്സ് നയിച്ചു. ഉച്ച കഴിഞ്ഞ് നടന്ന സെഷനിൽ അനുകൂല ചിന്ത എന്ന വിഷയത്തിൽ എൻ. ഹരികുമാറും ക്ലാസ്സ് നയിച്ചു.

5-ാം ദിനത്തിൽ വിത്തു തേങ്ങാ സംഭരണം എന്ന വിഷയത്തിൽ കൃഷി ഓഫീസർ ആഷ്‌ലി മറിയം ക്ലാസ് നയിച്ചു. തുടർന്ന് ഫീൽഡ് വിസിറ്റും നടത്തുകയുണ്ടായി.

സമാപന ദിനം രാവിലെ കോക്കനട്ട് ഒളിമ്പിക്സും നടത്തി. തുടർന്ന് തിയറി ടെസ്റ്റിനു ശേഷം സമാപന ചടങ്ങ് നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. വിനോദ് പഠിതാക്കൾക്ക് തെങ്ങു കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു. സമർത്ഥരായ 20 പേരെ സ്വയം തൊഴിൽ രംഗത്ത് തെങ്ങിന്റെ ചങ്ങാതിമാരായി തിരഞ്ഞെടുക്കുകയും ചെയ്തു.

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കുടയത്തൂർ ഡവലപ്മെന്റ് സൊസൈറ്റി 2022 ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ താളിയാനി കമ്യൂണിറ്റി ഹാളിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി നടത്തി. പരിശീലനത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്തംഗം കെ ലളിതാംബിക നിർവ്വഹിച്ചു. രാവിലെ 6.30 മുതൽ വൈകിട്ട് 7 വരെയായിരുന്നു പരിശീലനം.

ഫെബ്രുവരി 28 ന് നടന്ന ക്ലാസിൽ തെങ്ങു കൃഷി എന്ന വിഷയത്തെ കുറിച്ച് തൊടുപുഴ കൃഷി ഓഫീസർ



തോംസൺ ജോഷ ക്ലാസ്സ് നയിച്ചു. തുടർന്ന് ആശയവിനിമയ പാടവവും സമയ പാലനവും എന്ന വിഷയത്തിൽ കുമാരി എസ്. ഹരിത ക്ലാസ്സ് നയിച്ചു. സണ്ണി കൂട്ടുങ്കൽ നഴ്സറി നചത്തിപ്പിനെ കുറിച്ച് ക്ലാസ്സ് നയിക്കുകയുണ്ടായി. പ്രാക്ടിക്കൽ ക്ലാസ്സ് പതിവു പോലെ രണ്ടു സെക്ഷനായി രാവിലെയും വൈകീട്ടും നടന്നു.

രണ്ടാം ദിനമായ മാർച്ച് 1ന് പ്രഭാത വ്യായാമത്തിനും പ്രാക്ടീസിനും ശേഷം നാളികേരവും കരിക്കും വിളവെടുപ്പ് എന്ന വിഷയത്തിൽ കൃഷി അസിസ്റ്റന്റ് ടി.എസ്. അഭിലാഷും തുടർന്ന് ധനവിനിയോഗം എന്ന വിഷയത്തിൽ റിട്ട. ബാങ്ക് മാനേജർ സുധാകരൻപിള്ളയും പ്രഥമ ശുശ്രൂഷ എന്ന വിഷയത്തിൽ ജൂണിയർ ഹെൽത് ഇൻസ്പെക്ടർ ആർ. ഷിദ്ദിനയും ക്ലാസ്സ് എടുത്തു.

മൂന്നാം ദിനമായ മാർച്ച് 2 ന് വ്യായാമമുറകൾക്കും പ്രാക്ടിക്കൽ സെഷനും ശേഷം മണ്ട വൃത്തിയാക്കലും വളപ്രയോഗവും എന്ന വിഷയത്തിൽ വെള്ളിയാമറ്റം കൃഷി ഓഫീസർ അശ്വതി ദേവും തുടർന്ന് ഓർഗാനിക് ഫാമിംഗ് എന്ന വിഷയത്തിൽ റിട്ട. കൃഷി ഓഫീസർ പങ്കജാക്ഷനും ക്ലാസ്സ് നയിച്ചു. ഇൻഷുറൻസ് പരിരക്ഷ എന്ന വിഷയത്തിൽ ഫിനാൻസ് കൗൺസിലർ ലിജിമോൾ ജോർജ്ജും ലീഡർ ഷിപ്പ് ക്വാളിറ്റിയെ കുറിച്ച് ശ്രീഹരി വിഷ്ണുവും സംസാരിച്ചു. നാലാം ദിവസം യോഗാ ക്ലാസ്സിനും പ്രാക്ടിക്കൽ സെഷനും ശേഷം റിട്ടയേഡ് കൃഷി ഓഫീസർ കെ. പങ്കജാക്ഷൻ രോഗകീടങ്ങൾ എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് വളപ്രയോഗം എൻ പി കെ എന്ന വിഷയം കൃഷി ഓഫീസർ കെ. ശ്രീകുമാർ അവതരിപ്പിച്ചു. സദ്ചിന്തകൾ എന്ന വിഷയത്തെ കുറിച്ച് അജാസ് സലിമും സംസാരിച്ചു.

അഞ്ചാം ദിവസം വിത്തു തേങ്ങ സംഭരണം എങ്ങിനെ എന്ന് കൃഷി അസിസ്റ്റന്റ് ടി. എസ്. അഭിലാഷ് ക്ലാസ്സ് എടുത്തു. തുടർന്ന ഫീൽഡ് വിസിറ്റിംഗും നടത്തി.

സമാപന ദിവസമായ മാർച്ച് 5ന് രാവിലെ കോക്കനട്ട് ഒളിമ്പിംക്സ് മത്സരം സംഘടിപ്പിച്ചു. തുടർന്ന് തിയറി ടെസ്റ്റിനു ശേഷം സമാപന യോഗം നടത്തി. ഗ്രാമപഞ്ചായത്തംഗം ലളിതാമ്മ പഠിതാക്കൾക്ക് തെങ്ങു കയറ്റ യന്ത്രവും ഒളിമ്പിക്സ് മത്സര വിജയികൾക്ക് സമ്മാനവും നൽകി. സ്വയം തൊഴിൽ മേഖലയിൽ പ്രാഗത്ഭ്യം തെളിയിക്കും എന്ന പ്രഖ്യാപനത്തോടെ തെങ്ങിന്റെ ചങ്ങാതിമാർ യാത്രയായി. ■

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം 25–ാമത് ബാച്ച് പരിശീലനം പൂർത്തിയാക്കി

ആലപ്പുഴയിലെ ഗാന്ധി സ്മാരക ഗ്രാമ സേവാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 14 മുതൽ 19 വരെ 25 ാമത് ബാച്ച് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നടന്നു. പരിശീലന പരിപാടിയിൽ 12 ട്രെയിനികൾ പങ്കെടുത്തു. ആലപ്പുഴ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ആർ.ശ്രീരേഖയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സേവാകേന്ദ്രം പ്രസിഡന്റ്, രവി പാലത്തുങ്കൽ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കെ.സുദർശന ബായി, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ . സുജ ഈപ്പൻ, ജി.വി.റെജി, സേവാകേന്ദ്രം ജനറൽ സെക്രട്ടറി രമ രവീന്ദ്ര മേനോൻ, ഗ്രാമജ്യോതി ഫാർമർ പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ആർ.ഡി.സുബ്രഹ്മണ്യൻ എന്നിവർ പരിശീലനാർഥികളെ അഭിസംബോധന ചെയ്തു. പ്രോഗ്രാം ഓഫീസർ മനു സ്വാഗതവും പ്രോഗ്രാം എക്സിക്യൂട്ടീവ് ആശാലത. നന്ദിയും പറഞ്ഞു.

ജോഗിംഗ്, ശ്വസന വ്യായാമങ്ങൾ, യോഗ എന്നിവയോടെയാണ് പരിശീലന പരിപാടി ആരംഭിച്ചത്. മാസ്റ്റർ ട്രെയിനർമാർ വി, രമേശൻ, വി.എൻ.പൊന്നപ്പൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ആർ.മനോഹരൻ, റിട്ട. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കെ.വി.സെബാസ്റ്റ്യൻ, റിട്ട. അഗ്രികൾച്ചറൽ ഓഫീസർ കർഷക മിത്ര, ടി.എസ്. വിശ്വൻ, റിട്ട. അഗ്രികൾച്ചറൽ ഓഫീസർ, ഡി.ശിവദാസൻ, മാരാരിക്കുളം നോർത്ത് കൃഷി ഓഫീസർ അശ്വതി വിശ്വനാഥൻ, പ്രോഗ്രാം ഓഫീസർ, പി.എസ്. മനു, പ്രോഗ്രാം എക്സിക്യൂട്ടീവ്, ആശാലത. മോട്ടിവേറ്റർ ട്രെയിനർ ടി.കെ.മണിലാൽ, ലൈഫ് സ്കിൽ ട്രെയിനർ. ഗീത മണിലാൽ, ഫിനാൻഷ്യൽ കൗൺസിലർ, സുരേഷ്കുമാർ. എം., റിട്ട. ഹെൽത്ത് സൂപ്പർവൈസർ വി.ടി.സദാനന്ദൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. എഫ്ഒസിടി പ്രോഗ്രാമുകളെക്കുറിച്ചുള്ള ഡോക്യുമെന്ററികളും ട്രെയിനികൾക്കായി പ്രദർശിപ്പിച്ചു.



മാർച്ച് 18 ന് പൊള്ളേത്തായിയിലെ തെങ്ങിൻ തോട്ടത്തിൽ ഫീൽഡ് സന്ദർശനം നടത്തി. യന്ത്രം ഉപയോഗിച്ച് മരത്തിൽ കയറുക, തേങ്ങ ഇടൽ, തെങ്ങിൻ തലപ്പു വൃത്തിയാക്കുക, രോഗബാധിതമായ തെങ്ങുകളിൽ കീടനാശിനി പ്രയോഗം എന്നിവ പരിശീലനം ലഭിച്ചവർ ചെയ്തു കാണിച്ചു.

സമാപന ദിവസം പരിശീലനാർഥികൾക്കായി നാളികേര ഒളിമ്പിക്സ് നടത്തി. അജികുമാർ. എസ്., നല്ലവീട്ടിൽ പടീട്ടത്തിൽ, പുതിയവിള, പട്ടോളി മാർക്കറ്റ്, . സിബിൻ. മരത്തറ, ഞാറക്കൽ എം.പി. പി.ഒയും സാബു. സി.പി.., ചോലേക്കരി നികർത്ത്, ഒളതല, പട്ടണക്കാട് എന്നിവർ പരിശീലനത്തിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടി. ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടി. ഇവർക്ക് 500/, 300/, 200/ രൂപ വീതം കാഷ് അവാർഡ് നൽകി. ട്രെയിനികൾക്കായി ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ നടത്തി. ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയിൽ പാണ്ടങ്കരി എടത്വാ പ്ലാംകൂട്ടത്തിൽ സാംകുട്ടി ഫിലിപ്പ് ഒന്നാം സ്ഥാനം നേടി. . സമാപന സമ്മേളനത്തിൽ കഞ്ഞിക്കുഴി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വി.ജി.മോഹനൻ പ്രസംഗിച്ചു.



*സിപിസിആർഐയും നാളികേര വികസന ബോർഡും ചേർന്ന് കിഡുവിൽ സംഘടിപ്പിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്തവർ*





*സിപിസിആർഐയും നാളികേര വികസന ബോർഡും ചേർന്ന് കിഡുവിൽ സംഘടിപ്പിച്ച കരകൗശല പരിശീലന പരിപാടി*

# കൃഷിത്തോട്ട സന്ദർശനവും കൃഷിയിട പാഠശാലയും നടത്തി

### പാമ്പുകാല

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ പാമ്പുകാല സിപി.എസ്. മാതൃക കൃഷിത്തോട്ട സന്ദർശനവും കൃഷിയിട പാഠശാലയും സംഘടിപ്പിച്ചു. പരിപാടിയിൽ 26 പേർ പങ്കെടുത്തു. 2022 ഫെബ്രുവരി 9 ന് പാമ്പുകാല സി.പി.എസ്. പ്രസിഡന്റ് സത്യധർമ്മന്റെ വസതിയിലാണ് പാഠശാല നടന്നത്.. സത്യധർമ്മൻ അദ്ധ്യക്ഷത വഹിച്ചു. സിപി.എഫ്. പ്രസിഡന്റ് കരിച്ചൽ മനോഹരൻ പാഠശാല ഉദ്ഘാടനം ചെയ്തു. തുടർന്ന് കാഞ്ഞിരംകുളം പഞ്ചായത്ത് കൃഷി ഓഫീസർ എൽ. പ്രീത, വിഷയാവതരണം നടത്തി. ഷീൻ സേവ്യർ, ആശംസ നേർന്നു. സിപി.എഫ്. സെക്രട്ടറി ജെ. എസ്. ജയ്ജി സ്വാഗതവും വിഷ്ണു കെ. അജയ് നന്ദിയും പറഞ്ഞു.

തുടർന്ന് സംഘാംഗമായ ചന്ദ്രസേനന്റെ തോട്ടം മുഴുവൻ കർഷകർ സന്ദർശിച്ചു. തോട്ടത്തിലെ ഇടവിളയും കൃഷി രീതികളും വളപ്രയോഗവും കീടനാശിനിയുടെ ഉപയോഗവും അദ്ദേഹം വിവരിക്കുകയും ചെയ്തു. കർഷകർ അവരുടെ അനുഭവങ്ങളും കൃഷിയെക്കുറിച്ചുള്ള വിവരങ്ങളും പങ്കു വയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

### അരുമാനൂർ

നാളികേര വികസന ബോർഡിന്റെ ധന ധനസഹായത്തോടെ അരുമാനൂർ നാളികേര ഉൽപാദക സംഘം സി. രമയുടെ തോട്ടത്തിൽ 2022 ഫെബ്രുവരി 13ന് ഉച്ചകഴിഞ്ഞ് മൂന്നിന് കൃഷി പാഠശാലയും മാതൃകാ കൃഷിത്തോട്ട സന്ദർശന പരിപാടിയും സംഘടിപ്പിച്ചു. 27 കർഷകർ പരിപാടിയിൽ പങ്കെടുത്തു. പരിപാടി രണ്ടു മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. സി.പി.എസ്. പ്രസിഡന്റ് അരുമാനൂർ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. കാഞ്ഞിരംകുളം പഞ്ചായത്ത് കൃഷി ഓഫീസർ. എൽ. പ്രീത പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ച് വിഷയാവതരണം നടത്തി. സിപിഎസ്. സെക്രട്ടറി എസ്. മുരുകൻ സ്വാഗതവും സി.പി.എഫ് പ്രസിഡന്റ് കരിച്ചൽ മനോഹരൻ, മരപ്പാലം സുധീഷ്, സത്യധർമ്മൻ എന്നിവർ ആശംസകളും നേർന്നു.

തുടർന്ന് കൃഷിക്കാർ തോട്ടം സന്ദർശിച്ചു. മുഴുവൻ കർഷകരും പങ്കെടുക്കുകയും തോട്ടത്തിലെ കൃഷി രീതി, സംയോജിത വളപ്രയോഗം, രോഗ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുകയും ചെയ്തു. കർഷകർ അവരുടെ കൃഷി രീതികളും വിശദീകരിച്ചു.

### കുഴിവിളക്കോണം

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ കേരശ്രീ സിപി.എസ്. 2022 ഫെബ്രുവരി 10 ന് കൃഷി പാഠശാല നടത്തി. സിപി.എസ് പ്രസിഡന്റ് ജെ.എസ്. ജയ്ജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സിപി.എഫ്. പ്രസിഡന്റ് കരിച്ചൽ മനോഹരൻ ഉദ്ഘാടനം ചെയ്തു. കാഞ്ഞിരംകുളം മുൻ കൃഷി അസിസ്റ്റന്റ് സലിം ജോൺ വിഷയാവതരണം നടത്തി.. സി.പി.എസ്. സെക്രട്ടറി രതീഷ് സ്വാഗതവും ബി. ചന്ദ്രിക നന്ദിയും പറഞ്ഞു. തുടർന്ന് കൃഷിക്കാർ തോട്ടം സന്ദർശിച്ചു.

### കാഞ്ഞിരംകുളം

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ കാഞ്ഞിരംകുളം സിപി.എസ്. റിച്ചാർഡിന്റെ തോട്ടത്തിൽ .2022 ഫെബ്രുവരി 13 ന് കൃഷിപാഠശാലയും മാതൃക കൃഷിത്തോട്ട സന്ദർശന പരിപാടിയും സംഘടിപ്പിച്ചു. 27 കർഷകർ പങ്കെടുത്തു. 10 മണിക്ക് രജിസ്ട്രേഷനോടെ തുടങ്ങിയ പരിപാടി സി.പി.എസ്. പ്രസിഡന്റ് കരിച്ചൽ മനോഹരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാഞ്ഞിരംകുളം കൃഷി ഓഫീസർ എൽ പ്രീത പാഠശാലയുടെ ഉൽഘാടനവും വിഷയാവതരണവും നിർവ്വഹിച്ചു. സി.പി.എസ്. സെക്രട്ടറി അഭീഷ് സ്വാഗതവും എം. ക്രിസ്തുദാസ് നന്ദിയും പറഞ്ഞു.

തുടർന്ന് കർഷകർ തോട്ടം സന്ദർശിച്ചു. തോട്ടത്തിലെ കൃഷി രീതി, വളപ്രയോഗ,ം രോഗ പ്രതിരോധ നടപടികൾ എന്നിവ റിച്ചാർഡ് വിവരിക്കുകയും മറ്റ് കർഷകർ അവരവരുടെ കൃഷി രീതികളും, മറ്റ് സാധ്യതകളും പരസ്പരം ചർച്ച ചെയ്യുകയും ചെയ്തു.

### കോട്ടുകാൽ

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ കോട്ടുകാൽ പഞ്ചായത്ത് സിപി.എസ്. കൃഷി പാഠശാലയും മാതൃകാ കൃഷിത്തോട്ട സന്ദർശനവും നടത്തി. 26 കൃഷിക്കാർ പങ്കെടുത്തു.2022 ഫെബ്രുവരി 12 ന് രാവിലെ 10 മണിക്ക് പ്രസിഡന്റ് . മരപ്പാലം സുധീഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സി.പി.എഫ്. പ്രസിഡന്റ് കരിച്ചൽ മനോഹരൻ പാഠശാല ഉദ്ഘാടനം ചെയ്തു. കൃഷി ഉദ്യോഗസ്ഥനായ സലിം ജോൺ വിഷയം അവതരിപ്പിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സിപിഎസ്. സെക്രട്ടറി എസ്. രവീന്ദ്രൻ സ്വാഗത പ്രസംഗം നടത്തുകയും വാർഡ് മെമ്പർ ശ്രീമതി. ചിന്നു, മുഖ്യ ആശംസ അർപ്പിക്കുകയും മുൻ വാർഡ് മെമ്പർ ശ്രീകുമാർ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് ജയശ്രീയുടെ തോട്ടം മുഴുവൻ കർഷകരും സന്ദർശിച്ച് തോട്ടത്തിലെ ഇടവിള കൃഷിരീതിയും വളപ്രയോഗങ്ങളും മനസിലാക്കി. തുടർന്ന് കർഷകർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു.

## കാഡ്സ് ജൈവശ്രീ അവാർഡിന് അപേക്ഷ ക്ഷണിച്ചു

തൊടുപുഴ : സമ്മിശ്ര ജൈവകർഷകർക്കായി കാഡ്സ് ഏർപ്പെടുത്തിയിട്ടുള്ള ജൈവശ്രീ അവാർഡിന് അപേക്ഷ ക്ഷണിച്ചു. 5 ഏക്കർ വരെ കൃഷിഭൂമി ഉള്ള ഇടുക്കി ,കോട്ടയം, എറണാകുളം, ജില്ലകളിലെ കർഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കർഷകന് 10001 രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് അവാർഡ്. സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം കൃഷിയുടെ വിശദാംശങ്ങളും 5 ഫോട്ടോയും അടക്കം ചെയ്തിരിക്കണം .വിളകളിൽ നിന്ന് ലഭിച്ച കാർഷിക ആദായവും അപേക്ഷയിൽ കാണിക്കേണ്ടതാണ് (മൃഗസംരക്ഷണം ഉൾപ്പെടെ). താത്പര്യമുള്ള കർഷകർ ഏപ്രിൽ 8 നു മുമ്പായി ചെയർമാൻ , കാഡ്സ് ഗ്രീൻഫെസ്റ്റ് , കാഡ്സ് വില്ലേജ് സ്ക്വയർ, വെങ്ങല്ലൂർ പി.ഒ, തൊടുപുഴ എന്ന വിലാസത്തിൽ അയക്കുക. E Mail : mail@kadspcl.com കൂടുതൽ വിവരങ്ങൾക്ക് 9645080436 എന്ന നമ്പറിൽ വിളിക്കുക .

# നാളികേരത്തിന് ഇടവിളയായി കറുവ : കൃഷിക്കാർക്ക് പരിശീലന ക്ലാസ്സ്



വയനാട്ടിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പതിരിയിൽ 2022 മാർച്ച് നാലിന് നാളികേരത്തിന് ഇടവിളയായി കറുവ കൃഷിയുമായി ബന്ധപ്പെട്ട കൃഷിക്കാർക്ക് പരിശീലന പരിപാടി നടത്തി. കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവും അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഡോ.കെ അജിത്കുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. നാളികേര തോട്ടത്തിൽ സുഗന്ധവിളകൾ ഇടവിളയായി കൃഷി ചെയ്ത് കൃഷിക്കാരുടെ വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കാം എന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഇപ്രകാരം ഇടവിളയായി കൃഷി ചെയ്യുന്നതിന് ആവശ്യമായ കറുവയുടെ തൈകൾ ലഭ്യമാക്കേണ്ടതിന്റെ ചുമതലയും അദ്ദേഹം ചൂണ്ടിക്കാട്ടി. കാർഷിക സാങ്കേതിക വിദ്യകളുടെ ഭാഗമായി കൃഷിക്കാർ തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് ജല മണ്ണ് സംരക്ഷണ നടപടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം – ഡോ. കുമാർ കൂട്ടി ചേർത്തു.

പതിരി കർഷക കൂട്ടായ്മ സെക്രട്ടറി വിജയകുമാർ, ചടങ്ങിൽ അധ്യക്ഷനായിരുന്നു. കാസറഗോഡ് സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ, പതിരി കർഷക കൂട്ടായ്മ പ്രസിഡന്റ് പി ഭാസി എന്നിവർ ആശംസകൾ നേർന്നു.അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസിസ്റ്റന്റ് പ്രഫസർ ഡോ.വി ശ്രീറാം, സ്വാഗതവും അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസിസ്റ്റന്റ് പ്രഫസർ ഡോ.നജീബ് നന്ദിയും പറഞ്ഞു. തുടർന്ന് കാസറഗോഡ് സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.പി സുബ്രഹ്മണ്യൻ തെങ്ങിൻ തോപ്പിലെ കറുവയുടെ ഇടവിള കൃഷി സംബന്ധിച്ച ക്ലാസ് നയിച്ചു.കറുവയുടെ വിളവെടുപ്പിനെ കുറിച്ച് സോദാഹരണ ക്ലാസും നടന്നു.

## വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം

ഇന്ത്യൻ നാളികേര ജേണൽ വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം.

നാളികേര വികസന ബോർഡിന്റെ മുഖപത്രമായ ഇന്ത്യൻ നാളികേര ജേണലിന്റെ വരിസംഖ്യ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നു. പുതിയ വരിക്കാർക്ക് ഓൺലൈനായി പണം അടയ്ക്കാം. നിലവിലുള്ള വരിക്കാർക്ക് ഇതേ സംവിധാനത്തിലൂടെ വരിസംഖ്യ പുതുക്കാവുന്നതുമാണ്. ഇതിനായി ബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക.*
*https://www.coconutboard.in/journalsubscription/home.aspx*

**State Bank of India, Iyyattil Junction, Account Number :61124170321, IFSC : SBIN 0031449** എന്ന അക്കൗണ്ടു വഴിയും DD, NEFT, BHIM, PhonePe, GooglePay, PayTm എന്നീ സംവിധാനങ്ങളിലൂടെയും വരിസംഖ്യ തുക അയക്കാവുന്നതാണ്.

**തുക അയച്ച ശേഷം മുകളിൽ കൊടുത്തിരിക്കുന്ന ലിങ്ക് തുറന്ന് നിങ്ങളുടെ വിശദാംശങ്ങൾ അതിൽ അപ്‌ലോഡ് ചെയ്യുക.*

| **വരിസംഖ്യ** | | |
|---|---|---|
| *വ്യക്തികൾക്ക്* | | |
| ഇന്ത്യൻ നാളികേര ജേണൽ | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 60.00 രൂപ(1 വർഷം) | 1600 (*ആയുഷ്കാലം) |
| ഭാരതിയ നാരിയൽ പത്രിക | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| *സ്ഥാപനങ്ങൾ ലൈബ്രറികൾ* | | |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 200.00 രൂപ(1 വർഷം) | 5000 (*ആയുഷ്കാലം) |
| | | *30 വർഷം |



# തെങ്ങിൻ തോപ്പിൽ ഏപ്രിലിലെ കൃഷിപ്പണികൾ

### വിത്തു തേങ്ങ സംഭരണം

തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തു തേങ്ങ സംഭരണം തുടരുക. വിത്തു തേങ്ങകളുടെ വിളവെടുപ്പ് വളരെ ശ്രദ്ധാപൂർവം നടത്തുകയും ശേഖരിക്കുന്ന വിത്തു തേങ്ങകളിലെ ജലാംശം നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം തണലിൽ സൂക്ഷിക്കുകയും വേണം. തോട്ടങ്ങളിൽ മണ്ണ് തറഞ്ഞ് കഠിനമാണെങ്കിൽ വിത്തു തേങ്ങകൾ കുലയോടെ കയറിൽ കെട്ടി ഇറക്കണം.



### നഴ്സറി പരിപാലനം

നഴ്സറിയിലെ തൈകൾ നനയ്ക്കണം. ആവശ്യാനുസരണം കളകൾ നീക്കം ചെയ്യണം. ചിതൽ ശല്യമുണ്ടെങ്കിൽ തവാരണയിൽ ക്ലോർപൈറിഫോസ് 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കീടനാശിനി ലായനി തയ്യാറാക്കി ഒഴിച്ചു കൊടുക്കുക. വെള്ളീച്ച ബാധയുണ്ടെങ്കിൽ നഴ്സറിയിലെ തൈകളുടെ അടിവശത്ത് വെള്ളം ശക്തിയായി സ്പ്രേ ചെയ്ത് കൊടുക്കണം.



### വളപ്രയോഗം

ജലസേചനം നൽകുന്ന തെങ്ങിൻ തോട്ടങ്ങളിൽ തെങ്ങുകൾക്ക് നിർദ്ദേശിച്ച രാസവളങ്ങളുടെ നാലിലൊരു ഭാഗം ചേർത്തു കൊടുക്കണം.



### ജലസംരക്ഷണം

വരണ്ട കാലാവസ്ഥ തുടരുന്നതിനാൽ മിക്ക നാളികേര ഉത്പാദക മേഖലകളിലും തോട്ടങ്ങൾ നനയ്ക്കുന്നതിന് വെള്ളത്തിന്റെ അഭാവം വലിയ പ്രശ്നമായി മാറിയേക്കാം. അതിനാൽ നാളികേര കൃഷിക്കാർ ജലസേചനത്തിന് വെള്ളം വളരെ കരുതലോടെ മാത്രമേ ഉപയോഗിക്കാവൂ. വെള്ളം ലാഭിക്കാൻ ഏറ്റവും ഉചിതമായ രീതി കണിക ജലസേചനമാണ്. കൂടാതെ തെങ്ങുകൾക്ക് ചുവട്ടിൽ രണ്ടു മീറ്റർ ചുറ്റളവിൽ കനത്ത പുതയും നല്കണം. ജല ദൗർലഭ്യമുള്ള മേഖലകളിൽ സാധിക്കുമെങ്കിൽ സുരക്ഷാ ജലസേചനമെങ്കിലും തെങ്ങുകൾക്കു നല്കണം. അത്തരം ജലസേചനം ലഭ്യമാക്കുന്നതിനു മുമ്പ് തെങ്ങിൻ തടങ്ങളിലെ പുതവസ്തുക്കൾ നീക്കി ചുവട്ടിൽ ഉപരി തലത്തിൽ നനച്ചു കൊടുത്ത ശേഷം മാറ്റി വച്ച പുത ഉത്പ്പന്നങ്ങൾ വീണ്ടും തടങ്ങളിൽ നിരത്തണം.

### തണൽ നല്കൽ

പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് ഇതേവരെയും തണൽ നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ ആവശ്യത്തിന് തണലൊരുക്കുക.



### കീടരോഗ നിയന്ത്രണം

ഈ മാസവും ചൂടുള്ള വരണ്ട കാലാവസ്ഥ തുടരുന്നതിനാൽ കീടങ്ങൾ പ്രത്യേകിച്ച് കൊമ്പൻ ചെല്ലി, വെള്ളീച്ച, ബൊണ്ടാരി വെള്ളീച്ച തുടങ്ങിയവ പെ

രുകുന്നതിന് സാധ്യതയുണ്ട്. ജലാംശത്തിന്റെ കുറവ്, താരതമ്യേന താഴ്ന്ന അന്തരീക്ഷ ഈർപ്പം, ഉയർന്ന താപനില തുടങ്ങിയ സാഹചര്യങ്ങൾ കീടബാധ പെരുകാൻ കാരണാകും. കീടങ്ങളുടെ ആക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള സാഹചര്യത്തിൽ അതു ചെറുക്കുന്നതിനും വൃക്ഷങ്ങൾക്ക് ആരോഗ്യം കാത്തു പരിപാലിക്കുന്നതിനും ഉത്പാദനം നില നിർത്തുന്നതിനും ആവശ്യമുള്ള വെള്ളവും വളവും തടങ്ങളിൽ നല്കണം. കീടങ്ങളുടെ ആക്രമണം പെരുകുകയും അതു തുടരുകയും വേണ്ടത്ര ജലം കിട്ടാതെ വരികയുംചൂട് കൂടുകയും ചെയ്താൽ തെങ്ങിന്റെ ആരോഗ്യം ശോഷിക്കും. അപ്പോൾ ഉത്പാദനം കുറച്ച് തെങ്ങ് സ്വയം നിലനില്പ്പിനു വേണ്ടിയുള്ള സ്വയം സംവിധാനം സ്വീകരിക്കും. അതിനാൽ തോട്ടത്തിലെ മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ തെങ്ങുകളുടെ പൊതുവായ ആരോഗ്യ പരിപാലനത്തിന് വളരെ നിർണ്ണായകമാകും. ആകയാൽ ഈ കാലത്ത് കേര കർഷകർ ഇടയ്ക്കിടെ തെങ്ങിൻ തോട്ടം സന്ദർശിച്ച് കീട ബാധ നിരീക്ഷിച്ച് തെങ്ങുകളുടെ ആരോഗ്യ പരിപാലനത്തിനു മുൻ കരുതലുകൾ സ്വീകരിക്കുകയും കൊമ്പൻ ചെല്ലിയേയും വെള്ളീച്ചയേയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൃത്യസമയത്ത് അനുവർത്തിക്കുകയും ചെയ്യേണ്ടത് വളരെ നിർണായകമാണ്.

## തെങ്ങോലപ്പുഴു അഥവ ഓലതീനിപ്പുഴു

രാജ്യത്തെ നാളികേര ഉത്പാദക മേഖലകളിൽ പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും കായലോരങ്ങളിലും വളരുന്ന തെങ്ങിനെ വ്യാപകമായി ആക്രമിക്കുന്ന മുഖ്യ കീടമാണ് തെങ്ങോലപ്പുഴു. പുഴയും കായലും ഉൾപ്പെടെ ജലാശയ സാമീപ്യമുള്ള പ്രദേശങ്ങളിലും ഉൾനാടൻ പ്രദേശങ്ങളിലുമുള്ള തോട്ടങ്ങളിൽ തണുപ്പു കാലത്ത് പ്രത്യേകിച്ച്, ഇവയുടെ ആക്രമണം രൂക്ഷമാണ്. തെങ്ങോലപ്പുഴുക്കളുടെ ആക്രമണത്തിനു വിധേയമായ ഓലകൾ വിടരുമ്പോൾ അവ അരികിൽ നിന്നു മധ്യഭാഗത്തേയ്ക്കു കത്രികകൊണ്ടു വെട്ടി മുറിച്ചതുപോലെ കാണപ്പെടും. രൂക്ഷമായ ആക്രമണമാണെങ്കിൽ ഓലയുടെ പുറം വശം മുഴുവൻ പൊള്ളലേറ്റതുപോലെ ഉണങ്ങി കരിഞ്ഞിരിക്കും. ഫെബ്രുവരി മുതൽ മെയ് ജൂൺ വരെയുള്ള കാലയളവിലാണ് ഈ കീടത്തിന്റെ രൂക്ഷമായ ആക്രമണം കണ്ടുവരുന്നത്. ഇവയുടെ ആദ്യ ദശകളെ തിന്നു നശിപ്പിക്കുന്ന നാടൻ പരാദങ്ങൾ(മിത്രകീടങ്ങൾ) പ്രകൃതിയിൽ ഇല്ലെങ്കിൽ ആക്രമണത്തിനു വിധേയമാകുന്ന പുതിയ കൃഷിയിടങ്ങളിൽ ഇവ അതിവേഗം വ്യാപിക്കും. തെങ്ങോലയിലെ ഹരിതകം ഭക്ഷിക്കുന്ന ഇവയുടെ ആക്രമണം മൂലം പ്രകാശ സംശ്ലേഷണം കുറഞ്ഞ് ഓലക്കാലുകൾ ശോഷിക്കും, മച്ചിങ്ങ കൊഴിയും. കായ്ഫലം ഗണ്യമായി കുറയും. ഇവയുടെ ആക്രമണം മൂലം 45.4 ശതമാനം വരെ ഉത്പാദനം കുറയുന്നു. ഓലകളും ഉപയോഗ ശൂന്യമാകും. ജൈവിക നിയന്ത്രണ ഉപാധികൾ വഴി ഇവയെ തോട്ടത്തിൽ നിന്നു തുരത്താം.







## നിയന്ത്രണ മാർഗ്ഗങ്ങൾ

- കീടത്തിന്റെ ആക്രമണമുള്ള മേഖലകളിൽ തെങ്ങോലകൾ കൃത്യമായ നിരീക്ഷണത്തിനു വിധേയമാക്കുക
- കീടത്തിന്റെ വിവിധ ദശകൾ വളരുന്ന ഉണങ്ങിയ രണ്ടു മൂന്നു പുറം മടലുകൾ വെട്ടി തീയിട്ടു നശിപ്പിക്കുക. തീയിട്ടാൽ ഇവ പെരുകുന്നത് തടയാൻ സാധിക്കും.
- കീടത്തിന്റെ ആക്രമണമുള്ള മേഖലകളിൽ നിന്ന് ആക്രമണം ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് തെങ്ങോലകൾ ഒരു കാരണവശാലും കൊണ്ടുപോകാതിരിക്കുക.
- തെങ്ങോലപുഴുക്കളുടെ വിവിധ ജീവിത ദശകളെ തിന്നു നശിപ്പിക്കുന്ന ഗൊണിയോയസ് നെഫാന്റിഡിസ് (തെങ്ങ് ഒന്നിന് 20 എണ്ണം എന്ന തോതിൽ) ബ്രാക്കോൺ ബ്രെവിക്കോർണിസ് (തെങ്ങ് ഒന്നിന് 30 എണ്ണം എന്ന തോതിൽ) എന്നീ മിത്ര കീടങ്ങളെ കീടങ്ങളുടെ പുഴു ദശ കണ്ടാലുടൻ തുറന്നു വിടുക. തെങ്ങോലപ്പുഴുവിന്റെ സമാധിക്കു മുമ്പ് ഇലാസ്മസ് നെഫാന്റിഡിസ് എന്ന പരാദവും (100 ന് 49 എന്ന നിരക്കിൽ) സമാധി ദശയിൽ ബ്രാക്കിമേറിയ നൊസ്റ്റോയ് എന്ന പരാദവും(100 ന് 32 എന്ന നിരക്കിൽ) തുറന്നു വിട്ടാൽ പുഴുക്കളെ തിന്നു നശിപ്പിച്ചുകൊള്ളും. കീടങ്ങളുടെ വിവിധ ദശകൾക്കനുസൃതമായി പരാദങ്ങളുടെ കൃത്യമായ അനുപാതം ആവിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ 100 കീടങ്ങൾക്കും 20 മുതൽ എന്ന തോതിലാണ് മിത്രകീടങ്ങളെ ഉപയോഗിക്കേണ്ടത്.
- മിത്രകീടങ്ങളെ തുറന്നു വിടുന്നതിനു മുമ്പായി അവയ്ക്ക് ഭക്ഷണമായി വേണ്ടത്ര തേൻ നല്കണം. തെങ്ങോലപ്പുഴുക്കളുടെ ഗന്ധവും പരിചിതമാക്കി കൊടുക്കണം.
- ഇതെല്ലാം ചെയ്യുമ്പോളും നിർദ്ദേശിച്ചിരിക്കുന്ന വളപ്രയോഗവും ജലസേചനവും തെങ്ങുകൾക്ക് നല്കുന്നു എന്ന് ഉറപ്പാക്കണം.

## പിരിയൻ വെള്ളീച്ച

ആക്രമണം ഇല്ലാതിരുന്ന ചില മേഖലകളിലും പുതിയതായും, മുമ്പ് ആക്രമണം റിപ്പോർട്ട് ചെയ്തിട്ടുള്ള മേഖലകളിൽ ആവർത്തിച്ചും വെള്ളീച്ചയുടെ ആക്രമണം ഈ സമയത്ത് കാണുന്നു. തെങ്ങോലകളുടെ അടിയിൽ പറ്റി ചേർന്നിരുന്ന നീരൂറ്റി കുടിക്കുന്ന ചാഴി വർഗ്ഗത്തിൽ പെട്ട വെള്ളീച്ച കോളനികളുടെ സാന്നിധ്യം തിരിച്ചറിയുന്നത് തെങ്ങോലകളുടെ മുകൾ ഭാഗത്ത് കരിംപൂപ്പൽ പ്രത്യക്ഷപ്പെടുമ്പോഴാണ്. ആക്രമണം രൂക്ഷമാണെങ്കിൽ ഓലകൾ ജീർണിച്ച് ഉണങ്ങും.ഓലകൾ മാത്രമല്ല ചിലപ്പോൾ തേങ്ങയുടെ മേലും ഇവയുടെ ആക്രമണം ഉണ്ടാകുന്നു. കൂടാതെ വാഴ, കപ്പ, മുളക്, പപ്പായ തുടങ്ങിയ സസ്യങ്ങൾ ഹെലിക്കോണിയ പോലുള്ള അലങ്കാര ചെടികൾ എന്നിവയിലും വെള്ളീച്ച കോളനികൾ കാണാം.

## നിയന്ത്രണം

- ചെറിയ തെങ്ങിൻ തൈകളിൽ ശക്തിയായി വെള്ളം ചീറ്റിച്ച് വെള്ളീച്ച കോളനികളെ തുരത്താം.
- തെങ്ങിൻ തൈകൾക്കും ഫലം നല്കുന്ന തെങ്ങുകൾക്കും ജലസേചനം, മികച്ച വളപ്രയോഗം എന്നിവ ഉറപ്പാക്കി വൃക്ഷങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുക.




- കീടങ്ങളെ നിയന്ത്രിക്കാൻ രാസ കീടനാശിനികൾ ഉപയോഗിക്കരുത്. അങ്ങിനെ ചെയ്താൽ പ്രകൃതിയിലുള്ള എൻകാർസിയ ഗുഡാലൂപ്പെ പോലുള്ള മിത്രകീടങ്ങൾ കൂടി നശിച്ചു പോകും. അതിനാൽ രാസ കീടനാശിനികൾ ഒഴിവാക്കി കൊണ്ടുള്ള മിത്ര കീട സൗഹൃദമായ പ്രതിരോധമാണ് അഭികാമ്യം.
- മഞ്ഞകാർഡ് കെണി, എൻകാർസിയ ഗുഡാലൂപ്പെ പോലുള്ള മിത്രകീടങ്ങളെ ഉപയോഗിച്ചുള്ള ജൈവ നിയന്ത്രണം 70 ശതമാനം കണ്ട് കീട നിയന്ത്രണം സാധ്യമാക്കും. 80 ശതമാനം മിത്ര കീടങ്ങളുടെ വർധനവും.
- ലിയോക്രീനൂസ് നീൽഗിരിയാനൂസ് എന്ന ഇനം തേനീച്ചയുടെ കോളനികളെ വളർത്തിയാൽ അത് വെള്ളീച്ചകളെ തുരത്തും.
- കൃഷിയിടത്തിലെ ജാഗ്രത്തായ നിരീക്ഷണം വെള്ളീച്ചകളുടെ ആക്രമണം യഥാ സമയം കണ്ടെത്തി നിയന്ത്രണ ഉപാധികൾ സ്വീകരിക്കാൻ ഉപകരിക്കും.

## ബൊണ്ടാരി വെള്ളീച്ച

സാധാരണ കണ്ടുവരുന്ന പിരിയൻ വെള്ളീച്ച കൂടാതെ രണ്ടു പുതിയ ഇനം വെള്ളീച്ചകൾ കൂടി തെങ്ങിന്റെ ശത്രു പക്ഷത്ത് വന്നിരിക്കുന്നു. ബൊണ്ടാരി വെള്ളീച്ചകൾ എന്നാണ് ഇവ അറിയപ്പെടുന്നത്. പരാലെയ്റോഡ്സ് ബൊണ്ടാരി, പരാലെയ്റോഡ്സ് മിനെയ് എന്നിവയാണ് അവ. പിരിയൻ വെള്ളീച്ചയ്ക്ക് 2.5 മില്ലി മീറ്റർ വലിപ്പമുള്ളപ്പോൾ ബൊണ്ടാരി വെള്ളീച്ചകൾക്ക് 1.1 മില്ലി മീറ്റർ മാത്രമാണ് വലിപ്പം. നീര് ഊറ്റുന്ന കൊമ്പുകൾ ഫൈബർഗ്ലാസ് നാരുപോലെയാണ്. പ്രായപൂർത്തിയായ ബൊണ്ടാരി വെള്ളീച്ചകൾ പക്ഷിക്കൂടു പോലുള്ള അറകൾ നിർമ്മിച്ച് അവയിൽ അടയിരിക്കുകയും ആ അറകൾ നിലനിർത്തുകയും ചെയ്യുന്നു. പരാലെയ്റോഡ്സ് ബൊണ്ടാരികൾക്ക് ചിറകിൽ ഇംഗ്ലീഷിലെ എക്സ് ആകൃതിയിലുള്ള കറുത്ത അടയാളവും ദണ്ഡ് പോലെ വളരെ സൂക്ഷ്മമായ രണ്ടു പുരുഷ ലൈംഗികാവയവങ്ങളും ഉണ്ടായിരിക്കും. പരാലെയ്റോഡ്സ് മിനെയ്ക്ക് ചിറകിൽ ഈ അടയാളം ഇല്ല.എന്നാൽ കോഴിപ്പൂ പോലുള്ള ലൈംഗികാവയവം ഉണ്ട്.

## നിയന്ത്രണം

- പിരിയൻ വെള്ളീച്ചയെ നിന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ തന്നെ ബൊണ്ടാരി വെള്ളീച്ചയ്ക്കും അവലംബിക്കാം.
- ചെറിയ തെങ്ങിൻ തൈകളിൽ ശക്തിയായി വെള്ളം ചീറ്റിച്ച് വെള്ളീച്ച കോളനികളെ തുരത്താം.
- തെങ്ങിൻ തൈകൾക്കും ഫലം നല്കുന്ന തെങ്ങുകൾക്കും ജലസേചനം, മികച്ച വളപ്രയോഗം എന്നിവ ഉറപ്പാക്കി വൃക്ഷങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുക.
- സൈബോസെഫാലസ് ഇനത്തിൽ പെട്ട പരാദ ജീവികളെ ഉപയോഗിച്ച് കീടനാശിനി ഒഴിവാക്കി ജൈവ നിയന്ത്രണം സാധ്യമാണ്.

## ഇലപ്പുള്ളി രോഗം

തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഈറോഡ്,ഡിണ്ടിഗൽ, തിരുനൽവേലി, കന്യാകുമാരി ജില്ലകളില്‍ അടുത്ത കാലത്തായി കണ്ടു വരുന്ന കുമിൾ ജന്യ രോഗമാണിത്. ഈ രോഗാണു ഇലകൾക്കും തേങ്ങയ്ക്കും വൻ നാശം വരുത്തുന്നു. ഏറ്റവും പുറം നിരയിലുള്ള പ്രായമായ മൂന്നു നാല് ഓലകളിലാണ് രോഗം പ്രത്യക്ഷപ്പെടുക. ഓലകൾ പെട്ടെന്ന് ഉണങ്ങി തൂങ്ങി കിടക്കുക, തേങ്ങ പൊഴിയുക തുടങ്ങിയവയാണ് ലക്ഷണം. തവിട്ടു നിറത്തിൽ ഇംഗ്ലീഷിലെ തലതിരിഞ്ഞ വി ആകൃതിയിലാണ് ഓലകളിൽ മഞ്ഞപ്പുള്ളി പ്രത്യക്ഷമാകുകയും ഇവ പിന്നീട് തവിട്ടു കലവർന്ന വെള്ള നിറം കൈക്കൊള്ളുകയും ചെയ്യും. പെട്ടെന്നു കണ്ടാൽ വരൾച്ച മൂലം ഉണക്കു ബാധിച്ചതായി തോന്നാം. ക്രമേണ ഈ പൊട്ടുകൾ വലിയ പുള്ളികളായി ഓല കരിഞ്ഞ് പോകുകയും ചെയ്യും. രോഗാണുക്കൾ ഓലമടലുകളെ ബാധിച്ച് അതിലൂടെ തെങ്ങിന്റെ തടിയിലേയ്ക്കു വ്യാപിക്കാൻ സാധ്യതയുണ്ട്. മരിച്ച കോശങ്ങൾ തെങ്ങിൻ തടിയിൽ വിള്ളലുകൾക്കു കാരണമാവുകയും, തുടർന്ന് ആ മുറിവിലൂടെ തവിട്ടു നിറത്തിലുള്ള കറ ഒലിച്ചിറങ്ങുകയും ചെയ്യും. മച്ചിങ്ങകളിൽ മോടത്തോടു ചേർന്ന് കറുത്ത തടിപ്പുകൾ പ്രത്യക്ഷപ്പെടും. മൂപ്പ് എത്താറായതും മൂപ്പ് എത്തിയതുമായ തേങ്ങകളിൽ രോഗാണുക്കൾ കടന്നാൽ ബാഹ്യ ലക്ഷണം ഒന്നും ഇല്ലാതെ അവ നാളികേരത്തിനുള്ളിൽ കാമ്പിനെയാണ് ബാധിക്കുക. രോഗം ബാധിച്ച നാളികേരം വെള്ളം ഇല്ലാതെ ചുരുങ്ങി ആകൃതി നഷ്ടപ്പെട്ട് മൂപ്പെത്താതെ കൊഴിഞ്ഞു പോകുന്നു. ഇത്തരത്തിൽ ഈ രോഗം 10 ശതമാനം മുതൽ 25 ശതമാനം വരെ വിള നഷ്ടത്തിനും കാരണമാകുന്നു.



## നിയന്ത്രണം

- രോഗബാധയുള്ള തെങ്ങിൻ ചുവട്ടിൽ ട്രൈക്കോഡർമ്മ ചേർത്ത 5 കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. ഒപ്പം മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ തെങ്ങിന് ആവശ്യമായ പോഷകങ്ങളും നല്കുക.
- അനുയോജ്യമായ ജലസേചനം, ജല മണ്ണു സംരക്ഷണ ഉപാധികൾ എന്നിവയും ശിപാർശ ചെയ്യുന്നു.
- രണ്ടു ശതമാനം വീര്യമുള്ള ഹെക്സാകൊണാസോൾ (തെങ്ങ് ഒന്നിനു 100 മില്ലി എന്ന തോതിൽ) വർഷം മൂന്നു പ്രാവശ്യം വേരിൽ കൂടി നല്കണം.

കാലാവസ്ഥയിലെ പെട്ടെന്നുള്ള വ്യതിയാനങ്ങൾ മൂലം നാളികേര മേഖലയിൽ രോഗകീടങ്ങളുടെ എണ്ണം പെരുകുന്നത് വളരെ നിർണായകമാണ്. രോഗം പടരുന്ന സാഹചര്യമുണ്ടായാൽ കൃത്യ സമയങ്ങളിലുള്ള നിയന്ത്രണ ഉപാധികളിലൂടെയും അവശ്യാധിഷ്ഠിത വളപ്രയോഗത്തിലൂടെയും മാത്രമെ രോഗ വ്യാപനത്തിന്റെ രൂക്ഷതയെ ചെറുത്ത് നാളികേരത്തെ സംരക്ഷിക്കാനും വൃക്ഷങ്ങളുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുകയുള്ളു. ■

*തയ്യാറാക്കിയത് : സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്*
*ജോസഫ് രാജ്കുമാർ, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

കേരളത്തിലെ കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ 2022 ഫെബ്രുവരിയിൽ വെളിച്ചെണ്ണ വിലയിൽ പൊതുവെ സമ്മിശ്ര പ്രവണതയാണ് ദൃശ്യമായത്. കൊച്ചിയിലും, ആലപ്പുഴയിലും കോഴിക്കോട്ടും ക്വിന്റലിന് 15700 രൂപയ്ക്കാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 15400 രൂപയ്ക്കും കോഴിക്കോട്ട് 15800 രൂപയ്ക്കും വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 300 രൂപ വീതം നഷ്ടവും കോഴിക്കോട്ട് ക്വിന്റലിന് 100 രൂപ നേട്ടവും രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ ക്വിന്റലിന് 13200 രൂപയ്ക്കാരംഭിച്ച വെളിച്ചണ്ണ വ്യാപാരം മാസാവസാനം ക്വിന്റലിന് 13533 രൂപയിൽ ക്ലോസ് ചെയ്തു. നേട്ടം ക്വിന്റലിന് 333 രൂപ. 2022 ഫെപ്രുവരി മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.02.2022 | 15700 | 15700 | 15700 | 13200 |
| 05.02.2022 | 15700 | 15700 | 15700 | 12867 |
| 12.02.2022 | 15700 | 15700 | 15800 | 12800 |
| 19.02.2022 | 15600 | 15700 | 15800 | 12933 |
| 26.02.2022 | 15400 | 15400 | 15800 | 13067 |
| 28.02.2022 | 15400 | 15400 | 15800 | 13533 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

കോഴിക്കോട് വിപണിയിൽ 2022 ഫെബ്രുവരി മാസത്തിൽ രാജാപൂർ കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 16700 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം ക്വിന്റലിന് 16800 രൂപയ്ക്ക് ക്ലോസ് ചെയ്തു. നേട്ടം ക്വിന്റലിന് 100 രൂപ. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.02.2022 | 16700 |
| 05.02.2022 | 16800 |
| 12.02.2022 | 17100 |
| 19.02.2022 | 16650 |
| 26.02.2022 | 16700 |
| 28.02.2022 | 16800 |

**ആട്ടുകൊപ്ര**

കേരളത്തിലെ കൊച്ചി വിപണിയിൽ 2022 ഫെബ്രുവരി മാസം ആട്ടു കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 9300 രൂപയ്ക്കും, ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 9250 രൂപയ്ക്കും കോഴിക്കോട്ട് 9600 രൂപയ്ക്കുമാണ് ആരംഭിച്ചത്. മാസാവസാനം കൊച്ചിയിൽ ക്വിന്റലിന് 9200 രൂപയ്ക്കും ആലപ്പുഴയിൽ 9100 രൂപയ്ക്കും കോഴിക്കോട്ട് 9350 രൂപയ്ക്കും വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചിയിൽ ക്വിന്റലിന് 100 രൂപയുടെയും ആലപ്പുഴയിൽ 150 രൂപയുടെയും കോഴിക്കോട്ട് 250 രൂപയുടെയും വീതം നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 9000 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, മാസാവസാനം ക്വിന്റലിന് 8900 രൂപയ്ക്കു വിപണി ക്ലോസ് ചെയ്തപ്പോൾ, ക്വിന്റലിന് 100 രൂപ നഷ്ടം രേഖപ്പെടുത്തി.

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.02.2022 | 9300 | 9250 | 9600 | 9000 |
| 05.02.2022 | 9300 | 9250 | 9500 | 8800 |
| 12.02.2022 | 9300 | 9250 | 9500 | 8600 |
| 19.02.2022 | 9200 | 9250 | 9400 | 8700 |
| 26.02.2022 | 9200 | 9100 | 9350 | 8600 |
| 28.02.2022 | 9200 | 9100 | 9350 | 8900 |

**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2022 ഫെബ്രുവരി മാസത്തിൽ ഉണ്ടക്കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 17200 രൂപയിൽ ആരംഭിച്ചു. 2022 ഫെബ്രുവരി 19 മുതൽ 28 വരെയുള്ള വ്യാപാരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ ::



പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.02.2022 | 17200 |
| 05.02.2022 | 17200 |
| 12.02.2022 | 17300 |
| 19.02.2022 | NR* |
| 26.02.2022 | NR |
| 28.02.2022 | NR |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ 2022 ഫെബ്രുവരി മാസത്തിൽ ക്വിന്റലിന് 14900 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം 13000 രൂപയിൽ ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 1900 രൂപ. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.02.2022 | 14900 |
| 05.02.2022 | 14900 |
| 12.02.2022 | 14900 |
| 19.02.2022 | 14900 |
| 26.02.2022 | 13000 |
| 28.02.2022 | 13000 |

**നാളികേരം**

കേരളത്തിലെ നെടുമങ്ങാട് വിപണിയിൽ 2022 ഫെബ്രുവരിയിൽ പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 16000 രൂപയിൽ ആരംഭിച്ച് മാസാവസാനം അതെ നിരക്കിൽ തന്നെ അവസാനിച്ചു. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ ടണ്ണിന് 27000 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം 500 രൂപ നഷ്ടത്തിൽ 26500 ന് ക്ലോസ് ചെയ്തു. കർണാടകത്തിലെ ബാംഗളൂർ വിപണിയിൽ കഴിഞ്ഞ മാസം പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 20000 രൂപയിൽ ആരംഭിച്ച് മാസാവസാനം 17500 രൂപയക്കാണ് ക്ലോസ് ചെയ്തത്. നഷ്ടം ആയിരത്തിന് 2500 രൂപ. മംഗലാപുരം വിപണിയിൽ 2022 ഫെബ്രുവരി മാസം നടന്ന പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 32000 രൂപയിൽ ആരംഭിച്ച് മാസാവസാനം അതെ വിലയിൽ തന്നെ ക്ലോസ് ചെയ്തു. പച്ചതേങ്ങ വ്യാപാരത്തിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ:

പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ

| | നെടുമങ്ങാട് (ആയിരത്തിന്)[1] | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)[2] | ബംഗളുരു ഗ്രേഡ് 1 (ആയിരത്തിന്)3 | മാംഗ്ലൂർ, ബ്ലാക്ക് കോക്കനട്ട് (മെട്രിക് ടണ്ണിന്)[2] |
|---|---|---|---|---|
| 01.02.2022 | 16000 | 27000 | 20000 | 32000 |
| 05.02.2022 | 16000 | 26500 | 20000 | 32000 |
| 12.02.2022 | 16000 | 26000 | 17500 | 30000 |
| 19.02.2022 | 16000 | 26500 | 17500 | 30000 |
| 26.02.2022 | 16000 | 26500 | 17500 | 32000 |
| 28.02.2022 | 16000 | 26500 | 17500 | 32000 |

[1]Source: Epaper, Kerala Kaumudi, 2 Star market bulletin, *** Krishimarata vahini

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

പ്രധാന വെളിച്ചെണ്ണ ഉൽപാദക രാജ്യങ്ങളിലെ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ വെളിച്ചെണ്ണയുടെ കഴിഞ്ഞ മാസത്തെ അന്താരാഷ്ട്ര ആഭ്യന്തര വില നിലവാരം പട്ടിക 7 ൽ:

പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
|---|---|---|---|---|---|
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 05.02.2022 | 2166 | NR | NR | 3111 | 1704 |
| 12.02.2022 | 2228 | NR | NR | NR | 1696 |
| 19.02.2022 | 2077 | NR | NR | NR | 1713 |
| 26.02.2022 | NR | NR | NR | NR | 1731 |

**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ 2022 ഫെബ്രുവരി മാസം രേഖപ്പെടുത്തിയ നാളികേരത്തിന്റെ വില നിലവാരം പട്ടിക 8 ൽ :

പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 05.02.2022 | 236 | 222 | 296 | 351 |
| 12.02.2022 | 237 | 209 | NR | 344 |
| 19.02.2022 | 236 | 225 | NR | 351 |
| 26.02.2022 | NR | 270 | NR | 351 |

*പൊള്ളാച്ചി

**കൊപ്ര**

ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ നിന്നുള്ള കൊപ്ര വിലയുടെ വാരാന്ത്യ നിലവാരം പട്ടിക 9 ൽ :


പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 05.02.2022 | 1142 | 1031 | 1618 | 1166 |
| 12.02.2022 | 1127 | 1075 | NR | 1139 |
| 19.02.2022 | 1134 | 1081 | NR | 1153 |
| 26.02.2022 | NR | 1091 | NR | 1139 |

*കാങ്കയം

*NR - Not Reported*

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.





# വിഷു അട

### ആവശ്യമായ സാധനങ്ങൾ

- വറുത്ത അരിപ്പൊടി - 1 കപ്പ്
- ചൂടുവെള്ളം - ആവശ്യത്തിന്
- ഉപ്പ് - ആവശ്യത്തിന്
- വാഴയില - 5 കഷണം

### നിറയ്ക്കുന്നതിന്

- ചിരകിയ തേങ്ങ - 1 കപ്പ്
- പൊടിച്ച ശർക്കര - ഒരുണ്ടയുടെ പകുതി
- പൊടിച്ച ഏലക്ക - കാൽ കപ്പ്
- കിസ്മിസ് - 1 ടീസ്പൂൺ
- കശുവണ്ടി നുറുക്ക് -1 ടീസ്പൂൺ

### തയാറാക്കുന്ന വിധം

തേങ്ങയും, ശർക്കരയും, ഏലക്ക പൊടിയും, കശുവണ്ടി, കിസ്മിസ് എന്നിവയും കൈകൊണ്ട് നന്നായി തിരുമ്മി ചേർക്കുക. മിശ്രിതത്തിനു മയം വരുന്നതാണ് അതിന്റെ പാകം. അര ടേബിൾ സ്പൂൺ വെളിച്ചെണ്ണ വാഴയിലയിൽ കൈ കൊണ്ട് തേയ്ക്കുക.

ചപ്പാത്തിക്കു കുഴയ്ക്കുന്നതു പോലെ അരിപ്പൊടിയും ഉപ്പും ചൂടുവെള്ളവും ചേർത്ത് മാവുണ്ടാക്കുക. വെള്ളം അധികമാകരുത്. ഈ മാവ് ഏകദേശം 40 ഗ്രാം അളവിൽ എണ്ണ തേച്ച ഇലയുടെ നടുവിൽ വച്ച് രണ്ടു വശങ്ങളിലേയ്ക്കും പരത്തുക. ഇതിലേയ്ക്ക് ശർക്കര തേങ്ങാ മിശ്രിതം കുറച്ച് എടുത്ത് വച്ച് വിരലുകൾ കൊണ്ട് പരത്തിയ ശേഷം ഇല മടക്കുക. ഇലയുടെ രണ്ട് അറ്റവും ഒന്നു കൂടി തിരിച്ചും മടക്കുക. ഈ അടകൾ സ്റ്റീം കുക്കറിൽ പത്തു മിനിറ്റ് ആവിയിൽ വേവിച്ചെടുക്കുക. ഇത് ചൂടോടെയും തണുത്ത് കഴിഞ്ഞും വിളമ്പാം.

കടപ്പാട്: FLORA



# നാളികേര വികസന ബോർഡ്

ചെയർമാൻ
ശ്രീ. രാജ്ബീർ സിംഗ് ഐഎഫ്എസ്
ഫോൺ : 0484 - 2375216

മുഖ്യ നാളികേര വികസന ഓഫീസർ
ശ്രീ. രാജീവ് ഭൂഷൺ പ്രസാദ് *(ഇൻ ചാർജ്)*
ഫോൺ: 0484 - 2375999

സെക്രട്ടറി
ശ്രീ. ആർ. മധു
ഫോൺ : 0484 - 2377737

Government of India,
Ministry of Agriculture and Farmer's Welfare
P.B. No.1012, Kera Bhavan, SRV Road
(Near SRV High School),
Kochi – 682 011, Kerala, India.
Email : kochi.cdb@gov.in
Website: https://www.coconutboard.gov.in
Office:0484-2376265, 2377267,
PABX : 2377266, 2376553, Fax:91 484-2377902

## മേഖലാ ഓഫീസുകൾ

**കർണ്ണാടകം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768
E-mail: ro-bnglr@coconutboard.gov.in

**ആസ്സാം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in

**തമിഴ്നാട്**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in

**ബീഹാർ**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in

## സ്റ്റേറ്റ് സെന്ററുകൾ

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in

**ആന്ധ്രാ പ്രദേശ്**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ഡോർ നമ്പർ.No.4-123, രജുള ബസാർ, രാമവാരപ്പാട് പി.ഒ, ന്യൂ സില പരിഷത്ത് ഹൈ സ്കൂൾ, വിജയവാഡ 521108, കൃഷ്ണ ജില്ല, ആന്ധ്രാപ്രദേശ്, ടെലി ഫാക്സ് : 0866 2972723
E-mail: sc-vijayawada@coconutboard.gov.in

**മഹാരാഷ്ട്ര**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്, ഗോഡ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in

**ഒഡീഷ**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in

**വെസ്റ്റ് ബംഗാൾ**
ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064.വെസ്റ്റ് ബംഗാൾ
ഫോൺ : (033) 23599674 ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in

**മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ**
ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ, നാളികേര വികസന ബോർഡ്, 120, ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092. ഫോൺ : (011) 22377805
ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in

**സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി**
ഡെപ്യൂട്ടി ഡയറക്ടർ, ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി,
നാളികേര വികസന ബോർഡ്, കീൻപുരം,
സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല.
പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in

**ഫീൽഡ് ഓഫീസ്, തിരുവനന്തപുരം**
ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പുടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : 8331869886 ഇ–മെയിൽ : f-vegiwada@coconutboard.gov.in

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 9957694242,
ഇ–മെയിൽ : f-abhayapuri@coconutboard.gov.in

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാൺഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in

**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സഖ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റൂം, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമാഥ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in

2022 മാർച്ച്
പുസ്തകം 13
ലക്കം 03
വില: 4 രൂപ

Registered No: KL/EKM/719/2021-23
**Licence No. KL/CR/EKM/WPP-21/2021-23**
**Licensed to Post Without Prepayment**
RNI No. KERMAL/2009/32819

**ഇന്ത്യൻ നാളികേര ജേണൽ**
**Date of Publication - 23/03/2022**



# 5 ലക്ഷം രൂപയുടെ
# അപകട ഇൻഷുറൻസ്
# വെറും
# 99 രൂപയ്ക്ക്

**ലഭിക്കുന്ന പരിരക്ഷ**
- മരണം
- അംഗവൈകല്യം
- അപകടാനുബന്ധ തൊഴിൽ നഷ്ടം
- ചികിത്സാ ചിലവുകൾക്ക് ആശ്വാസം

## ആർക്കെല്ലാം
## അംഗമാകാം ?

**തെങ്ങുകയറ്റ**
**നാളികേര വിളവെടുപ്പ്**
**നീര ഉൽപാദന**
**തൊഴിലാളികൾ**

## പ്രായപരിധി – 18 – 65

അപേക്ഷാ ഫാറത്തിന്
നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ്
www.coconutboard.gov.in സന്ദർശിക്കുക

# വരൂ...
# കേരസുരക്ഷ ഇൻഷുറൻസ്
# പദ്ധതിയിൽ അംഗമാകൂ

**നാളികേര വികസന ബോർഡ് സംരംഭം.**
**പങ്കാളി - ഒറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്**

## തെങ്ങുകയറ്റ തൊഴിലാളികൾക്കും
## നാളികേര വിളവെടുപ്പുകാർക്കും
## പ്രയോജനകരമായ
## അപകട ഇൻഷുറൻസ് പദ്ധതി

**മുൻകൂട്ടി ആലോചിക്കൂ**
**സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൂ**

**കൂടുതൽ വിവരങ്ങൾക്ക്**
**ദയവായി ബന്ധപ്പെടുക**
**0484 2377266 (എക്സ്റ്റൻഷൻ 255)**
**നാളികേര വികസന ബോർഡ്,**
**കേരഭവൻ**
**എസ് ആർ വി റോഡ്, കൊച്ചി – 11**

Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30
and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer's Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.